Reg. No. C. 101, M. 2293

ST. MARY'S G.H. SCHOOL

ഒററപ്രതിക്കു 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 || 1127 കന്നി 10 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1951 സെപ്റ്റംബർ 26 || ലക്കം 7

## നമുക്കു വേണ്ട

(റവ. ഒ. മാത്യു എം. എ., കരാഞ്ചിറ)

കത്തോലിക്കാ സഹോദരന്മാരേ, നിങ്ങൾക്കറിയാമോ നമ്മൾ ആരാണെന്നു്? നമ്മുടെ പൂർവ്വമഹിമയെന്തെന്നു? നിങ്ങൾ അഭ്യസ്തവിദ്യരല്ലേ? ചരിത്രപുസ്തകം കൈയിലെടുക്കൂ, തുറന്നു വായിക്കൂ അവിടെ നിങ്ങൾ എന്തുകാണുന്നു? രക്തലിപികളിൽ എഴുതപ്പെട്ടിട്ടുള്ള സുദീർഘങ്ങളായ നിരവധി അദ്ധ്യായങ്ങളിൽ നിങ്ങൾ എന്തു കാണുന്നു? സമരം, ത്യാഗം, സേവനം, മരണം. അതാണവിടെ കാണുന്നതു്. നമ്മുടെ വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി നാം വീരോടെ അടരാടി. പാഷണ്ഡപ്രസ്ഥാനങ്ങളെ

ഘോരഖഡ്ഗം ഉയർത്തിപ്പിടിച്ചുനിന്ന യോദ്ധാവിനോടു് "ഞാൻ എന്റെ താടിമീശ മാററിവെക്കട്ടെ, അതു രാജ്യദ്രോഹം പ്രവർത്തിച്ചിട്ടില്ലല്ലോ" എന്നു പറഞ്ഞ സർ തോമസ് മൂറിന്റെ പിൻഗാമികളാണു നാം. സ്ത്രീലമ്പടനായ ഒരു ഹെൻറി എട്ടാമന്റെ പേക്കൂത്തുകൾ

യും പണക്കൊതിയന്മാരായ ഈജിപ്റ്റിലെ രാജാക്കന്മാരുടെ ദുർഭരണത്തെയും പററിയുള്ള അദ്ധ്യായങ്ങൾ ഇനിയും ആവർത്തിക്കപ്പെടാതിരിക്കുന്നതിനു് നാം കിണഞ്ഞു ശ്രമിച്ചിട്ടില്ലേ? അഗസ്റ്റിൻ, അക്വിനാസ് തുടങ്ങിയ താത്വികന്മാരും, മൈക്കൽ ആൻജലൊ, ലിയൊനാ

സംഭ്രമിപ്പിച്ചിട്ടുള്ള കുരിശു്, സൈന്യങ്ങളെ മരവിപ്പിച്ചിട്ടുള്ള കുരിശു്, അതാണു് നമ്മുടെ ആയുധം. അഴിമതിക്കെതിരായി നാം അവശ്യം അണിനിരക്കണം. നാം ഏകസ്വരത്തിൽ ഉൽഘോഷിക്കണം "കമ്മ്യൂണിസം നമുക്കു വേണ്ട" എന്നു്.

വേണ്ട. കമ്മ്യൂണിസം നമുക്കു വേണ്ട വേണ്ട. രാജ്യത്തിനകത്തു് കുഴപ്പങ്ങൾ അഴിച്ചുവിട്ടുകൊണ്ടു്, സാമുദായികവിദ്വേഷം കുത്തിവെച്ചുകൊണ്ടു് മുതലെടുക്കുവാൻ ഒരുങ്ങിനില്ക്കുന്ന കമ്മ്യൂണിസം നമുക്കു വേണ്ട. അക്രമത്താലും




കോതമംഗലത്തു ധർമ്മഗിരിയിലെ "ദി മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്" എന്ന സന്യാസസമൂഹത്തിൽപ്പെട്ട അർത്ഥിനികൾക്കു് സെപ്റ്റംബർ 16-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് സഭാവസ്ത്രം പ്രദാനംചെയ്തതിനെത്തുടർന്നു് എടുത്ത ഫോട്ടോ.

എതിരിടുന്നതിനും നാസ്തികന്മാരെ നേരിടുന്നതിനുംവേണ്ടി നമ്മുടെ പൂർവ്വികർ അവസാനംവരെ രക്തം ചിന്തി. കുപ്പക്കുഴിയും ജയിൽവാസവും നമുക്കു സുപരിചിതങ്ങളാണു്. ശിരച്ഛേദവും കൂട്ടക്കൊലയും നാം സഹിച്ചിട്ടുണ്ടു്. എന്നിട്ടാണോ നാം ഇനി ഭയപ്പെടുന്നതു്? നാം ആരെ ഭയപ്പെടും? അക്രമവും അനീതിയും അഴിമതിയും അഴിച്ചുവിടാൻ തക്കവും തരവും നോക്കിനില്ക്കുന്ന ഒരു പ്രസ്ഥാനത്തെയും നാം അനുവദിക്കയില്ല, വഴങ്ങിക്കൊടുക്കുകയില്ല.

"നരകശക്തികൾ അതിനുനേരെ പ്രബലപ്പെടുകയില്ല" എന്നു പറഞ്ഞിട്ടുള്ളതു് നമ്മുടെ മതത്തെപ്പററിയല്ലേ? കടുകോളവും ആ വാഗ്ദാനത്തിൽനിന്നു് വ്യതിചലിച്ചിട്ടുള്ളതായി ചരിത്രത്തിൽ ഒരുദാഹരണമെങ്കിലും എടുത്തു കാണിക്കുവാൻ നിങ്ങൾക്കു കഴിയുമോ? ആ വാഗ്ദാനത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ടല്ലേ നമ്മുടെ രക്തസാക്ഷികൾ ധൈര്യത്തോടെ മരണം കൈവരിച്ചതു്?

നീതിയുക്തമെന്നു് സമ്മതിച്ചുകൊടുക്കാത്തതുകൊണ്ടു് മൂറും കുടുംബാംഗങ്ങളും മരണം വരിക്കേണ്ടിവന്നതു നിങ്ങൾ കണ്ടില്ലേ? സേവനമാകുന്ന ബലിപീഠത്തിന്മേൽ ത്യാഗമാകുന്ന ആയുധത്താൽ മുറിവേല്പിക്കപ്പെട്ട സ്വന്തജീവനെ ആഹുതിചെയ്തിട്ടുള്ള വീരപുരുഷന്മാരുടെ പിൻഗാമികളാണു് നമ്മൾ. വിഷയാസക്തന്മാരുടെ പ്രലോഭനങ്ങൾക്കു് വഴിപ്പെടാതെ ചാരിത്രം സംരക്ഷിച്ചു് സംതൃപ്തിയോടുകൂടി മരണംവരിച്ച വിശുദ്ധ ഫിലോമിന തുടങ്ങിയ വിരക്തണികളുടെ അനന്തരഗാമികളാണു് നമ്മൾ. പൗരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ നാം എപ്പോഴെങ്കിലും പിന്നോക്കമായിരുന്നോ? "രാജാക്കന്മാരുടെ ദൈവികമായ അവകാശം" (Divine Right of Kings) എന്നു വാദിച്ചുകൊണ്ടിരുന്ന ഏകാധിപതികളെ സ്ഥാനഭ്രഷ്ടരാക്കി യഥാർത്ഥമായ ഒരു പ്രജായത്തഭരണം സ്ഥാപിക്കുന്നതിനു് നാം ഉത്സുകരോടെ പടവെട്ടിയില്ലേ? സാറിസ്റ്റു് റഷ്യയേ

ർഡൊ തുടങ്ങിയ കലാവിദഗ്ദ്ധന്മാരും എണ്ണിയാൽ എണ്ണം തീരാത്തരീതിയിൽ അത്രയധികമായി അണിനിരന്നുനില്ക്കുന്ന കവികളും ശാസ്ത്രജ്ഞന്മാരും ഡോക്ടർമാരും നമ്മുടെയല്ലേ? എന്നിട്ടും അവർ പറയുന്നു, നമ്മൾ "പന്തിരിപ്പ"ന്മാരാണെന്നു; കമ്മ്യൂണിസ്റ്റുകാർ പറയുന്നു, നമ്മൾ "പിന്തിരിപ്പൻ മൂരാച്ചി"കളാണെന്നു്. മാത്രമോ? അവർ നമ്മളെ എല്ലായിടത്തും എതിർക്കുന്നു.

ഇതെല്ലാം കണ്ടു് നാം അടങ്ങിയിരിക്കയാണോ? നമ്മുടെ സുഖസുഷുപ്തിയിൽനിന്നു് ഉണരേണ്ട സമയമായില്ലേ? വേണം, നാം ഉണരണം. അതാ കേൾക്കുന്നു ഒരു കാഹളധ്വനി. പടിഞ്ഞാറുനിന്നു്, റോമിൽനിന്നു്, നമ്മുടെ പിതാവുതന്നെയാണു് ആ കാഹളധ്വനി പുറപ്പെടുവിച്ചതു്. ഉണരുക. കണ്ണു തിരുമ്മി പുറത്തേക്കു വരൂ! അരയും തലയും മുറുക്കി മുമ്പോട്ടു വരൂ. അവിടെ നമുക്കു പലതും ചെയ്യേണ്ടതുണ്ടു്. നമ്മുടെ ആയുധമോ? കുരിശു്. ചക്രവർത്തിമാരെ

അനീതിയാലും രാജ്യം കിടന്നു നരകിക്കുമ്പോൾ കൊറിയായിലെപ്പോലെ ആയിരമായിരം ശവശരീരങ്ങൾ അനുനിമിഷമെന്നോണം മർദ്ദിച്ചുവരുമ്പോൾ ആ കാഴ്ചകണ്ടു് കങ്കാളനൃത്തംചെയ്യുന്നതിനൊരുങ്ങുന്ന കമ്മ്യൂണിസം നമുക്കു വേണ്ട. പൗരസ്വാതന്ത്ര്യത്തെപ്പററി നെടുനീളൻ പ്രസംഗങ്ങൾ തട്ടിമൂളിക്കുന്നതോടൊപ്പംതന്നെ പൗരന്മാരെ തട്ടിയുരുട്ടി സ്വേച്ഛാധിപത്യത്തിനു അടിയറവയ്ക്കുന്ന കമ്മ്യൂണിസം നമുക്കു വേണ്ട. റഷ്യയിലുള്ളതുപോലെ നേതാവിനെ കാണുമ്പോൾ സല്യൂട്ടു് ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമേ സ്വാതന്ത്ര്യമായുള്ളു എന്നു വരുത്തിക്കൂട്ടുന്ന കമ്മ്യൂണിസം നമുക്കു വേണ്ട. ചാരിത്രമെന്നതിനെ പൊട്ടിമരുന്നുപോലെ കണക്കാക്കി വിഷയാസക്തന്മാർക്കു ആദായവിലയ്ക്കു വില്ക്കുന്ന കമ്മ്യൂണിസം നമുക്കു വേണ്ട. പിതൃപുത്രബന്ധം വെറും സങ്കല്പംമാത്രമാണെന്നു് ജല്പിക്കുന്ന കമ്മ്യൂണിസം നമുക്കു വേണ്ട. പ്രവർത്തനസ്വാതന്ത്ര്യത്തെ ചുരുട്ടിക്കൂട്ടി രഹ

ഏകാങ്കി

# അഡ്വഞ്ചറിസം

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

## രംഗം 1

[പട്ടണത്തിന്റെ ഒഴിഞ്ഞൊരു കോണിലുള്ള ഒരു രണ്ടുനിലക്കെട്ടിടത്തിൽ രണ്ടാംനിലയിലെ ഒരു മുറി. മുറിയുടെ മദ്ധ്യത്തിൽ ഒരു മേശയും ചുററും നാലഞ്ചു കസേരകളും കിടക്കുന്നു. ബീഡിയും സിഗരററും കണക്കില്ലാതെ എരിഞ്ഞതിന്റെ ചാരം മേശപ്പുറത്തും തറയിലും പരന്നിട്ടുണ്ട്. കണ്ടമാനം മഷി കുടഞ്ഞു വൃത്തികേടാക്കിയ പാടുകളും തെളിഞ്ഞു കാണുന്നുണ്ട്. ഒരു മൂലയിൽ വലിയൊരു കടലാസുകൂന കാണാം. പുസ്തകങ്ങളും പത്രങ്ങളും ലഘുലേഖകളുംമററും വാരിക്കൂട്ടിയിരിക്കയാണവിടെ.

ഭിത്തിന്മേൽ ഒരു ക്ലോക്ക് ഘടിപ്പിച്ചിട്ടുണ്ട്. സമയം രാത്രി പത്തുമണി.

മേശയ്ക്കരികിൽ പ്രധാനവാതിലിന്നഭിമുഖമായി ഒരാൾ എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. അതു ടോം ആണ്. മുപ്പത്തഞ്ചു വയസ്സു പ്രായം. ഇരുണ്ട നിറം. മെലിഞ്ഞ ശരീരം. ഒരു നേതാവിനൊത്ത ഘനഗാംഭീര്യങ്ങൾ മുഖത്തു സ്ഫുരിക്കുന്നുണ്ട്.

ടോം വായിക്കുന്നതിലേറെ ചിന്തിക്കയാണെന്നു തോന്നുന്നു. ചിന്തയുടെ കാഠിന്യംകൊണ്ട് അയാളുടെ നെററി ചുളിയുന്നതും പുരികം ചുളുങ്ങുന്നതും ചുണ്ടുകൾ വക്രിക്കുന്നതും വൈദ്യുതദീപപ്രകാശത്തിൽ വ്യക്തമായി കാണാം. ഇടയ്ക്കിടെ അയാൾ തലയിൽ അമർത്തിത്തിരുമ്മുകയും ചുരുണ്ടമുടി ബലമായി പുറകോട്ടു പിടിച്ചൊതുക്കുകയും മേൽമീശ തെരുപ്പിടിക്കയും ചെയ്യുന്നുണ്ട്.

ആ സമയത്ത് മറെറാരാൾ അങ്ങോട്ടു കടന്നുചെല്ലുന്നു. പി. എസ്. ആയിരുന്നു അത്. ഇരുപത്തഞ്ചു വയസ്സു പ്രായം. വെളുത്തു കൊലുന്നനെയുള്ള ദേഹം.

ടോം, അയാൾ സഞ്ചരിച്ചുകൊണ്ടിരുന്ന മൂടേറിയ ചിന്താസാഗരത്തിൽനിന്നു വേഗം കരകേറിയെന്നു തോന്നുമാറു, തെളിഞ്ഞ ഒരു പുഞ്ചിരികൊണ്ട് പി. എസ്സിനെ സ്വാഗതംചെയ്യുന്നു]

ടോം: ഞാൻ തനിച്ചിരുന്നു മുഷിയുകയായിരുന്നു. സഖാവു നേരത്തെ വരുമെന്നാണല്ലോ ദേവു പറഞ്ഞിരുന്നതു്. ഇത്ര വൈകിപ്പോയതു്?

പി. എസ്: സഖാവിനിന്നു് മറെറന്തോ പരിപാടി ഉണ്ടെന്നു കേട്ടതുകൊണ്ടു വളരെ താമസിച്ചേ ഇങ്ങെത്താൻ പാടുകയുള്ളല്ലോ എന്നു വിചാരിച്ചു. തന്നെയുമല്ല, ഈയിടെയായി ആഫീസിൽ വരുന്ന കാര്യം എനിക്കു കുറെ മടിയായിരിക്കുകയുമാണ്.

ടോം: സഖാവു പി. എസ്! താങ്കളെന്താണ് പറയുന്നതു്! പാർട്ടി പ്രവർത്തകർ ഏററവും കൂടുതൽ ഊർജ്ജിതവും ആവേശവും കാണിക്കേണ്ട ഇതുപോലെത്ര നിർണ്ണായകഘട്ടത്തിൽ നിങ്ങൾ ഈ മാതിരി പതറിച്ചയും ചാഞ്ചല്യവും തുടങ്ങിയാലോ?

പി. എസ്: എനിക്ക പാർട്ടിയോട്ട കൂറില്ലായ്കയോ പാർട്ടിബന്ധങ്ങളിൽ വഴക്കമില്ലായ്മയോ കൊണ്ടു പറയുന്നതല്ല

ടോം: പിന്നെ—!

പി. എസ്: പാർട്ടിയുടെ പുതിയ നിലപാടുകളോടൊത്തുപോകുവാൻ എനിക്ക നിവൃത്തിയില്ല

ടോം: എന്നുവെച്ചാൽ പാർട്ടിയുടെ മുന്നണിനേതൃത്വത്തെ താങ്കൾ എതിർക്കുന്നു എന്നല്ലേ?

പി. എസ്: എതിർപ്പില്ല.

ടോം: എങ്കിൽ തുറന്നുപറയൂ. നമുക്കു വസ്തുതകളെ സത്യനിഷ്ഠമായ നിലയിൽ വിശകലനംചെയ്യുനോക്കാം.

പി. എസ്: അതെ, സത്യനിഷ്ഠമായ ഒരു സമീപനംതന്നെയാണ് ഞാനും ആശിക്കുന്നതു്.

ടോം: സഖാവിന്റെ എതിർപ്പുകൾ വസ്തുനിഷ്ഠമല്ലാതെ വെറും തത്വനിഷ്ഠം മാത്രമാണെന്നു ഞാൻ കരുതട്ടെ!

പി. എസ്: എന്റെ എതിർപ്പുകൾ മൗലികമായും ആശയപരമാണ്. പരാർത്ഥനിഷ്ഠമല്ല.

ടോം: അപ്പോൾ അന്തർഭാവങ്ങളെയല്ല ബാഹ്യവിധാനങ്ങളെയാണ് താങ്കൾ സംശയദൃഷ്ട്യാ വീക്ഷിക്കുന്നതു് എന്നല്ലേ.

പി. എസ്: അങ്ങനെതന്നെ.

ടോം: എങ്കിൽ, ഒരു തുറന്ന സംഭാഷണംകൊണ്ടു നമുക്കു പരസ്പരം മനസ്സിലാക്കാനും പൊരുത്തപ്പെടുവാനും കഴിയുമെന്നാണ് എന്റെ വിശ്വാസം.

പി. എസ്: അതിനുവേണ്ടിത്തന്നെയാണ് ഇന്നു സഖാവിനെ കാണണമെന്നു ഞാൻ ആഗ്രഹിച്ചതു്.

ടോം: എനിക്കും സഖാവിനെ കാണുവാൻ വലിയ താല്പര്യമുണ്ടായിരുന്നു.

(ടോം സിഗരററുകെയ്സെടുത്തു പി. എസ്സിന്റെ മുമ്പിലേക്കു നീക്കിവയ്ക്കുന്നു. രണ്ടുപേരും ഓരോ സിഗരററു കൊളുത്തി നീട്ടിവലിച്ചു പുകവിടുന്നു.)

ടോം: ആവട്ടെ, സഖാവു് ഏററവും കൂടുതൽ വിയോജിക്കുന്ന പോയൻറു് ഏതാണ്?

പി. എസ്: പ്രധാനമായും പാർട്ടിയുടെ ഐക്യമുന്നണിപ്രമേയംതന്നെ. അതു് പാർട്ടിയെ ഒരു നൂററാണ്ടു പിന്നോട്ടു പിടിച്ചു തള്ളിയിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ആ അവിശുദ്ധമായ പിന്തിരിപ്പൻ കൂട്ടുകെട്ട് പാർട്ടിയുടെ വർഗ്ഗശുദ്ധിയെ കളങ്കപ്പെടുത്തുകയും സമരവീര്യത്തെ തണുപ്പിക്കുകയും ചെയ്യുമെന്നാണെന്റെ ഭയം.

ടോം: (പുകച്ചുരുളുകൾ നോക്കിരസിച്ചുകൊണ്ടു) അതു് നമ്മുടെ വെറുമൊരു തിരഞ്ഞെടുപ്പുതന്ത്രമാണെന്നു് സഖാവിനറിഞ്ഞുകൂടേ? മിതവാദികളേയും പുരോഗമനവിഭാഗങ്ങളേയും ഇടത്തരക്കാരേയുംകൂടി നമ്മുടെ അണികളിൽ പിടിച്ചുനിർത്തുവാൻവേണ്ടിയുള്ള ഒരു ചരടുവലി, അത്രമാത്രം.

പി. എസ്: അപ്പോൾ ബാലററുപെട്ടി പിടിച്ചെടുത്തു് സോഷ്യലിസം സ്ഥാപിച്ചുകളയാമെന്നാണോ നാം വ്യാമോഹിക്കുന്നതു്?

ടോം: ഒരിക്കലുമല്ല. ഡെമോക്രസിയിൽ നാം വിശ്വസിക്കുന്നില്ലെന്നുള്ളതു് നിതാന്തസത്യമല്ലേ! ബാലററുപെട്ടികൊണ്ടു സ്ഥാപിക്കാവുന്ന ഉട്ടോപ്യൻ സോഷ്യലിസത്തെക്കുറിച്ചു നമുക്ക വ്യാമോഹമില്ല.

പി. എസ്: എങ്കിൽ പിന്നെ, വഞ്ചിക്കപ്പെട്ട ജനായത്തവിപ്ലവം പൂർത്തിയാക്കണമെന്നും ബൂർഷ്വാ ക്യാപ്പിററലിസ്റ്റ് മുതലാളികളെ തുടച്ചുമാററി പരിപൂർണ്ണമായ ജനകീയജനാധിപത്യം പിടിച്ചുപററണമെന്നും നാം മുദ്രാവാക്യം മുഴക്കുന്നതെന്തിനു്?

ടോം: സഖാവു പി. എസ്സിനു് ആ ഭാഗം ഇനിയും വ്യക്തമായില്ലേ!! നമ്മുടെ ജനായത്തവാദം വെറും പൊള്ളയാണ്; പുറംപൂച്ചാണ്. ജനായത്തപ്രേമികളായ ബഹുജനങ്ങളെ സ്വാധീനപ്പെടുത്തുവാൻവേണ്ടിമാത്രം ജനായത്തത്തിന്റെ മൂടുപടവും ധരിച്ചുകൊണ്ടു നാം ജനമദ്ധ്യത്തിലേക്കിറങ്ങിയിരിക്കയാണ്. നമ്മുടെ അട്ടിമറിപ്പൻ ഭീകരപരിപാടി നാട്ടുകാർ വെറുക്കുന്നു എന്നുള്ള സത്യം നാം മറക്കരുതല്ലോ.

പി. എസ്: അപ്പോൾ, വിഭിന്നവർഗ്ഗസ്വഭാവക്കാരായ മിതവാദികളെയും അവസരവാദികളെയും എസ്റ്റേക്കപ്പിസ്റ്റുകളെയും വർഗ്ഗശത്രുക്കളെത്തന്നെയും ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഐക്യമുന്നണിയിൽ ഒട്ടേറെ ആന്തരികവൈരുദ്ധ്യങ്ങൾ ഉണ്ടായിരിക്കയില്ലേ? അതുമൂലം നാമിന്നു കാണുന്നതുപോലെ ഗ്രൂപ്പുകളും ക്ലിക്കുകളുംകൊണ്ടു പാർട്ടി ബലഹീനമായിപ്പോകയില്ലേ?

ടോം: തൽക്കാലം ചില ഇഷ്യൂവിന്മേലാണ് നാം യോജിക്കുന്നതു്.

പി. എസ്: പക്ഷെ യോജിക്കാത്ത ഇഷ്യൂസായിരിക്കയില്ലേ കൂടുതൽ?

ടോം: ഇതൊക്കെ തിരഞ്ഞെടുപ്പിനെ മാത്രം ഉദ്ദേശിച്ചുള്ള വെറും പ്രഹസനങ്ങളല്ലേ, സഖാവേ!

പി. എസ്: തിരഞ്ഞെടുപ്പുകഴിയുമ്പോൾ ഐക്യമുന്നണി തകരുകയാണെങ്കിൽ അഥവാ തകർക്കുകയാണെങ്കിൽ നിയമസഭകളിലെ പാർലമെൻററി പാർട്ടികളെ ആരു നിയന്ത്രിക്കും?

ടോം: അതു സ്വയം വിദമല്ലേ! ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതു നമ്മുടെ നേതൃത്വത്തിൽ. സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതിലും നമുക്കു വലുതായ കൈയുണ്ടായിരിക്കും. ആ സ്ഥിതിക്ക് പാർലമെൻററിപാർട്ടി നമ്മുടെ പോളിററുബ്യൂറോയുടെ പരിപൂർണ്ണനിയന്ത്രണത്തിനു വിധേയമായിരിക്കുമെന്നുള്ളതിലെന്താണു സംശയം?

പി. എസ്: നമുക്കതിനു ഭൂരിപക്ഷമുണ്ടായിരിക്കേണ്ടേ?

ടോം: വേണമെന്നില്ലല്ലോ. പ്രോലിറേററിയൻ സർവ്വാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്ന നമുക്കു ഭൂരിപക്ഷമല്ല പ്രമാണം. ഭൂരിപക്ഷത്തെ നാം നിയന്ത്രിക്കയല്ലാതെ, നമ്മെ ഭൂരിപക്ഷം നിയന്ത്രിക്കുന്നതിനു് നാം ഒരിക്കലും സമ്മതിക്കയില്ല. ചരിത്രവും അനുഭവങ്ങളും അതാണു പഠിപ്പിക്കുന്നതു്.

പി. എസ്: അപ്പോൾ ശാസ്ത്രീയമായി വിശകലനംചെയ്തു നോക്കിയാൽ നമ്മുടെ മാർഗ്ഗമേതാണ്? ലനിന്റെ ടെയിഡ്‌യൂണിയൻ മാർഗ്ഗമോ, മാവോയുടെ കിസാൻഗറില്ലാമാർഗ്ഗമോ, ട്രോഡ്സ്കിയുടെ അഡ്വഞ്ചറിസ്റ്റ്മാർഗ്ഗമോ ഏതാണു നമ്മുടെ മാർഗ്ഗം?

ടോം: ലനിനിസ്റ്റ്മാർഗ്ഗവും ചൈനിസ്റ്റ്മാർഗ്ഗവും ട്രോഡ്സ്കിയിസ്റ്റ്മാർഗ്ഗവും നമുക്കു സ്വീകാര്യമാണ്. പക്ഷേ അത്രത്തോളം ജനത പാകപ്പെട്ടുവരുംവരെ നമ്മുടേതായ മാർഗ്ഗങ്ങൾകൂടി നാം സ്വീകരിച്ചേ പററൂ. അതാണ് നാം പുറത്തുവിട്ടിരിക്കുന്ന ജനായത്തമാർഗ്ഗം.

പി. എസ്: സായുധസമരംകൊണ്ടു മാത്രമേ അന്തിമവിജയത്തിലെത്തുകയുള്ളു എന്നു വിശ്വസിക്കയും അതിനായി ജനതയെ ബോധപൂർവ്വം ഒരുക്കിയെടുക്കുവാൻ കിണഞ്ഞു പണിപ്പെടുകയും ചെയ്യുന്ന നാം, ജനായത്തമാർഗ്ഗങ്ങളിൽ ചരിച്ചാൽ അതു് ജനങ്ങളുടെ സമരവീര്യത്തെ തണുപ്പിച്ചുകളയുവാനായിരിക്കയില്ലേ?

ടോം: ജനായത്തമാർഗ്ഗം നമ്മുടെ ഒരു ഇലക്ഷൻ സ്റ്റണ്ടാണെന്നു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. മിതവാദികളടക്കമുള്ള എല്ലാം പുരോഗമനവിഭാഗങ്ങളുടേയും പിൻബലത്തോടെ നാം പാർലമെൻറിൽ കയറിപ്പററിയാൽ നമ്മുടെ നയം അപ്പോഴേ മാററുകയായി. ജനതയുടെ വർഗ്ഗബോധത്തെയും സമരവീര്യത്തെയും ഉത്തേജിപ്പിച്ചു്, പ്രോലിറേററിയൻ ഡിക്റ്റേററർഷിപ്പ്—എന്നുവച്ചാൽ നമ്മുടെ ഡിക്റ്റേററർഷിപ്പ് എന്ന ലക്ഷ്യത്തിലേക്കു് ജനതയെ അതിവേഗം നാം നയിക്കും. പക്ഷെ, സായുധവിപ്ലവത്തിന്റെ പശ്ചാത്തലം ഒരുക്കിയെടുക്കുന്നതിനും സമരവീര്യത്തിനു മൂർച്ച കൂട്ടുന്നതിനും കുറെ സമയം നമുക്കു് ആവശ്യമാണ്. ആ കാലഘട്ടംവരെ നാം ജനായത്തമാർഗ്ഗം ഉപയോഗിക്കും. അതാണ് നമ്മുടെ ചരിത്രപരമായ കടമ. ചൈനയിലേയും യൂ. എസ്. എസ്. ആറിലേയും സമരചരിത്രം അതാണ് നമുക്കു തരുന്ന പാഠം.

പി. എസ്: നമ്മുടെ രാജ്യം ഒരു സോഷ്യലിസ്റ്റ് വിപ്ലവത്തിനു പാകപ്പെട്ടിട്ടില്ല. അതുവരെ ജനായത്തമാർഗ്ഗങ്ങളിൽ ചരിച്ചു് ജനായത്തവിപ്ലവം പൂർത്തിയാക്കണം, എന്നല്ലേ സഖാവു പറഞ്ഞുവെച്ചതു്?

ടോം: തീർച്ചയായും, സഖാവു മനസ്സിലാക്കിയതുപോലെതന്നെ.

പി. എസ്: ഈ പുതിയ നിലപാടിന്റെ വെളിച്ചത്തിൽവച്ചു നോക്കിയാൽ പാടാറിൽ നാം നടത്തിയ ഭാഗികസമരം അകാലികവും അതിനാൽത്തന്നെ ബുദ്ധിശൂന്യവും ആത്മഹത്യാപരവുമായിരുന്നില്ലേ?

ടോം: അതു് തെററായ ഒരു ചുവടുവയ്പായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. വരികുന്നതുംകൊണ്ടു വലിയൊരാക്രമണം ജയിക്കാമെന്നു വ്യാമോഹിച്ചതു് ഒരു ഹിമാലയൻ തെററാണെന്നു് പാർട്ടി ഇന്നു മനസ്സിലാക്കുന്നുണ്ട്. വിമർശനസ്വയംവിമർശനങ്ങൾകൊണ്ടു് പാർട്ടി ആ തെററിൽനിന്നു വഴുതിമാറാൻ ശ്രമിക്കയാണിന്നു്.

പി. എസ്: അപ്പോൾ പാടാറിൽ നാം അഴിച്ചുവിട്ട സായുധസമരം, പാർട്ടിനേതൃത്വത്തിന്റെ പൊളിഞ്ഞു പാളിസായ പരാജയത്തെയല്ലേ, തുറന്നുകാണിക്കുന്നതു്?

ടോം: പാടാർസമരം ഒരു പരീക്ഷണം മാത്രമായിരുന്നു. സോഷ്യലിസ്റ്റ്‌വിപ്ലവത്തിനു ജനത എത്രത്തോളം പാകപ്പെട്ടിട്ടുണ്ട് എന്നറിയുവാൻവേണ്ടി നടത്തിയ ഒരു പ്രാരംഭടെസ്റ്റ്.

പി. എസ്: പക്ഷെ ആ ടെസ്റ്റിൽ ചത്തൊടുങ്ങിയ വർഗ്ഗബോധമുള്ള അനേകം തൊഴിലാളിസഖാക്കളുടെ ജീവനു് ആരാണുത്തരവാദികൾ?

ടോം: അതു് അനിവാര്യമാണ്. പല തെററുകളിൽക്കൂടെയല്ലേ, നാം അന്തിമമായ ശരിയിൽ ചെന്നെത്തുക.

പി. എസ്: എങ്കിലും ഇതു കുറെ കഠിനമാണ്. നേതൃത്വത്തിന്റെ വിചാരശൂന്യമായ നയവൈകല്യങ്ങളുടെപേരിൽ അനേകമനേകം മനുഷ്യജീവികൾ ആഹുതിചെയ്യപ്പെടുക! ശാസ്ത്രീയമായ മുൻനോട്ടവും വീണ്ടുവിചാരവുമില്ലാതെ ഇളക്കിവിടുന്ന തെററായ പരീക്ഷണങ്ങളുടെമുമ്പിൽ എണ്ണമററ മനുഷ്യജീവൻ കുരുതികഴിക്കുക!! ഇതു ഭയങ്കരമാണു സഖാവേ; ഒരു ഹ്യൂമനിസ്റ്റിനും ഇതു സഹിക്കുവാൻ സാദ്ധ്യമല്ല.

ടോം: നാം ഹ്യൂമനിസ്റ്റുകളെന്നതിലുപരി മാർക്സിസ്റ്റുകളാണെന്നു സഖാവു മനസ്സിലാക്കണം.

പി. എസ്: നാം ആരായിരുന്നാലും ഇതു പൊറുക്കാവതല്ല സഖാവേ. നമുക്കു പററിയ തെററുകൾ കടലാസും പേനയുമുണ്ടെങ്കിൽ തിരുത്തിയെഴുതാം. പക്ഷേ നമ്മുടെ തെററുകൾക്കുവേണ്ടി കുരുതികഴിക്കപ്പെട്ട മഹത്തായ ആ മനുഷ്യജീവിതങ്ങൾ ആർക്കു തിരുത്തി എഴുതാൻ കഴിയും!

ടോം: ചരിത്രത്തിന്റെ അവശ്യപരിണാമമാണതു്. യൂ. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസ്റ്റ്പരീക്ഷണം വിജയംവരിച്ചതിനിടയ്ക്ക് എത്ര കൂട്ടക്കൊലകൾ, കഴുത്തറുപ്പുകൾ, കൊള്ളിവെപ്പുകൾ, ചുട്ടുപൊട്ടിക്കലുകൾ നടന്നിട്ടുണ്ടെന്നു സഖാവു വായിച്ചിട്ടില്ലേ

പി. എസ്: പക്ഷേ, എനിക്കൊരു സംശയം; ഈ സോഷ്യലിസ്റ്റ്പരീക്ഷണങ്ങൾക്കിടയ്ക്ക് അപായപ്പെടുന്നതു് അധികവും പാവപ്പെട്ട തൊഴിലാളിസഖാക്കളാണല്ലോ. അവരെ നയിക്കുന്ന ബുദ്ധിജീവികളിൽ മിക്കപേരും ആ പരീക്ഷണത്തിന്റെ കൈപ്പുനിറഞ്ഞ അനുഭവങ്ങളിൽനിന്നു തെന്നിമാറുന്നതു ശരിയാണെന്നു തോന്നുന്നുണ്ടോ?

ടോം: അതാണ് പാർട്ടിയുടെ സമരനയം. മുന്നണിനേതാക്കന്മാർ പിന്നണിയിലും അണ്ടർഗ്രൗണ്ടിലും ഇരുന്നു് സമരാസക്തരായ ജനതയെ എന്തും ചെയ്യുവാനുള്ള ആവേശം നൽകി മുന്നോട്ടു തള്ളിവിടുക. സമരത്തിന്റെ ഗതിവിഗതികൾ വീക്ഷിച്ചുകൊണ്ടു് ബുദ്ധിജീവികൾ ഒഴിഞ്ഞുമാറിനിന്നു് സമരം നയിക്കുക. സമരം അവസാനിക്കുമ്പോൾ അതിൽനിന്നുള്ള പാഠങ്ങൾ ശരിക്കു നോക്കിക്കണ്ടു് അടുത്ത സമരത്തിനു് പ്രയോജനപ്പെടുത്തുക. അതാണ് നമ്മുടെ നയം.

പി. എസ്: പാർട്ടിയുടെ പുതിയ നിലപാടുകൾ എനിക്ക മനസ്സിലാകുന്നുണ്ടു്. ഇനിയും പലതും സംസാരിച്ചാൽ കൊള്ളാമെന്നുണ്ടു്.

ടോം: അതു് ഇനി ഒരവസരത്തിലേക്കു മാററിവയ്ക്കാം. കൂടാതെ സഖാവു പാർട്ടിക്ലാസുകളിൽ പതിവായി ഹാജരാകണം. പാർട്ടിപ്പോളിററിക്സ് കുറെയേറെ വശപ്പെടുത്തണം.

---

സ്വപ്ലോചിസിന്റെ കുപ്പായക്കീശയിലേക്ക് എറിഞ്ഞുകൊടുക്കുന്ന കമ്മ്യൂണിസം നമുക്ക വേണ്ട.

ഇതും ഇപ്രകാരമുള്ള വാക്യങ്ങളും നിങ്ങൾ ഉച്ചൈസ്തരം ഉൽഘോഷിക്കണം. അന്തരീക്ഷമങ്ങു മുഖരിതമാകട്ടെ. മാർപ്പാപ്പായുടെ ആ "ഡിക്രി"യിലല്ല, കമ്മ്യൂണിസവും കത്തോലിക്കാമതവും തമ്മിലുള്ള അകലം നിർണ്ണയംചെയ്യുന്ന ആ "ഡിക്രി", നെല്ലും പതിരും തിരിച്ചുതന്ന ആ "ഡിക്രി", അതു് നമുക്കൊരു വെല്ലുവിളിയാണ്. ഉറങ്ങിക്കിടക്കുന്ന നമ്മോടൊരാഹ്വാനമാണ്. ആദ്യക്ഷരങ്ങളിൽമാത്രമേ കമ്മ്യൂണിസവും കത്തോലിക്കാമതവും തമ്മിൽ സാമ്യമുള്ളു. ആശയങ്ങളിലും, ആദർശങ്ങളിലും, പരിപാടിയിലും പ്രവർത്തനത്തിലും അവ കടകവിരുദ്ധങ്ങളാണ്. അതുകൊണ്ടു് അണിയായിൽനിന്നു് നാം അരങ്ങേത്തക്കിറങ്ങണം. "ഇങ്ക്വിലാബ്" എന്നു കേൾക്കുമ്പോൾ "മുർദാബാദ്" എന്നു പറയുക മാത്രമല്ല നാം വേണ്ടതു്. പ്രവർത്തിക്കണം. അഹോരാത്രം പ്രവർത്തിക്കണം.

സമാധാനം കീ ജയ്!

പി. എസ്: അഭിപ്രായങ്ങൾ തുറന്ന ഹൃദയത്തോടെ പ്രകാശിപ്പിച്ചതിൽ തെററുധരിക്കയില്ലല്ലോ.

ടോം! ഇല്ല. അതുമൂലം നാം കുറേക്കൂടി അടുത്തിട്ടേയുള്ളു. സഖാവു് എന്തു തീരുമാനിച്ചു—ഇവിടെ കിടക്കുന്നോ പോകുന്നോ.

പി. എസ്: പോയേക്കാമെന്നുതന്നെ വച്ചു.

ടോം: എന്നാൽ, അങ്ങനെതന്നെ. ഇങ്കിലാബ്.

പി. എസ്: സിന്ദാബാദ്. (വെളിച്ചം അണയുന്നു.)

(രംഗം 2)

(മുൻരംഗത്തിലെ മുറിതന്നെ. സർവ്വത്ര ഇരുട്ടു്. ഇരുളിൽ, നിഴൽപോലെ ആരോ മാറുന്നതുപോലെ കാണുന്നു. "ഉം! ആരാണതു്!" ടോമിന്റെ സ്വരമാണതു്. പെട്ടെന്നു് ഒരു ചെറിയ വെളിച്ചം വീഴുന്നു. അതു് ടോമിന്റെ മുഖത്തുമാത്രം തെളിയുന്നു. ഭീതിയും ഉൽകണ്ഠയും നൈരാശ്യവും ആ മുഖത്തു വ്യക്തമായി കാണാം. പ്രകാശം ഒരു നിമിഷനേരത്തേക്കുമാത്രം. വീണ്ടും അന്ധകാരം. ആൾരൂപം ടോമിനെ സമീപിക്കുമ്പോലെ തോന്നുന്നു.)

"ആരാണെന്നോ! ആരാണെന്നറിയില്ല! അല്ലേ. മറന്നുകാണും! മറവി. അതു് നിങ്ങൾക്കൊക്കെ ഒരു അനുഗ്രഹമാണു്; അല്ല ആവശ്യമാണു്. പക്ഷേ അങ്ങനെയങ്ങു സൗകര്യംപോലെ മറന്നുകളയാൻ വരട്ടെ. ഓർമ്മിക്കണം, അല്ലെങ്കിൽ ഓർപ്പിക്കും; നീ ഓർക്കും, ഓർക്കണം. എന്റെ നെഞ്ചു നീ കാണുന്നുണ്ടോ! എന്താണു് നീ കണ്ണു ചിമ്മുന്നതു്! നോക്കു കണ്ണിമയ്ക്കാതെ നോക്കൂ! ഈ കുഴി എന്താണെന്നോ! വെടിയുണ്ടകൾ തുളഞ്ഞുകേറിയ പാടു്! നെഞ്ചിൻകൂടു തല്ലിത്തകർത്തു് ഹൃദയത്തെ കീറിപ്പിളർന്ന തിളച്ചുപൊന്ന ഷെല്ലുകളുടെ സമ്മാനം—കാൽച്ചുവട്ടിൽ വലിച്ചുപാട്ടിച്ചു. ലോകം മുഴുവൻ പിടിച്ചടക്കുവാൻവേണ്ടി, എന്റെ വൃദ്ധയായ തള്ളയേയും പൂർണ്ണഗർഭിണിയായ ഭാര്യയേയും നാലഞ്ചു പെടികുഞ്ഞുങ്ങളേയും പിന്നിൽതള്ളിയിട്ടു് നിങ്ങളുടെ വാക്കുകേട്ടു്, വായു് തുറന്നിരുന്ന പീരങ്കിയുടെ മുമ്പിൽ മാറുകാട്ടിയതിന്റെ മായാമുദ്രകൾ! മനസ്സിലായോ?

നിങ്ങളെന്തൊക്കെ പറഞ്ഞു! മുട്ടിനുതാഴെ മുതൽ വെടിവച്ചു പേടിപ്പെടുത്തുകയേ ഉള്ളെന്നു! പുകകൊണ്ടു കണ്ണു കലങ്ങാതെ സൂക്ഷിച്ചാൽമതിയെന്നു്! ആവേശത്തോടെ മുന്നേറുക, ഞങ്ങളെപ്പോഴും നിങ്ങളുടെ മുന്നണിയിലുണ്ടെന്നു്. എന്നിട്ടെന്താണു സംഭവിച്ചതു്? ചീറിപ്പാഞ്ഞ വെടിയുണ്ടകളേററു്, ഞങ്ങൾ തലങ്ങും വിലങ്ങുമായി കലങ്ങിച്ചതഞ്ഞു വീണപ്പോൾ, നിങ്ങൾ കപ്പൽപ്പായച്ചിന്റേയും മടൽക്കുഴിയുടേയും മറവിൽ യു. ജി. സൃഷ്ടിച്ചു് ധൈര്യപൂർവ്വം സമരം നയിക്കയായിരുന്നില്ലേ? എന്നിട്ടിപ്പോൾ നിങ്ങളെന്താണു ഞങ്ങളെപ്പററിപറയുന്നതു?—രക്തസാക്ഷികളെന്നോ?—നിങ്ങളുടെ അവിമൃശ്യകാരിതയുടേയും കബളിപ്പിക്കലിന്റേയും മുമ്പിൽ ബലിമൃഗങ്ങളായ ഞങ്ങൾ പമ്പരവിഡ്ഢികൾ എന്ന പേരാണു് അതിലേറെ അർഹിക്കുന്നതു്.

ഇതുവരെയായി നിങ്ങൾ പറഞ്ഞുനടക്കുന്നതെന്താണു്? പാടാർ സമരം, സായുധവിപ്ലവത്തിന്റെ ഒരു പിള്ളേർകളിയായിരുന്നെന്നോ! സായുധസമരത്തിലേക്കു ചുവടുവയ്ക്കാൻ കാലമായെന്നു് അന്നു നാടുനീളെ നടന്നു പ്രസംഗിച്ച നിങ്ങൾ, ഇന്നു് അതേനാവുകൊണ്ടുതന്നെ നാണമില്ലാതെ, പഴയതെല്ലാം തെററിപ്പോയെന്നു് ആണയിട്ടു സത്യംചെയ്തുകൊണ്ടു വോട്ടുപെട്ടിസമരത്തിനു തക്കതിയായി കോപ്പുകൂട്ടുകയാണല്ലേ? അധികാരപദവികളുടെ സ്വാദു് നുണഞ്ഞിറക്കിക്കൊണ്ടു് ഏതു പിന്തിരിപ്പൻ ശക്തിയോടും ചങ്ങാത്തംപിടിക്കാൻ തയാറായി നിങ്ങൾ നടക്കയാണല്ലേ? ഇതു് നിങ്ങളുടെ ഇന്നത്തെ ശരിയാണു്, പക്ഷേ നാളത്തെ തെററുമാകാം. നിങ്ങൾ തരംപോലെ തെററും ശരിയും ചെയ്തുകൂട്ടുന്നതിൽ ഞങ്ങൾക്കാർക്കും ഇനി വലിയ ഉൽകണ്ഠയില്ല. എങ്കിലും ഒരു താക്കീതു് ഞങ്ങൾ തരുന്നു. ഏതു സോഷ്യലിസ്റ്റു് പരീക്ഷണം നടത്തിയാലും, ഭാഗികസമരം നടത്തിയാലും, തരക്കേടില്ല—പക്ഷേ പാവപ്പെട്ട മനുഷ്യജീവനെക്കൊണ്ടു പന്താടരുതെന്നുമാത്രം. ആയിരക്കണക്കിനു മനുഷ്യജീവൻ അപകടത്തിലാക്കിയാണു് നിങ്ങൾ തെററും ശരിയും പഠിക്കുന്നതു്, അല്ലേ—കഷ്ടം—മനുഷ്യജീവനെ കൈയിലെടുത്തുപിടിച്ചുകൊണ്ടുള്ള ഈ കളി അത്ര നല്ലകളിയല്ല. നിങ്ങൾക്കൊരു വിചാരമുണ്ടായിരിക്കാം ഞങ്ങൾ എന്നിനിവരുവാനു്, നിങ്ങളുടെ ക്രൂരമായ വഞ്ചനയെക്കുറിച്ചു് ഒരക്ഷരം ഉരിയാടാതവണ്ണം ഞങ്ങളുടെ നാവുകൾ മണ്ണോടുമണ്ണായിപ്പോയല്ലോ എന്നു് — എങ്കിൽ അതബദ്ധമാണു്. ഞങ്ങളുടെ അസ്ഥിപഞ്ജരം നിങ്ങൾക്കെതിരായി സമരംചെയ്യും. ഞങ്ങളുടെ തടിവയിച്ചുമന്നിട്ടുള്ള മൺതരികൾ നിങ്ങളെ ചെറുക്കും. ഞങ്ങളുടെ മാരകമായ ആക്രന്ദനം വിലയംകൊണ്ടു വായുമണ്ഡലം ഘനസ്വനിതങ്ങൾ മുഴക്കി നിങ്ങളെ പേടിപ്പെടുത്തും. ഞങ്ങളുടെ സന്താനപരമ്പര നിങ്ങളുടെമേൽ നിരന്തരം ശാപവർഷം പൊഴിക്കും. ഇതു ഞങ്ങളാണു പറയുന്നതു്—നിങ്ങളുടെ കൊടിയ കാപട്യത്തിന്റെ നെടുംതൂണുകളായ ഞങ്ങൾ—നിങ്ങളുടെ പരാജയത്തിന്റെ നാഴികക്കല്ലുകളായ ഞങ്ങൾ—മാറുതുളഞ്ഞവർ, കുടൽ ചാടിയവർ, നട്ടെല്ലൊടിഞ്ഞവർ, തലച്ചോറുതെറിച്ചവർ, കാലൊടിഞ്ഞവർ, എല്ലാം ചതഞ്ഞവർ—ഞങ്ങൾ അതേ, ഞങ്ങൾ, പാടാറിലെ ജീവൻ കളഞ്ഞ തൊഴിലാളികൾ—ഞങ്ങൾ—നിങ്ങളുടെ നിത്യശത്രുക്കൾ—കാലകിങ്കരന്മാർ—ഇതു ഞങ്ങളുടെ ഗർജ്ജനം — അതേ — പാടാറിന്റെ ഗർജ്ജനം (നിഴൽ ടോമിനോടടുക്കുന്നു. ടോം ഭയചകിതനായി കിടക്കയിൽനിന്നു പിടഞ്ഞെണീക്കുന്നു. വൈദ്യുതദീപങ്ങൾ തെളിയുന്നു. മററാരെയും കാണുന്നില്ല. —"ഹാ-ചെകുത്താൻ—അല്ല—സ്വപ്നം....വെറുംമിഥ്യ....എങ്കിലും എന്തൊരു ചിത്രം...ഹാ...പേടിയാവുന്നു."

(കർട്ടൻ)


# ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# ശെമവോൻ

(ഫാദർ എസ് തേർമഠം എം. ഒ. എൽ.)

(തുടർച്ച)

പെട്ടെന്നു് ആ ശോകയാത്ര പാതയുടെ മദ്ധ്യത്തിൽ നിന്നു. ക്രിസ്തുവിന്റെ സഹനശക്തി നിശ്ശേഷം നശിച്ചു. തോളിലിരിക്കുന്ന കഴുമരത്തിന്റെ കനത്ത ഭാരം താങ്ങാനാവാതെ അവിടുന്നു് നിലംപതിച്ചു. ആ മരത്തടിയും ചുമന്നുകൊണ്ടു് ഒരടികൂടി മുന്നോട്ടുവെക്കുവാൻ അവിടുത്തേക്കിനി സാദ്ധ്യമല്ല. ശതാധിപൻ ആകമാനം ഒന്നമ്പരന്നു. ജനബാഹുല്യത്തെ അദ്ദേഹം തന്റെ ബലിഷ്ഠകരങ്ങൾകൊണ്ടു് തള്ളിമാററി മുന്നോട്ടുചെന്നു. ആ കഴുമരം കൊലക്കളത്തിലേക്കു ചുമക്കുവാൻ അദ്ദേഹത്തിനു് ഒരാളെ ലഭിച്ചേതീരു. പക്ഷേ ആർ അതിനു സന്നദ്ധനാകും? ഒരു റോമൻ പടയാളിയോ? അതു ഊഹിക്കക്കൂടി വയ്യ. അത്രയും നിന്ദ്യമായ ഒരു തൊഴിലിനു് അഭിമാനിയായ ഒരു റോമൻയോദ്ധാവു് ഒരിക്കലും ഒരുങ്ങുകയില്ല. പോരെങ്കിൽ അതു റോമൻ പട്ടാളനിയമത്തിനു തിരെ വിരുദ്ധവുമാണു്. ക്രിസ്തു കുരിശിന്മേൽ ഞൊന്നു കിടന്നു പിടയുന്നതു കാണുവാൻ യഹൂദപ്രമാണികൾക്കു് അതിയായ ആഗ്രഹമുണ്ടെങ്കിലും നികൃഷ്ടമായ ആ വസ്തുവിനെ വഹിക്കുവാൻ അവരാരുംതന്നെ തയ്യാറില്ലായിരുന്നു. കുരിശു് ഒരു യഹൂദനു നിന്ദാവിഷയമാണു്. കൊലനിലത്തിലെത്തുന്നതിനുമുമ്പേ ക്രിസ്തു അന്തരിച്ചുപോകുമോയെന്നു പ്രധാനാചാര്യന്മാർ വളരെ ഭയപ്പെട്ടു. അങ്ങനെ സംഭവിച്ചാൽ അവരിതുവരെ കഷ്ടപ്പെട്ടുചെയ്ത പണിയെല്ലാം പാഴിലായി. ശതാധിപൻ ചുററും ഒന്നു നോക്കി. അത്ഭുതംകൊണ്ടു വിറങ്ങലിച്ചുനില്ക്കുന്ന ശെമവോന്റെ നേരെയാണു് അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞതു്. ഉത്തരം കാണാതെ കിടക്കുന്ന ആ മഹാപ്രശ്നത്തിനു സമാധാനം അവൻതന്നെ എന്നദ്ദേഹം തീരുമാനിച്ചു. ഉടനെ കഴുമരവും ചുമന്നുകൊണ്ടു ഗാഗുൽത്താമലയിലേക്കു് ക്രിസ്തുവിനെ അനുഗമിപ്പാൻ അദ്ദേഹം ശെമവോനോടാജ്ഞാപിച്ചു. അപ്രതീക്ഷിതമായ ആ കല്പനകേട്ടു അദ്ദേഹത്തിന്റെ ഭാവം പകർന്നു. രോമകൂപങ്ങൾതോറും അവമാനത്തിന്റെ കടന്നൽക്കുത്തേററു് നോവുന്നതുപോലെ അദ്ദേഹത്തിനുതോന്നി. ശെമവോന്റെ ആത്മാഭിമാനം പിടഞ്ഞെഴുന്നേററു. കോപംകൊണ്ടു മുഖം അരുണവർണ്ണമായി. ശരീരം വിറച്ചു. ഭൂമി അദ്ദേഹത്തിന്റെ ചുററും വട്ടം കറങ്ങുന്നതുപോലെ തോന്നി. ഒരു തീർത്ഥകനായിട്ടാണു് ശെമവോൻ ജറൂസലേമിലേക്കു വന്നതു്. അദ്ദേഹം ആരുടേയും, പ്രത്യേകിച്ചു കഴുവേറുവാൻ പോകുന്ന യാതൊരു കുററവാളിയുടേയും ദാസ്യവേല ചെയ്യുവാൻ തയ്യാറില്ലായിരുന്നു. ഈ അവമാനം അദ്ദേഹത്തിനു മരണത്തെക്കാൾ ദുസ്സഹമായിത്തോന്നി. അവമാനവും അഭിമാനവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു വടംവലിനടത്തി. അദ്ദേഹം ഒരു യഹൂദനുംകൂടിയാണു്. ഒരു റോമാക്കാരനെ പരമശത്രുവായിട്ടാണു് ഏതൊരു യഹൂദനും പരിഗണിക്കുക. അങ്ങനെയിരിക്കെ ഒരു പരമശത്രുവിന്റെ ആജ്ഞയെ — ഇത്രയും നികൃഷ്ടമായ ഒരാജ്ഞയെ — അദ്ദേഹം എങ്ങനെ സ്വീകരിക്കും. എന്നാൽ ഒരു റോമൻ ഉദ്യോഗസ്ഥന്റെ കല്പന അങ്ങനെ നിഷേധിക്കുവാനുള്ളതല്ല. മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും അതനുസരിച്ചേമതിയാവു. ശെമവോൻ നന്നാകുഴങ്ങി. അനുസരിച്ചില്ലെങ്കിൽ ഉണ്ടായേക്കാവുന്ന അനുഭവം അദ്ദേഹത്തിനു് ഏതാണ്ടൂഹിക്കുവാൻ കഴിഞ്ഞു. അതനുസരിച്ചാലോ, നിറന്ന അവമാനവും. ആ സമയത്തു അവിടെവരുവാൻ ഇടയായതിൽ അദ്ദേഹം വളരെ വ്യസനിച്ചു. ഇത്രയും വലിയ പുരുഷാരത്തിനിടയിൽനിന്നു് അദ്ദേഹത്തെ മാത്രം ഈ കാര്യത്തിനു തിരഞ്ഞെടുത്തതിൽ ശെമവോനു വളരെ ആശ്ചര്യം തോന്നി. അപരിചിതനായ അദ്ദേഹത്തിനു് ശതാധിപന്റെ കല്പന അനുസരിക്കയല്ലാതെ ഗത്യന്തരമില്ലായിരുന്നു.



സ്വർഗ്ഗാരോപിതയായ മാതാവിന്റെ പാദത്തുങ്കലേക്കു് നടത്തിയ പരിഹാരപ്രദക്ഷിണം. കുറവിലങ്ങാട്ടു്, 14-8-1951.

ലോകൈകനാഥനായ ക്രിസ്തുവിനു ഏതെങ്കിലും തരത്തിൽ ചെറിയൊരു സഹായം ചെയ്തുകൊടുക്കുന്നവർക്കു് ലഭിക്കുവാൻപോകുന്ന മഹാഭാഗ്യത്തെപ്പററി ശെമവോൻ അറിഞ്ഞിരുന്നുവെങ്കിൽ!! അധികാരത്തിന്റെ ഞെക്കൽമൂലം അദ്ദേഹം കഴുമരം എടുത്തു. അവമാനത്തിന്റെ ആധിക്യംകൊണ്ടു് അദ്ദേഹത്തിന്റെ ശരീരം തീരെ വിളർത്തുപോയി. ആദ്യം ആ കഴുമരത്തിന്റെ ഭാരം വളരെ ദുസ്സഹമായി അദ്ദേഹത്തിനുതോന്നി. ദുഃഖത്തിന്റെ ആധിക്യംകൊണ്ടു് ഹൃദയത്തിൽ ഇരുൾതിങ്ങി. ഭൂമി രണ്ടായിപ്പിളർന്നു തന്നെ വിഴുങ്ങിയെങ്കിൽ, എന്നദ്ദേഹം ആഗ്രഹിച്ചു. ഒരു കുററവാളിയുടെ കഴുമരം നിർബന്ധപൂർവ്വം ചുമന്നതിലുള്ള അവമാനം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം കരിതേക്കുമെന്നു് ശെമവോൻ ഭയപ്പെട്ടു. ഈ അവഹേളനത്തിന്റെ ദുസ്സഹഭാരം തന്റെ ഭാവിതലമുറകൾ വഹിക്കേണ്ടിവരുമല്ലോ എന്നോർത്തപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നീറി. പിതൃസ്വത്തെന്നോണം അഭിമാനപൂർവ്വം പാലിച്ചുപോരുന്ന കുലമഹിമയ്ക്കു് അതു് കളങ്കം വരുത്തുമല്ലോ എന്നോർത്തു് അദ്ദേഹം വളരെ വ്യസനിച്ചു.

ഓരോരുത്തരുടേയും ഹൃദയവികാരങ്ങളെ ദൈവികശക്തിയുടെ തൂവെളിച്ചത്തിൽ സദാസമയവും വായിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിനു ശെമവോന്റെ മനസ്സിൽ ഓളംതല്ലിക്കൊണ്ടിരിക്കുന്ന വികാരപരമ്പരകളെ അവയുടെ തനിനിറത്തിൽ കാണുവാൻ പ്രയാസമുണ്ടായിരുന്നില്ല. ദൈവാനുഗ്രഹത്തിന്റെ കതിരൊളി അദ്ദേഹത്തിന്റെ ഹൃദയത്തിൽ വീശി. മനസ്സിലെ അന്ധകാരം അകന്നു. കാർമേഘം നീങ്ങിയ അന്തരീക്ഷംപോലെ മുഖം പ്രസന്നമായി. അവാച്യമായ ഒരാനന്ദം ഹൃദയത്തിൽ തുളുമ്പി. മനസ്സുമടുപ്പിക്കുന്ന ആ ജോലി സന്തോഷവും സമാധാനവും വിളയിക്കുന്ന ഒന്നായിമാറി. ആ കഴുമരത്തിന്റെ ഭാരമെല്ലാം എങ്ങനെയോ ചോർന്നുപോയി. അതൊരു കൊച്ചുകുട്ടിക്കു് വഹിക്കാവുന്നത്ര ലാഘവമുള്ളതായിത്തീർന്നു. പെട്ടെന്നുണ്ടായ ഈ ഭാവമാററത്തിന്റെ കാരണമറിയാതെ ശെമവോൻ അമ്പരന്നു. ദൈവാനുഗ്രഹത്തിന്റെ ആഴമുണ്ടോ സാധാരണക്കാരനായ അദ്ദേഹത്തിനു അളന്നു നിർണ്ണയിക്കുവാൻ സാധിക്കുന്നു!! ആ വ്യാകുലയാത്ര ശെമവോനോടുകൂടി ഗാഗുൽത്താമലയിലെത്തി. ക്രിസ്തുരാജന്റെ സേനാവകുപ്പിൽ ഒരു ധീരയോദ്ധാവിനെക്കൂടി ചേർത്തു. അതെ—ക്രിസ്തുവിന്റെ കഴുമരം ചുമന്ന ശെമവോൻ അവിടുത്തെ സുവിശേഷം പ്രസംഗിച്ച പ്രേഷിതനായി.

എത്ര വലിയ ഒരു മഹാഭാഗ്യത്തിലാണു് ക്രിസ്തു അദ്ദേഹത്തെ കയററിയിരിക്കുന്നതെന്നു അദ്ദേഹത്തിനുതന്നെ അറിയാൻ സാധിച്ചില്ല. പ്രത്യുപകാരം ചെയ്യുന്നതിൽ ആർക്കും വെല്ലാൻ സാധിക്കാത്ത ഒരു രാജാധിരാജനെയാണു് ശെമവോൻ ആവശ്യനേരത്തു സഹായിച്ചിട്ടുള്ളതു്. വർത്തമാനഭൂതഭാവികാലങ്ങളെ വർത്തമാനത്തിന്റെ തെളിച്ചിലിൽക്കൂടി കണ്ടുകൊണ്ടിരിക്കുന്ന ക്രിസ്തു, ആ സഹായം ഒരിക്കലും വിസ്മരിക്കുകയില്ല. അവിടുത്തെ നാമത്തിൽ കൊടുക്കുന്ന ഒരു കോപ്പ പച്ചവെള്ളത്തിനു നൂറിരട്ടിയായി പ്രതിഫലം നൽകുമെന്നു് വാഗ്ദാനം ചെയ്തിട്ടുള്ള ഔദാര്യനിധിയാണു് ക്രിസ്തു. നശ്വരമായ സഹായത്തിനു് അവിടുന്നു കൊടുക്കുന്ന പ്രതിസമ്മാനം അനശ്വരമായിരിക്കും. അവിടുന്നു് ഒരിക്കൽ ഈ വിധം അരുളിച്ചെയ്തു: "എന്റെ നുകം വഹിക്കുക; അതു മാധുര്യമുള്ളതും, അതിന്റെ ഭാരം ലഘുതരവുമാകുന്നു."

ഈ വാക്യം ശെമവോനിൽ അക്ഷരാർത്ഥം നിറവേറി. സ്വഭവനത്തിലേക്കുള്ള യാത്രയിൽ ക്രിസ്തുവിനെ കണ്ടുമുട്ടുകയും തന്മൂലം ഗാഗുൽത്തായിലേക്കു് പോകേണ്ടിവരികയും ചെയ്തതു് ഒരു ആകസ്മിക സംഭവമായി തോന്നാമെങ്കിലും അതു് അദ്ദേഹത്തിന്റെ ജീവിതയാത്രയെ നിത്യസൗഭാഗ്യത്തിന്റെ സുവർണ്ണസരണിയിലേക്കു തിരിച്ചുവിട്ടു. അന്ധകാരത്തിൽ തപ്പിനടക്കുന്നവൻ പ്രകാശത്തിലേക്കു തിരിഞ്ഞു. ഈ സംഭവത്തിനുശേഷം ശെമവോനെപ്പററി വേദപുസ്തകം മൗനം ദീക്ഷിക്കുകയാണെങ്കിലും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരെപ്പററി പ്രസ്താവിച്ചുകാണുന്നുണ്ടു്. അവരിരുവരും ക്രിസ്തുമതം സ്വീകരിച്ചു. വിശുദ്ധ മർക്കോസു് അദ്ദേഹത്തിന്റെ സുവിശേഷം എഴുതുമ്പോൾ അവർ രണ്ടുപേരും റോമിലെ ക്രൈസ്തവസമുദായത്തിലെ പ്രശസ്താംഗങ്ങളായിരുന്നു. അവരുടെ പരിശ്രമത്തിന്റെ ഫലമായി പലരും സത്യമതം അവലംബിക്കുന്നതിനിടയായിട്ടുണ്ടു്. സ്പെയിൻ രാജ്യത്തുള്ള പ്രേഷിതയാത്രയിൽ വി. പൗലോസിനെ അവർ അനുഗമിച്ചുവെന്നും

അവിടെവെച്ച് രക്തസാക്ഷികളായി മരണമടഞ്ഞുവെന്നു പാരമ്പര്യം സകാരണം പ്രസ്താവിച്ചുകാണുന്നു. ശെമവോന്റെ ഭാര്യയെപ്പററി വേദപുസ്തകം വ്യക്തമായ യാതൊരു സൂചനയും നൽകുന്നില്ല. എങ്കിലും വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിന്റെ അവസാനത്തിൽ ഇങ്ങനെ പറയുന്നു: "നമ്മുടെ കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ടവനായ റോപ്പോസിനും അവന്റെയും എന്റെയും അമ്മയ്ക്കും വന്ദനം പറയുവിൻ."

ലോകം മുഴുവനും ശെമവോനോട് കടപ്പെട്ടിരിക്കയാണ്. ഓരോ മനുഷ്യനും അദ്ദേഹം അർത്ഥപൂർണ്ണമായ ഒരു സന്ദേശം നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അദ്ദേഹത്തെപ്പോലെ നാമും നിത്യം കുരിശുവഹിക്കുന്നവരായിരിക്കണം. ക്രിസ്ത്യാനികൾ ക്രൂശിതനായ ക്രിസ്തുവിന്റെ പടയാളികളാണ്. സഹനമായിരിക്കണം ഏതൊരു ക്രൈസ്തവന്റെയും മുദ്രാവാക്യം. സഹനത്തിന്റെ മാനദണ്ഡം ഗാഗുൽത്തായിലെ കഴുമരമാണ്. ക്രിസ്തു ഇപ്രകാരം അരുളിച്ചെയ്യുന്നു: "എന്നെ അനുകരിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് അവനവന്റെ കുരിശുകൾ വഹിച്ച് എന്നെ അനുഗമിക്കട്ടെ... സ്വന്തം കുരിശെടുത്ത് എന്നെ പിൻചെല്ലാത്തവൻ എന്റെ ശിഷ്യനാവാൻ അർഹനല്ല."

കണ്ണുനീരിൽ നിഴലിച്ചുനിൽക്കുന്ന ഒരു പുഞ്ചിരി മാത്രമാണ് ജീവിതം. അശ്രു അലതല്ലുന്ന ലോകമഹാസമുദ്രത്തിൽ മനുഷ്യൻ മുങ്ങിത്തുടിച്ചുകൊണ്ടിരിക്കുന്നു. ഉന്നതസിംഹാസനത്തിൽ വാണരുളുന്ന ചക്രവർത്തിമാർതൊട്ട് തെരുവീഥിയിൽ ഇല്ലിക്കോലും പാളയുമായി തെണ്ടിത്തിരിയുന്ന യാചകർവരെ ക്ലേശങ്ങളുടെ തിക്തകഷായം മോന്തിക്കുടിക്കാതെ തരമില്ല. അതു പിള്ളത്തൊട്ടിമുതൽ ശവക്കുഴിവരെ തുടർന്നുപോകുകതന്നെ വേണം. സുഖത്തിന്റെ പട്ടുമെത്തയിൽ നിദ്രചെയ്യുവാൻ ആഗ്രഹിക്കുന്നതാണ് മനുഷ്യപ്രകൃതി. അതുകൊണ്ട് ക്ലേശങ്ങളെ വെറുക്കുകയും അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നത് മനുഷ്യസ്വഭാവമാണ്.

ക്രിസ്തുവിന്റെ കഴുമരത്തിനോടുള്ള ബഹുമാനത്തിന്റെ തോതനുസരിച്ചാണ് നമ്മുടെ ക്ലേശങ്ങൾക്ക് മാധുര്യം കൂടുന്നത്. പരിഷ്കൃതലോകത്തിന്റെ പുതുപുഞ്ചിരിയിൽ മതിമറന്നുപോകുന്ന പലർക്കും അതു അരോചകമായി തോന്നാറുണ്ട്. ഭീതിജനകമായ മരണത്തേയും സഹനത്തേയും അതു അനുസ്മരിപ്പിക്കുന്നതാണ് അതിനുള്ള കാരണം. പക്ഷെ ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് അതു നിത്യരക്ഷയുടേയും പ്രത്യാശയുടേയും അടയാളമാകുന്നു. "രക്ഷയും ജീവനും ഉത്ഥാനവും അതിൽ സ്ഥിതിചെയ്യുന്നു." മാനവചരിത്രത്തിൽ അതിലും ഉൽകൃഷ്ടമായ ഒരു വസ്തു ഒരു ക്രിസ്ത്യാനിക്കു കാണുവാൻ സാധിക്കുകയില്ല. സത്യത്തിന്റെയും രക്ഷയുടേയും മധുസ്മരണകളെ ഇത്രയധികം തുറന്നുകാണിക്കുന്ന ഒരു മഹാഗ്രന്ഥം ലോകത്തിൽ കാണുവാൻ വളരെ പ്രയാസമാണ്. പിശാചിന്റെ ദാസ്യത്തിൽനിന്നു വിമുക്തനായ മനുഷ്യനു എത്രമാത്രം ആത്മീയമായിട്ടുയരാമെന്നു ക്രിസ്തുവിന്റെ കഴുമരം നമ്മെ പഠിപ്പിക്കുന്നു. രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പ് ലോകരക്ഷാർത്ഥം ഗാഗുൽത്താമലയിൽവച്ച് നടന്ന ആ മഹായജ്ഞത്തേയും, അതുമൂലം മനുഷ്യവർഗ്ഗത്തിനു കൈവന്ന മഹാഭാഗ്യത്തേയും അതു സദാ ലോകത്തെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭൗതികാസക്തിയുടെ ലഹരികൊണ്ട് മത്തുപിടിച്ചിരിക്കുന്ന ലോകത്തിനു കുരിശിന്റെ ദിവ്യസന്ദേശംകൊണ്ടു മാത്രമേ രക്ഷ ലഭിക്കുകയുള്ളു. ലോകം അതിന്റെ വിജ്ഞാനത്തിലും, നൂതനഗവേഷണങ്ങളിലും അഭിമാനംകൊള്ളുവാൻ തുടങ്ങീട്ട് നാളുകളേറെയായി. നിന്ദ്യതയുടെ പര്യായമായി കുരിശിനെ ഇന്നതു അകററി നിർത്തിയിരിക്കയാണ്. തന്മൂലം അതു നിരവധി ക്ലേശങ്ങൾ ഭുജിക്കേണ്ടിവന്നിട്ടുണ്ട്. സമാധാനമില്ലാതെ മനുഷ്യൻ വെമ്പലോടെ പാഞ്ഞുനടക്കുന്നു. ലോകത്തെ കശാപ്പുശാലകളായി മാററുന്ന ഭയങ്കരയുദ്ധങ്ങൾ ലോകം നടത്തിനോക്കുന്നുണ്ട്; ലോകത്തെ ചാമ്പലാക്കിത്തീർക്കുവാനുതകുന്ന നിഗ്രഹോപകരണങ്ങളെ നിർമ്മിക്കുന്നുണ്ട്; പീരങ്കികളെ കാവൽനിർത്തുന്നുണ്ട്; എന്നിട്ടും ലോകം ദുരിതത്തിന്റെ അഗാധകൂപത്തിലേക്ക് അനുനിമിഷം വഴുതിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ അവതാരാവസരത്തിൽ ദൈവദൂതന്മാർ പാടിപ്പരത്തിയ ആ സമാധാനം ലോകത്തിനു കൈവരണമെങ്കിൽ ഓരോ വ്യക്തിയുടേയും ജീവിതം ക്രിസ്തുവിന്റെ കഴുവിൻകടയ്ക്കൽ സമർപ്പിച്ച് അതിന്റെ ദിവ്യസന്ദേശത്തെ പകർത്തിയെടുത്ത് സ്വജീവിതത്തിൽ പ്രായോഗികമാക്കണം. ഗാഗുൽത്തായ്ക്കുശേഷം കുരിശു സ്വർഗ്ഗകവാടം കടക്കുന്നതിനുള്ള ഒരു ചവിട്ടുകല്ലാണ്. കുരിശു മൂകഭാഷയിൽ നമ്മോടുപദേശിക്കുന്ന ആദ്ധ്യാത്മികതത്വങ്ങൾ നല്ലപോലെ നാം ഗ്രഹിച്ചാൽ ലോകം സമാധാനത്തിന്റെ പൂന്തണലിൽ വിശ്രമംകൊള്ളാതിരിക്കയില്ല.

പ്രലോഭനങ്ങളുടെ തിരമാലകൾ ആഞ്ഞടിക്കുമ്പോൾ, ക്ലേശങ്ങളുടെ സാഗരത്തിൽ മുങ്ങിത്തുടിക്കുമ്പോൾ, കുരിശു നമ്മുടെ രക്ഷാസങ്കേതമായി ഉയർന്നുനില്ക്കും. പാപംമൂലം നമ്മുടെ ജീവിതമാർഗ്ഗം ഇരുളടഞ്ഞുപോകുമ്പോൾ ഇസ്രേൽ ജനങ്ങൾക്ക് മേഘത്തൂണെന്നപോലെ അതു പ്രകാശം നൽകും. നമ്മുടെ വിശ്വാസവും ശരണവും കുരിശിൽ നിക്ഷേപിച്ചാൽ ശത്രുക്കളെക്കൂടി മിത്രങ്ങളെപ്പോലെ സ്നേഹിച്ചാദരിക്കാനുള്ള ശക്തി ലഭിക്കും. കുരിശു വിജയത്തിന്റെ വേറൊരു പര്യായമാണ്. കുരിശിന്റെ ശക്തികൊണ്ട് കോൺസ്റ്റന്റൈൻ ചക്രവർത്തി ശത്രുക്കളുടെമേൽ പരിപൂർണ്ണവിജയം നേടി. അതുപോലെ അന്ധകാരശക്തികളെ അടിച്ചമർത്തുവാൻ കരുത്തുള്ള ഒരായുധമാണ് കുരിശ്. നമ്മുടെ സംസ്കാരത്തെ ആകമാനം വിഴുങ്ങിക്കളയുവാൻ വായുംപിളർന്നുവരുന്ന പാഷണ്ഡപ്രസ്ഥാനങ്ങളെ തച്ചുടയ്ക്കുവാൻ കുരിശിനു ശക്തിയുണ്ട്.

"ഞങ്ങളുടെ ദൈവമേ! കുരിശിന്റെ അടയാളം വഴിയായി ഞങ്ങളുടെ ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ" എന്നു സഭ നിത്യവും പ്രാർത്ഥിക്കുന്നു. ആരാണീ ശത്രുക്കൾ? നമ്മുടെ ആത്മശരീരങ്ങളെ നശിപ്പിക്കുവാൻ വട്ടം കൂട്ടുന്നവർ, നമ്മെ കാപഥത്തിലേക്ക് നയിക്കുന്ന സ്നേഹിതന്മാർ, അസാന്മാർഗ്ഗികമായ പടങ്ങൾ നിർമ്മിച്ച് സിനിമാലോകത്തെ ദുഷിപ്പിക്കുന്നവർ, ദുഷിച്ച സാഹിത്യങ്ങൾകൊണ്ട് മനുഷ്യന്റെ സദാചാരബോധത്തെ ഞെക്കിക്കൊല്ലുന്നവർ.

നമ്മുടെ ജീവിതവിജയം ക്രിസ്തുവിന്റെ കുരിശുവഹിക്കുന്നതിലാണടങ്ങിയിരിക്കുന്നത്. എന്നാൽ ശെമവോനെപ്പോലെ കുരിശുംചുമന്നുകൊണ്ട് ക്രിസ്തുവിന്റെ പിന്നാലെ പോകുവാനുള്ള മഹാഭാഗ്യം ആർക്കുമൊരിക്കലും കൈവന്നിട്ടില്ല. എന്നാൽ ക്രിസ്തു നമ്മോടുള്ള വാത്സല്യാതിരേകത്താൽ നമ്മുടെ തോളിൽ കയററിവെക്കുന്ന ക്ലേശങ്ങളായ കുരിശുകളെ അവിടുത്തെ അനുകരിച്ചുകൊണ്ട് ക്ഷമയോടും ശാന്തതയോടുംകൂടി വഹിക്കുന്നുവെങ്കിൽ ശെമവോനു സിദ്ധിച്ച ഭാഗ്യം നമുക്കും ലഭിക്കാതിരിക്കയില്ല.


# D. B. Charities Fund.

## Rs. 100,000 in Prizes

**First Prize Rs. 40,000**

A lottery is being run by the Salesian Fathers of St. John Bosco in Calcutta for the sake of providing bread and clothing to hundreds of boys to whom they impart a sound technical and social education in their institutions in India. We solicit the co-operation of all good people. It is a work which will no doubt draw God's blessings upon those who so help. Over one lakh of Rupees is distributed in prizes every time, and in addition a large commission is given to collectors. Each ticket costs Rs. 2/-. (Rupees two only). The drawing date of the event in course is on 20—12—51. All correspondence is to be done in English and addressed to:-


*The Honorary Secretary,*

D. B. Charities Fund,
15 Portuguese Church Street,
Calcutta 1. (Bengal).


# വിശുദ്ധപദപ്രഖ്യാപനം

(വെരി റവ. ഫാ. സി. ററി. കൊട്ടാരം,
ബി. എ., എൽ. ററി., എൽ. ഡി., എഫ്. ആർ. എസ്. എ.)

രൂപതാദ്ധ്യക്ഷന്റെ പ്രാരംഭാന്വേഷണങ്ങൾക്കുശേഷം റീത്തുകളുടെ തിരുസംഘം സ്വാധികാരത്തിലും നിയന്ത്രണത്തിലും നടത്തുന്ന നടപടികളാണ് അപ്പസ്തോലികനടപടികൾ (Apostolic processes) എന്നു അറിയപ്പെടുന്നതെന്നും, പ്രസ്തുത നടപടികളിൽ ഔദ്യോഗികമായും ഔപചാരികമായും പങ്കുവഹിക്കുന്നവർ ആരെല്ലാമെന്നും, തിരുസംഘത്തിന്റെ നിയന്ത്രണത്തിൽ നിയമിതമാകുന്ന രൂപതക്കോടതിയുടെ അന്വേഷണങ്ങൾ ഏവയാണെന്നും മററുംകഴിഞ്ഞ ലേഖനത്തിൽ വിവരിച്ചിരുന്നല്ലോ.



അപ്പസ്തോലികനടപടിക്രമമനുസരിച്ച് അടുത്തതായി നടക്കുന്നത് ദൈവദാസന്റെ വീരോചിതപുണ്യങ്ങളെ (Heroic Virtues) പ്പററിയുള്ള ചർച്ചയാണ്. ഒരു ദൈവദാസൻ മരണമടഞ്ഞിട്ട് അമ്പതുവർഷങ്ങൾ കഴിഞ്ഞശേഷമേ അയാളുടെ പുണ്യങ്ങളെപ്പററി ചർച്ചചെയ്യാവു എന്നാണു നിയമം. എന്നാൽ, ഈ നിയമത്തിൽനിന്ന് ആരെയെങ്കിലും ഒഴിവാക്കുവാനുള്ള അധികാരം മാർപ്പാപ്പായ്ക്കുണ്ട്; യുക്തമെന്നു തോന്നുന്ന സാഹചര്യങ്ങളിൽ അങ്ങനെ ഒഴിവാക്കാറുമുണ്ട്. വി. കൊച്ചുത്രേസ്യായും വി. മരിയഗോരേത്തിയും ഇതിനുദാഹരണങ്ങളത്രെ.

ദൈവദാസന്റെ വീരോചിതപുണ്യങ്ങളെപ്പററി രൂപതക്കോടതി മുഖേന നടത്തിയ അന്വേഷണങ്ങളുടെയും തെളിവുശേഖരണത്തിന്റെയുംശേഷം അവയെപ്പററി ചർച്ചചെയ്യുന്നതിനും വേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനുമായി തിരുസംഘത്തിന്റെ മൂന്നു യോഗങ്ങൾ നടത്തപ്പെടുന്നു. ഈ യോഗങ്ങൾ Anti Preparatory, Preparatory, General, എന്ന പേരുകളിലാണ് അറിയപ്പെടുന്നത്. ദൈവികപുണ്യങ്ങളായ (Theological Virtues) വിശ്വാസം, ശരണം, ഉപവി എന്നിവയും, പ്രധാനപുണ്യങ്ങളായ (Cardinal Virtues) വിവേകം, നീതി, ആത്മശക്തി, അടക്കം (Prudence, Justice, Fortitude, Temperance) എന്നിവയും വീരോചിതമായവിധം ദൈവദാസനിൽ പ്രശോഭിച്ചിരുന്നുവോ എന്നുള്ളതാണ് ചർച്ചാവിഷയം. പ്രഥമയോഗം കാർഡിനൽ റിലേററരുടെ അദ്ധ്യക്ഷതയിൽ തിരുസംഘം ആഫീസിൽവച്ചാണു നടത്തപ്പെടുന്നത്. തിരുസംഘത്തിലെ ഉദ്യോഗസ്ഥന്മാരും, ആലോചനക്കാരും, വൈദികസ്ഥാനമാനികളും ഈ യോഗത്തിൽ സംബന്ധിക്കുന്നു. ദൈവദാസന്റെ പുണ്യാഭ്യാസത്തിനെതിരായി വിശ്വാസപാലകനു ന്യായമായ എല്ലാ തടസ്സങ്ങളും ഉന്നയിച്ചു സത്യാവസ്ഥ വെളിപ്പെടുത്താം. തടസ്സങ്ങൾക്കെല്ലാം തെളിവുസഹിതം സമാധാനം നൽകേണ്ടതു കാര്യവാദിയും വക്കീലുമാണ്. സുദീർഘമായ ചർച്ചയ്ക്കുശേഷം ഉപരിനടപടികൾ സ്വീകരിക്കണമോ എന്നുള്ളതിനെപ്പററി യോഗം ഒരു തീരുമാനത്തിലെത്തുന്നു. അംഗങ്ങളുടെ വോട്ടുമുഖേനയാണ് ഈ തീരുമാനമെടുക്കുന്നത്. തീരുമാനം അനുകൂലമെങ്കിൽ ദ്വിതീയയോഗം വത്തിക്കാനിൽവച്ച് നടത്തപ്പെടും. പ്രസ്തുതയോഗത്തിൽ പ്രഥമയോഗത്തിൽ സംബന്ധിച്ചവർക്കു പുറമെ തിരുസംഘത്തിലെ എല്ലാ കർദ്ദിനാളന്മാരും സംബന്ധിക്കുന്നതാണ്. ഈ യോഗത്തിലെ നടപടിക്രമം കഴിഞ്ഞ യോഗത്തിലേതുപോലെ തന്നെയാണ്; യോഗത്തിൽ അദ്ധ്യക്ഷതവഹിക്കുന്നത് കർദ്ദിനാൾ പ്രിഫെക്ട് ആയിരിക്കുമെന്നുള്ള വ്യത്യാസമേയുള്ളു. ദ്വിതീയയോഗത്തിലെ തീരുമാനവും അനുകൂലമെങ്കിൽ തൃതീയയോഗം വത്തിക്കാനിൽവച്ച് മാർപ്പാപ്പായുടെ അനുമതിയോടും മാർപ്പാപ്പാ നിശ്ചയിക്കുന്ന തീയതിയിലും നടത്തപ്പെടും. മാർപ്പാപ്പാതന്നെയായിരിക്കും ഈ യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതും. ദൈവദാസന്റെ പുണ്യങ്ങളെപ്പററി ഇതേവരെ നടന്നിട്ടുള്ള സകല അന്വേഷണങ്ങളും സംവാദങ്ങളും തത്സംബന്ധമായ റിക്കാർട്ടുകളും ഈ യോഗത്തിന്റെ പരിചിന്തനത്തിനു വിധേയമാകും. മുൻയോഗങ്ങളിൽ സംബന്ധിച്ചവരെല്ലാവരും ഈ യോഗത്തിലും സംബന്ധിച്ച് ആലോചനയിൽ പങ്കെടുക്കും. മുൻയോഗങ്ങളിൽ നടന്നതുപോലെ യോഗത്തിന്റെ തീരുമാനം നിശ്ചയിക്കുന്നതിനു വോട്ടെടുപ്പു നടക്കുമെങ്കിലും ആ വോട്ടുകളെക്കൂടി പരിഗണിച്ചശേഷം അവസാനതീരുമാനം ചെയ്യുന്നത് മാർപ്പാപ്പാതന്നെയാണ്. പരിശുദ്ധപിതാവിന്റെ തീരുമാനം അനുകൂലമെങ്കിൽ ദൈവദാസന്റെ പുണ്യങ്ങളെ പരാമർശിക്കുന്ന ഒരു ഡിക്രി പ്രഖ്യാപിതമാകും. ഈ ഡിക്രി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ ദൈവദാസനെ "വന്ദ്യൻ" (Venerable) എന്നു വിളിക്കാവുന്നതാണ്. വന്ദ്യപദപ്രാപ്തി ഒരുവനെ സഭയിൽ പരസ്യവണക്കത്തിനർഹനാക്കുന്നില്ലെന്നും പ്രകൃതത്തിൽ അനുസ്മരിക്കേണ്ടതുണ്ട്. അപ്പസ്തോലികനടപടി ആരംഭിച്ചുകഴിഞ്ഞാൽ ദൈവദാസന്മാരെ "വന്ദ്യർ" എന്നു വിളിച്ചുവന്ന പതിവ് വളരെക്കാലം നിലവിലിരുന്നതത്രെ. 1913 ആഗസ്റ്റ് 26-ൽ പ്രസിദ്ധീകൃതമായ ഒരു ഡിക്രിമൂലമാണ് ആ പതിവു നിറുത്തൽചെയ്യപ്പെട്ടതു്. ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥയനുസരിച്ച് വീരോചിതപുണ്യങ്ങളെപ്പററിയുള്ള ഡിക്രി പ്രഖ്യാപിക്കപ്പെട്ടശേഷമേ ഒരുവൻ സഭയിൽ "വന്ദ്യൻ" ആകുന്നുള്ളു.

(തുടരും)

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കുഞ്ചെറിയ മറിയം
കൊണ്ടിയിൽ, വൈക്കം

## ഫാത്തിമാസ്വരൂപം ആസ്ത്രേലിയ വിടുന്നു

ആസ്ത്രേലിയായിൽ ആറുമാസത്തെ പര്യടനം നടത്തിയശേഷം ഇപ്പോൾ സംസ്ഥാനംവിടുന്ന ഫാത്തിമാസ്വരൂപത്തിന് ഉത്തരാസ്ത്രേലിയായിലെ ഡാർവിൻ വിമാനത്താവളത്തിൽവച്ച് വിവിധജാതിമതസ്ഥരടങ്ങിയ ഒരു വമ്പിച്ച ജനാവലി ഒരു പരസ്യവണക്കം നൽകിയിരിക്കുന്നു. 1947 മെയ്മാസത്തിൽ ഫാത്തിമായിൽനിന്നും പുറപ്പെട്ട പ്രസ്തുത സ്വരൂപം യൂറോപ്പ്, ആഫ്രിക്ക, ഇൻഡ്യ, ഏഷ്യ എന്നിവിടങ്ങളിലെ 33 സംസ്ഥാനങ്ങൾ സന്ദർശിച്ചശേഷമാണ് കഴിഞ്ഞ ജാനുവരിമാസത്തിൽ ആസ്ത്രേലിയായിലെത്തിയതു്.

## സൗജന്യവിതരണ ഫണ്ട്

കടവൂർ സത്യാരാധനസംഘം ക. 12-0-0

ഹാത്തിമാബാലസമിതി

# ആധ്യാത്മസജ്ജീകരണം

പ്രിയ കുട്ടികളെ,

ജ്ഞാനസ്നാനം കഴിഞ്ഞ ഉടനെ ഈശോ ഒരു മരുഭൂമിയിലേക്കാണു് പോയതു്. ജറിക്കോ പട്ടണത്തിനും ജറുസലം നഗരത്തിനും ഇടയ്ക്കു് ഭയങ്കരമായ ഒരു വിജനപ്രദേശമുണ്ടു്. അതു നാല്പതു ഗുഹകളും കിഴുക്കാംതൂക്കായ പാറക്കെട്ടുകളും ഗുഹകളും നിറഞ്ഞ ഒരു മലയാണു്. ആ വിജനസ്ഥലങ്ങൾ പണ്ടു് ലോകത്തിലേക്കു് ഏററം പരിത്യക്തമായിരുന്നെന്നു പറയപ്പെടുന്നു. അവിടെ ചെന്നുചേർന്നു ഈശോ. ഏകാന്തജീവിതത്തിനും ധ്യാനത്തിനും പററിയ സ്ഥലമായിരുന്നതുകൊണ്ടു് പിൽക്കാലങ്ങളിൽ അനവധി ക്രിസ്ത്യാനികൾ അവിടെപ്പോയി താമസിച്ചിരുന്നതായി ചരിത്രത്തിൽ കാണാം.

നാല്പതുദിവസം ദിവ്യരക്ഷകൻ അവിടെ ചെലവഴിച്ചു ദീർഘമായ ഒരു ഏകാന്തധ്യാനം കഴിക്കയായിരുന്നു അവിടുന്നു്. മനുഷ്യരക്ഷാർത്ഥമുള്ള സ്വപരിശ്രമങ്ങളുടെ വിജയത്തിനായി സ്വർഗ്ഗസ്ഥനായ പിതാവിനോടു് ഇളവില്ലാതെ, ഉറക്കമില്ലാതെ, എളിമയോടുകൂടെ, ഭക്തിയോടുകൂടെ പ്രാർത്ഥിക്കയായിരുന്നു.

തന്റെ ധ്യാനത്തിനു്, പ്രാർത്ഥനയ്ക്കു് ഒരു പ്രത്യേകതയുണ്ടു്. അതു നാം സവിശേഷം മനസ്സിലാക്കണം. ആ നാല്പതു രാവും പകലും ഈശോ ഉറങ്ങിയില്ല, ഉണ്ടില്ല, കുടിച്ചില്ല പച്ചവെള്ളംപോലും. മാത്രമല്ല, പ്രകൃതിയുടെ ക്രൂരമർദ്ദനത്തിനും അവിടുന്നു വശംവദനാകേണ്ടിവന്നു. ഉഗ്രമായ ശൈത്യകാലമായിരുന്നു അതു. പേമാരി കോരിച്ചൊരിയുന്ന കാലം. ദേഹം മുഴുവനും മരവിപ്പിക്കത്തക്ക തണുത്ത കാററു സദാ നേരം വീശിക്കൊണ്ടിരിക്കും. ഈ പീഡനങ്ങൾ അവിടുന്നു സ്വതന്ത്രമായി ഏററെടുത്തതാണു്. ലൗകികമായ യാതൊരാശ്വാസവും തനിക്കു ലഭിച്ചില്ല. സിംഹം, നരി, പുലി മുതലായ വന്യമൃഗങ്ങളുടെ കേളീരംഗമായ ആ കാനനകോണുപയിൽ ആരിൽനിന്നു്, എന്താശ്വാസമാണു് തനിക്കു കിട്ടുക! നല്പതുദിവസംകൊണ്ടു് തന്റെ കോമളശരീരം വിരൂപമായി. തപസ്സിന്റെ ഉഗ്രതയും കാലാവസ്ഥയുടെ രൂക്ഷതയും ഊഹ്യംതന്നെ. അനന്യസാധാരണമായ ഈ ഉപവാസംനിമിത്തം ആ കുന്നിനു് "നാല്പതാംമല" എന്ന പേരു അതിനുശേഷം നടപ്പിൽവരികയുണ്ടായി.

ദിവ്യരക്ഷകന്റെ ഈ ഉപവാസത്തേയും പ്രാർത്ഥനയേയും നാം കൊല്ലംതോറും അനുസ്മരിച്ചുപോരുന്നുണ്ടു്. വിഭൂതിബുധനാഴ്ചമുതൽ ഓശാനഞായറാഴ്ചവരെയുള്ള നാല്പതു ദിവസങ്ങൾ നാല്പതാംമലയിലെ സംഭവങ്ങളെ അനുകരിച്ചു് വലിയ ആഴ്ചയിലേക്കു് നമ്മെത്തന്നെ ഒരുക്കുവാൻ സഭ നിശ്ചയിച്ചിട്ടുള്ളവയത്രെ.

മറെറാരുവിധത്തിലും ഈശോയുടെ ധ്യാനപരമായ ഈ ജീവിതത്തെ നാം അനുവർത്തിക്കാറുണ്ടു്. അതെപ്പോഴാണെന്നു പറയാം. നിങ്ങൾ ഇടവകയിൽവെച്ചോ, ബോർഡിങ്ങിൽവെച്ചോ ധ്യാനം കഴിക്കാറില്ലേ. അപ്പോൾ, അപ്പോൾ ഈശോ ചെയ്തതുപോലെ ആദ്ധ്യാത്മികജീവിതത്തിലെ സമരത്തിനു ഒരുങ്ങുകയാണു് നാം. അതെ, അതെ, ഒരു സമരത്തിനു കോപ്പുകൂട്ടുകയാണു് നാം. നമ്മുടെ ഈശോ ഈ തപസ്സിനുശേഷം ഒരു മഹായുദ്ധം നടത്തി, വിജയം നേടി. ആ വിജയത്തിനു കാരണം ഈ തപസ്സും പ്രാർത്ഥനയുംവഴി സംഭരിച്ച ശക്തിയാണു്. അതിന്റെ വിശദവിവരങ്ങൾ വഴിയെ നമുക്കു പഠിക്കാം. പുണ്യജീവിതത്തിനു ആഗ്രഹിക്കുന്നവരെ പിശാചു് നിഷ്ഠുരമായി ആക്രമിക്കും. അവന്റെ മുന്നേററത്തെ ചെറുത്തുനിൽക്കാൻ, അവനെ ആട്ടിയോടിക്കാൻ ഈ വകധ്യാനം വളരെ സഹായിക്കാതിരിക്കയില്ല. ആകയാൽ ഇടവകയിൽ ധ്യാനം ഉണ്ടാകുമ്പോൾ മററു ജോലികൾ മാററിവെച്ചു് മടികൂടാതെ അതിൽ ചേരുകയും അതു വളരെ നന്നായി നടത്തുകയും വേണം."

* * *

"ജോയി!......ഹേറോദേശ് ആരായിരുന്നു?"

"ഈശോ ജനിച്ചപ്പോൾ കുഞ്ഞുങ്ങളെ കൊന്ന രാജാവു."

"ജോൺ!"

"ഇച്ചാച്ചൻ പറഞ്ഞതുണ്ടു് ഹേറോദേശ് ഉണ്ടെന്നു."

"എന്താ! അതാരെല്ലാം?"

"ഒന്നു് ഈശോയെ കൊല്ലാൻവേണ്ടി കുഞ്ഞുങ്ങളെ കൊല്ലിച്ച രാജാവു്. രണ്ടാമത്തേതു് യോഹന്നാൻ മാംദാനയെ കൊന്ന ഹേറോദേശ്."

"ബലേഭേഷ്! ജോൺ മിടുക്കനാണ്. ഈശോ ജനിക്കുന്നതിനു 37 കൊല്ലം മുമ്പു റോമാക്കാർ പലസ്തീനാരാജ്യത്തെ പൂർണ്ണമായി കീഴടക്കിയപ്പോൾ അവിടത്തെ രാജാവായി ഹേറോദേശ് എന്ന ഒരു കാപ്യനെയാണു് നിയമിച്ചതു. ഈ ആളെ ചരിത്രത്തിൽ "മഹാനായ ഹേറോദേശ്" എന്നു വിളിക്കുന്നു. അയാളുടെ മഹത്വം മുഴുവനും അടങ്ങിയിരിക്കുന്നതു മൃഗീയമായ ക്രൂരതയിലാണു്. സാധുക്കളായ അനവധിപേരെ കൊന്നുകളഞ്ഞുവെന്നതിലാണു്."

"പരമദുഷ്ടൻ എന്നാണു് അയാളെ വിളിക്കേണ്ടതു."

"ശരിയാണു് ജോൺ! എന്തുകൊണ്ടെന്നാൽ ആ ദുഷ്ടൻ അമ്മായിയപ്പനേയും, ഒരു ഭാര്യയേയും മൂന്നു മക്കളേയും മററു പലരേയും വധിച്ചിട്ടുണ്ടു്. അതിനുള്ള കാരണമോ? അവർ തന്റെ രാജാധികാരത്തോടു് എതിർക്കുമെന്നുള്ള ഒരു തോന്നൽ മാത്രം. അക്കാരണത്താൽത്തന്നെയാണു് ബെത്ലഹെമിലും അടുത്തും ഉണ്ടായിരുന്ന നിർദ്ദോഷരായ പിഞ്ചുപൈതങ്ങളെ വേട്ടയാടി വാളിനിരയാക്കിയതു്. അക്കൂട്ടത്തിൽ തന്റെ ഒരു പുത്രനും ഉൾപ്പെടുന്നു. ഈ സംഭവം റോമാചക്രവർത്തി അറിഞ്ഞപ്പോൾ പറയുകയാണു്: "ഹേറോദേശിന്റെ പന്നിയായി ജനിക്കുന്നതു് അവന്റെ മകനായി ജനിക്കുന്നതിനെക്കാൾ ഭേദമായിരിക്കും" എന്നു്.

"അങ്ങനെതന്നെ, അങ്ങനെതന്നെ."

"മഹാ ക്രൂരനായ ഈ കൊലപാതകി മരണംവരെ ഈ രാക്ഷസകൃത്യങ്ങൾ തുടർന്നു നടത്തി. എന്നാൽ ദൈവം അവനെ വെറുതെവിട്ടില്ല. ഭയങ്കരമായ ഒരു മഹാവ്യാധി പിടിപെട്ടു. വളരെ കഷ്ടതകൾ സഹിച്ചു്, നരകിച്ചു്, നിരാശനായി അങ്ങനെയാണു് അയാൾ മരിച്ചതു്. അന്യരുടെ നിർമ്മലമായ രക്തം ചൊരിയുന്ന അനേകം "മഹാന്മാർ" ഇന്നും ഹേറോദേശിന്റെ പിൻതാമികളായി ജീവിച്ചിരിപ്പുണ്ടു. അവർക്കു വരുവാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചു് അവർ ഓർത്തിരുന്നെങ്കിൽ!!!

"രണ്ടാമത്തെ ഹേറോദേശ് ആരാണു്—മേരി?"

"യോഹന്നാനെ കൊന്ന ആൾ."

"ആ രാജാവു് ഈശോയെ പരിക്കൽപരിഹസിച്ചിട്ടുമുണ്ടു്. ഇവരെക്കൂടാതെ വേറെ ഹേറോദേശ് രാജാക്കന്മാർ ഉണ്ടോ?"

"തോമസ്!"

"അറിഞ്ഞുകൂടാ."

"രണ്ടുപേരുടെ പേരുകൂടെ വേദപുസ്തകത്തിൽ കാണുന്നു. ആദ്യത്തേതു്, ഹേറോദേശ് അഗ്രിപ്പാ ഒന്നാമൻ. മഹാനായ ഹേറോദേശിന്റെ പൗത്രൻ. അപ്പസ്തോലനായ വലിയ യാക്കോബിനെ കൊന്നതു ഈ ആളാണു്. ഇദ്ദേഹത്തിന്റെ മകൻ ഹേറോദേശ് അഗ്രിപ്പാ രണ്ടാമൻ. ഒടുവിൽപറഞ്ഞ മൂന്നു ഹേറോദേശ് മാരെപ്പററിയും പിന്നീടു് പ്രതിപാദിക്കുന്നതാണു്."

ഗൃഹപാഠം

"നാല്പതുദിവസം" ഈശോ ഉപവസിക്കാൻ ചില കാരണങ്ങൾ ഉണ്ടു. അവ ഏവ?

സ്വന്തം കൊച്ചച്ചൻ.

---

പ്രഥമ ചരമവാർഷികം



ശ്രീ കഴിക്കച്ചാലിൽ മത്തായി ഉലഹന്നാൻ

ജനനം 10—6—1880

മരണം 28—9—1950

R. I. P

*Inserted by his beloved son Fr. G. Kazhikachalil.*

---


# പ്രേഷിതാർത്ഥിനികൾക്കു

## സ്വാഗതം!

വി. കുരിശിന്റെ കരുണയുടെ സഹോദരികളായ യൂറോപ്യൻ കന്യാസ്ത്രീകൾ, പാററ്നാ, റാഞ്ചി എന്നീ രൂപതകളിൽ വിവിധ പ്രേഷിതവേലകൾ ചെയ്തുവരുന്നു. സ്കൂളുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ, അനാഥശാലകൾ തുടങ്ങി ഉപവിക്കടുത്ത അനേകസ്ഥാപനങ്ങൾ അവരുടെ പ്രവർത്തനരംഗങ്ങളാണു്. ഇന്നു ഇദംപ്രഥമമായി ഹസ്സാരിബാഗിൽ ഭാരതീയ അർത്ഥിനികൾക്കായി ഒരു നൊവിസ്യാത്തു സമാരംഭിക്കുന്നു.

മിഷൻരംഗത്തു ദൈവത്തിനു സ്വയം സമർപ്പിക്കുന്നതിനാഗ്രഹിക്കുന്ന പ്രേഷിതചൈതന്യമുള്ള കേരളീയ യുവതികൾ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കട്ടെ.

The Rev. Mother Superior
Holy Cross Convent, Bettiah P. O.
Champaram Dt. N. India


# വൈദികാദ്ധ്യക്ഷ സമ്മേളനം

കേരളത്തിലെ സുറിയാനി വൈദികാദ്ധ്യക്ഷന്മാരുടെ വാർഷികകോൺഫറൻസ് എറണാകുളം അതിമെത്രാസനമന്ദിരത്തിൽവച്ചും ലത്തീൻ വൈദികാദ്ധ്യക്ഷന്മാരുടെ വാർഷികകോൺഫറൻസ് വരാപ്പുഴ അതിമെത്രാസനാരമനയിൽവച്ചു സെപ്ററംബർ 25 ാംനു നടന്നിരിക്കുന്നു. കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരുടെ സായുക്തകോൺഫറൻസ് 25 ാംനു എറണാകുളം അതിമെത്രാസനാരമനയിൽവച്ചു നടക്കുന്നതായിരിക്കും.

# ഇടവകവാർത്തകൾ

തിടനാട്ടു് സത്യാരാധന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സെപ്ററംബർ 30 ാംനു അരുവിത്തുറ, പൂഞ്ഞാർ എന്നി ഇടവകകളിൽക്കൂടി ഒരു പരിഹാരപ്രദക്ഷിണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—അറക്കുളം: സെൻറു് തോമസ് വലിയ പള്ളി ഇടവകയിൽ സെൻറു് തോമസ് യുവജനസമാജം എന്നപേരിൽ ഒരു സംഘടന സെപ്ററംബർ 16-ാംനു ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—ഇടമററം: ചെറുപുഷ്പ മിഷൻലീഗിന്റെ പ്രഥമവാർഷികം സെപ്ററംബർ 16-ാംനു റെവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. റവ. ഫാദർ മാണി തറപ്പേൽ, ബ്രദർ പി. എം. ജോസഫ് ബി എസ് സി, ശ്രീ പി. ഐ. ഇഗ്നേഷ്യസ് ബി എ ബി എൽ എന്നിവരായിരുന്നു പ്രാസംഗികർ.

—കുളത്തൂർ: ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ സെപ്ററംബർ 20-ാംനു റവ. ഫാദർ തോമസ് മണ്ണൂർപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടിയിരിക്കുന്നു. പുതുക്രൈസ്തവരെ മതതത്വങ്ങൾ പഠിപ്പിക്കുക, അരി, പഴയ വസ്ത്രങ്ങൾ മുതലായവ ശേഖരിച്ചു് സാധുകുടുംബങ്ങൾക്കു് വിതരണംചെയ്യുക മുതലായ പ്രവർത്തനങ്ങൾ പ്രസ്തുത മിഷൻലീഗുശാഖ നിർവ്വഹിച്ചുവരുന്നതായറിയുന്നു.

—വായ്പൂരു് പുത്തൻപള്ളിയിൽ ചെറുപുഷ്പമിഷൻലീഗിന്റെ ഒരു ശാഖ സ്ഥാപിതമായിരിക്കുന്നു.

—കാവിൽപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻഡ്രൽ സിററി, സ്കൂട്ട് മുതലായവയുടെ വാർഷികസമ്മേളനം റവ. ഫാദർ ജെ. പഞ്ഞിക്കാരൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. മെ. ജോസഫ് പൊന്നേഴ ബി എ, വറുഗീസ് കുട്ടുങ്കൽ എന്നിവർ ഓരോ പ്രസംഗംചെയ്യുകയുണ്ടായി. യോഗാനന്തരം "മാതൃകാബാലൻ" എന്ന ഒരു പ്രഹസനവും അഭിനയിക്കപ്പെട്ടു.

—നാട്ടകം: സെൻറു് തെരേസാസ് ദേവാലയാങ്കണത്തിൽവച്ചു സെപ്ററംബർ 12-ാംനുമുതൽ സാധുക്കൾക്കു പാലു, ഗോതമ്പുമാവു്, ഉണങ്ങിയമുട്ട മുതലായവ വിതരണംചെയ്യപ്പെട്ടുവരുന്നു.

---

അടുത്ത ഞായറാഴ്ച

ദ്വിതീയ ചരമവാർഷികം



ശ്രീ തട്ടിൽ മണ്ടി ചുമ്മാർ ദേവസ്സി

(പുത്തമ്പിടിക)

(Father of T. D. Joseph, Labour Officer, Charles Mandy, Asst. Sales Tax Officer, & Simon Mandy, High School teacher)

ജനനം: 15—5—1887

മരണം: 30—9—1949

"എന്റെ അമ്മെ, എന്റെ ആശ്രയമെ."

R. I. P.

---

ഇടവകയിൽ കുട്ടികൾക്കായി നടത്തപ്പെട്ട ധ്യാനം സെപ്ററംബർ 16 ാംനുയോടുകൂടി പര്യവസാനിച്ചിരിക്കുന്നു. ധ്യാനദിവസങ്ങളിൽ സാധുക്കളായ കുട്ടികൾക്കു് ഉച്ചഭക്ഷണം നൽകിയിരുന്നതായറിയുന്നു.

—ഒല്ലൂർ: കത്തോലിക്കാകോൺഗ്രസ് വർക്കിംഗ്കമ്മിററിയുടെ ഒരു യോഗം സെപ്ററംബർ 16-ാംനു കൂടി, കമ്മ്യൂണിസത്തിനെതിരായി ലഘുലേഖാപ്രസ്ഥാനം ആരംഭിക്കുവാനും, ഗ്രാമങ്ങൾതോറും പ്രസംഗങ്ങൾ നടത്തുന്നതിനായി ഒരു കമ്മ്യൂണിസ്റ്റു വിരുദ്ധപ്രചരണപാർട്ടി രൂപവൽക്കരിക്കുന്നതിനും, തിരു-കൊച്ചി സന്ദർശിക്കുവാൻ പോകുന്ന പണ്ഡിററു് നെഹ്റുവിനെ ഒല്ലൂരിലേക്കു ക്ഷണിച്ചു് തിരു-കൊച്ചിയിലെ ക്രിസ്ത്യാനികളുടെ അവശതകളെപ്പററി ഒരു നിവേദനംസമർപ്പിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

—മുതലക്കോടം: കത്തോലിക്കാ കോൺഗ്രസ് മൈലക്കൊമ്പു് ഫൊറോനാ യൂണിയന്റെ ഒരു സമ്മേളനം സെപ്ററംബർ 16-ാംനു ശ്രീ ററി. മാത്യു ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മെ. മാത്യു കണ്ടിരിക്കൽ, ജയിംസ് കണ്ടത്തിൽ എന്നിവർ ഓരോ പ്രസംഗംചെയ്തു.

## ചരമം

കരിമ്പാനി: കോയിക്കൽ കുടുംബാംഗമായ പി. കെ. എം. ആഗസ്തി 16-ാമത്തെ വയസ്സിൽ സെപ്ററംബർ 17-ാംനു നിര്യാതനായിരിക്കുന്നു. R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, SEPTEMBER 26, 1951 ‖ No 7


# തിരുനാൾ മംഗളം

ഈ വരുന്ന സെപ്റ്റംബർ 30-ാംനു- ഞായറാഴ്ച, സഭാമണ്ഡലത്തിലെ ഒരക്ഷയജ്യോതിസ്സായി വിരാജിക്കുന്ന വി. ജറോമിന്റെ തിരുനാളാണ്. കൊല്ലം രൂപതാദ്ധ്യക്ഷനായ മോസ്റ്റ് റവ. ഡോക്ടർ ജറോം ഫർണാന്റസ് തിരുമേനിയുടെ നാമഹേതുകനാണ് ഈ വിശുദ്ധൻ എന്ന കാരണത്താൽ പ്രസ്തുതസുദിനം കേരളീയ കത്തോലിക്കരുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്ന ഒന്നായിരിക്കുന്നു. സഭയുടേയും സമുദായത്തിന്റേയും അഭിവൃദ്ധിയെ ലക്ഷ്യമാക്കി ഈ അഭിവന്ദ്യതിരുമേനി ചെയ്തുവരുന്ന നിസ്തുല സേവനങ്ങൾ ഇതിനകം ഏവരുടേയും



അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുള്ളതാണ്. വിശിഷ്യ ഫാത്തിമാനാഥയുടെ നാമത്തിൽ കൊല്ലത്തു സമാരംഭിച്ചിരിക്കുന്ന കലാലയം വിദ്യാഭ്യാസവിഷയകമായി തിരുമേനിക്കുള്ള അഭിനിവേശത്തിന്റേയും പ്രതിബന്ധങ്ങളെ തരണംചെയ്തു ഉദ്ദിഷ്ടകാര്യം സാധിക്കുവാൻ തിരുമേനിക്കുള്ള സാമർത്ഥ്യത്തിന്റേയും മകുടോദാഹരണമായി പരിലസിക്കുന്നു. പ്രശാന്തമതിയും ധർമ്മധീരനുമായ തിരുമനസ്സിലെ ഭരണം സർവ്വഥാ ശ്രേയസ്കരമായിഭവിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും തിരുമനസ്സിലേക്കു സകലവിധമംഗളങ്ങളുമാശംസിക്കുകയും ചെയ്തുകൊള്ളുന്നു.

# മഹാകവിക്ക് ഏതുവേണം സ്വാതന്ത്ര്യമോ, അടിമത്തമോ?

ആ കമ്മ്യൂണിസ്റ്റ് പത്രലേഖകന്റെ ചോദ്യങ്ങൾക്കു മഹാകവി വള്ളത്തോൾ നൽകിയ മറുപടികളുടെ അവസാനം ഇങ്ങനെയായിരുന്നു:- "ചുരുക്കത്തിൽ, യഥാർത്ഥമായ പ്രജായത്തഭരണംകൊണ്ടു ഒരു രാജ്യത്തിനു് എത്രകണ്ടു വളർച്ചയുണ്ടാകാമെന്നതിനു ഉദാഹരണമാണ് ഇന്നത്തെ റഷ്യാരാജ്യം." റഷ്യയെപ്പററി അദ്ദേഹത്തിനു പറയാനുള്ള അഭിപ്രായങ്ങളുടെയെല്ലാം സാരസർവ്വസ്വമാണ് ഈ വാക്യത്തിൽ കൊള്ളിച്ചിരിക്കുന്നതെന്നു് "ചുരുക്കത്തിൽ" എന്ന പദം സ്പഷ്ടമാക്കുന്നുണ്ടല്ലോ. യഥാർത്ഥമായ പ്രജായത്തഭരണത്തിന്റെ കാതൽ പൗരസ്വാതന്ത്ര്യമാകുന്നു—മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യം. ഇവയിൽ മതസ്വാതന്ത്ര്യം റഷ്യയിൽ ഇല്ലെന്നുമാത്രമല്ല ഭയങ്കരമായ മതമർദ്ദനംതന്നെ ഉണ്ടെന്നു് ഈ വിമർശനപരമ്പരയുടെ ആദ്യത്തെ ലേഖനത്തിൽ സമർത്ഥിച്ചു. രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ കണികപോലും റഷ്യയിൽ ഇല്ലെന്നു് രണ്ടാമത്തെ ലേഖനം തെളിയിച്ചു. ആ സ്വാതന്ത്ര്യങ്ങൾ സംബന്ധിച്ചുള്ള പത്രലേഖകന്റെ ചോദ്യങ്ങൾക്കു മഹാകവി നൽകിയ മറുപടികൾ അർദ്ധസത്യങ്ങളും അവാസ്തവങ്ങളുമായ പ്രസ്താവങ്ങളടങ്ങിയതാണെന്നു് തദ്വാരാ പ്രസ്പഷ്ടമായി. ഇനി മററു സ്വാതന്ത്ര്യങ്ങളുടെ കാര്യമെടുക്കാം.

## റഷ്യയിൽ സാമ്പത്തികസ്വാതന്ത്ര്യമില്ലെന്നു വെൻറൽവിൽക്കിയും സ്ഥാനപതിയും

തനിക്കിഷ്ടമുള്ള ഏതുജോലിയും തനിക്കിഷ്ടമുള്ളവരുടെ കീഴിലിരുന്നു ചെയ്യാൻ ഏതൊരു മനുഷ്യനുമുള്ള ജന്മസിദ്ധമായ അവകാശം യഥാർത്ഥമായ സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ അവശ്യഘടകമാണ്. റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിഗവമെന്റ് ഈ അവകാശം സകല പൗരന്മാർക്കും തത്വത്തിലും പ്രയോഗത്തിലും നിഷേധിച്ചിരിക്കുന്നു. കഴിഞ്ഞ ലോകമഹായുദ്ധത്തിനിടയ്ക്കു റൂസ്‌വെൽറ്റിനെതിരായി അമേരിക്കയിലെ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിനിന്ന മഹാനാണ് വിൽക്കി. ഇദ്ദേഹം യുദ്ധകാലത്തു് ഒരു ലോകപര്യടനം നടത്തി. റഷ്യയിലായിരിക്കുമ്പോൾ അദ്ദേഹം അവിടത്തെ ഒരു ഫാക്ടറി സന്ദർശിച്ചു. അതിലെ സൂപ്രണ്ടുമായുണ്ടായ സംഭാഷണം "ഏകലോകം" എന്ന ലോകപ്രസിദ്ധമായ തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. വിൽക്കി ചോദിച്ച ചോദ്യങ്ങൾക്കു് ആ സൂപ്രണ്ടു നൽകിയ ഉത്തരങ്ങളുടെ സംക്ഷേപം താഴെചേർക്കുന്നു:—

"ഞാൻ ഈ ജോലി ശരിയായി ചെയ്തില്ലെങ്കിൽ ഞാൻ "ലിക്വിഡേററ്" ചെയ്യപ്പെടും (ഇതിന്റെ അർത്ഥം തരംതാഴ്ത്തൽമുതൽ ജീവഹാനിവരെയാണെന്നു വിൽക്കി വ്യാഖ്യാനിക്കുന്നു). ഈ ഫാക്ടറിയിലെ ഡയറക്ടറെ എനിക്കിഷ്ടമില്ലെന്നുവന്നാലും ഈ സ്ഥലംവിട്ടു മറെറാരു ഫാക്ടറിയിൽ ജോലികിട്ടണമെങ്കിൽ, അവിടെ എനിക്കു കൂടുതൽ ഗുണംചെയ്യാൻ സാധിക്കുമെന്നു ബോദ്ധ്യപ്പെട്ടു് കമ്മ്യൂണിസ്റ്റ് പാർട്ടി അനുമതിനൽകണം. ഈ ഫാക്ടറിയിൽ എനിക്കിഷ്ടമില്ല മറെറതെങ്കിലും ജോലികിട്ടുന്നതിനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുവാദം കൂടിയേ കഴിയൂ."

മുതലാളിത്തരാജ്യങ്ങളിലെ പൗരന്മാർക്കു് ഇഷ്ടമുള്ള മുതലാളികളെ തിരഞ്ഞെടുക്കാനും അവരുടെ കീഴിൽ ഇഷ്ടമുള്ള ജോലിചെയ്യാനും സ്വാതന്ത്ര്യമുണ്ടു. സോവ്യററു റഷ്യയിൽ ആ സ്വാതന്ത്ര്യം ഫാക്ടറിസൂപ്രണ്ടന്മാർക്കുപോലും നിഷേധിക്കപ്പെട്ടിരിക്കുന്നു!

തങ്ങൾ ചെയ്യുന്ന വേലയുടെ ഫലം തങ്ങൾക്കനുഭവിക്കുവാനും ജന്മസിദ്ധമായ അവകാശം പൗരന്മാർക്കുണ്ട്. ആ അവകാശവും സോവ്യററുറഷ്യയിൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. റഷ്യയിൽ അമേരിക്കൻസ്ഥാനപതിയായിരുന്ന, റഷ്യയോടുവളരെ അനുഭാവമുണ്ടായിരുന്ന, മിസ്റ്റർ ജോസഫ് ഡേവിസ് റഷ്യയെപ്പററി രചിച്ചിട്ടുള്ളതും സിനിമാപ്രദർശനത്തിനു വിഷയീഭവിച്ചതുമായ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:-

"പഞ്ചവത്സരപദ്ധതിയുടെ ആദ്യകൊല്ലങ്ങളിൽ ഗവമെന്റിനു കാർഷികഡിസ്ട്രിക്ടുകളിൽനിന്നു നിസ്സഹകരണരൂപത്തിലുള്ള എതിർപ്പുകൾ വീണ്ടും നേരിടേണ്ടിവന്നു. ഈ എതിർപ്പുകൾ നിഷ്ഠുരണം അടിച്ചമർത്തപ്പെട്ടു. എളുപ്പവും എന്നാൽ ക്രൂരവുമായ മാർഗ്ഗമാണു ഗവമെന്റു പ്രയോഗിച്ചതു്. തങ്ങൾക്കു് ആവശ്യമുള്ളിടത്തോളം ധാന്യങ്ങൾ കർഷകരിൽനിന്നോ, ഭക്ഷണത്തിനോ വിത്തിനോവേണ്ടി യാതൊരംശവും അവരിൽ ശേഷിപ്പിക്കാതെ, ഗവമെന്റു പിടിച്ചെടുത്തു. ഇതിന്റെഫലം അനേകം ഡിസ്ട്രിക്ടുകളിൽ പട്ടിണിയാലുള്ള മരണമായിരുന്നു. ഈ പിടിച്ചെടുക്കൽപ്രസ്ഥാനത്തിനിടയിൽ 20 ലക്ഷം മുതൽ 30 ലക്ഷംവരെ കർഷകജനങ്ങൾ മരണമടഞ്ഞുവെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു. കൃഷി ദേശസാൽകരിക്കുന്നതും യന്ത്രീകരിക്കുന്നതുമായ പരിപാടിയും ഇതുപോലെ നിഷ്ഠുരണമായ അക്രമപ്രവത്തനത്താൽതന്നെ പ്രയോഗത്തിൽ വരുത്തപ്പെട്ടു. അനേകായിരം "കുലാക്കുകൾ" (വൻതരം നിലമുടമസ്ഥന്മാർ) നിശ്ശേഷം കൊള്ളചെയ്യപ്പെട്ടു."

## റഷ്യയിലെ അടിമവേലക്കാർ

സോവ്യററുറഷ്യയിൽ അനേകലക്ഷം ആളുകളെ തടങ്കൽക്യാമ്പുകളിൽ പിടിച്ചുകൊണ്ടുപോയി പാർപ്പിക്കുകയും അടിമകളെപ്പോലെ അവരെക്കൊണ്ടുവേലചെയ്യിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള വസ്തുത പ്രസിദ്ധമാണല്ലോ. സോവ്യററ്ഗവമെന്റിന്റെ ഔദ്യോഗികമായ അനേകം രേഖകൾ ഇതിനു തെളിവായി ഉദ്ധരിച്ചുകൊണ്ടു് പല ഗ്രന്ഥങ്ങളും പണ്ടേ പുറത്തുവന്നിട്ടുള്ളതാണ്. അതിൽ ഏററവും പ്രധാനപ്പെട്ട ഒന്നു് ("Forced Labour in Soviet Russia" by David Dallin and Boris Nicolaevsky in 1947- Yale University Press) കൺമുൻപിൽ വച്ചുകൊണ്ടാണ് ഇതെഴുതുന്നതു്. ഡെൻമാർക്കിലെ തൊഴിലാളി ഫെഡറേഷന്റെ പ്രസിഡന്റായ എയിലർ ജെൻസൻ (Eiler Jensen) രണ്ടുമൂന്നുമാസങ്ങൾക്കുമുൻപു ഈ വിഷയത്തെപ്പററി തലസ്ഥാനനഗരിയായ കോപ്പൻഹേജനിൽനിന്നു് ഒരു റേഡിയോപ്രസംഗം ചെയ്യുകയുണ്ടായി. "എന്റെ കൈവശം ചില പ്രമാണരേഖകൾ ഉണ്ട്. സോവ്യററു യൂണിയനിലെ തൊഴിലാളിതടങ്കൽക്യാമ്പുകളുടെ കേന്ദ്രഭരണം നടത്തുന്ന ഗുലാഗ് എന്ന സമിതിയുടെ കീഴിൽ 14 000 000 അടിമവേലക്കാർ ഉണ്ടെന്നു് ആ രേഖകളിൽനിന്നു കാണാം. ക്യാമ്പുകളിലെ മേധാവികളുടെ ഒപ്പുകളോടും മുദ്രകളോടുംകൂടി ഗുലാഗ് ഭരണസമിതിയിൽനിന്നു നൽകിയിട്ടുള്ള പാസ്പോർട്ടുകളുടെ ഫോട്ടോസ്ററാററിക് പ്രതികളും എന്റെ കൈവശമുണ്ട്. ബൃഹത്തായ സോവ്യററ് രാജ്യത്തിന്റെ ഒരു മാപ്പും എന്റെ കൈവശമുണ്ട്. കംചാട്കാമുതൽ റഷ്യയുടെ പടിഞ്ഞാറെ യൂറോപ്യൻ അതിർത്തിവരെയുള്ള ക്യാമ്പുകൾ അതിൽ അടയാളപ്പെടുത്തിയിരിക്കുന്നു. ആകെക്കൂടി 175 ക്യാമ്പുകളാണുള്ളതു്."

രണ്ടുമൂന്നു കൊല്ലം മുൻപു് ബ്രിട്ടീഷ് ഗവമെന്റ് ലോകത്തിനു നൽകിയ ഒരു റേഡിയോ സന്ദേശത്തിൽ, അടിമവേലയെ അംഗീകരിക്കുന്ന സോവ്യററ് നിയമങ്ങളുടെ ഉള്ളടക്കം അക്ഷരംപ്രതി പ്രസിദ്ധപ്പെടുത്തുകയും ആ നിയമങ്ങളനുസരിച്ചു 100 ലക്ഷം റഷ്യാക്കാർ അടിമവേലക്കാരായി കഴിയുകയാണെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഈ പ്രശ്നം ഐക്യരാഷ്ട്രസമിതിയുടെ എക്കണോമിക്കും സോഷ്യലും കൗൺസിലിന്റെ ശ്രദ്ധയിൽ പെട്ടു. അംഗരാഷ്ട്രങ്ങൾ ഏതും സന്ദർശിക്കുവാനും ലോകത്തിൽ എവിടെയുമുള്ള അടിമവേലയെപ്പററി അന്വേഷണങ്ങൾ നടത്തുവാനും അധികാരം നൽകിക്കൊണ്ടു് 11 പേരടങ്ങിയ ഒരു കമ്മിഷൻ ഏർപ്പെടുത്തുവാൻ പ്രസ്തുത കൗൺസിലിൽ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു 1949 ആഗസ്റ്റിൽ കൂടിയ കൗൺസിലിന്റെ യോഗത്തിൽ ആ പ്രമേയത്തിനെതിരായി റഷ്യയും അതിന്റെ പിടിയിലുള്ള രാജ്യങ്ങളും വോട്ടുചെയ്തു. നേരെമറിച്ചു യു. എസ്സ്. ഗവമെന്റിലെ സാമ്പത്തികവകുപ്പിന്റെ അസിസ്റ്റന്റ് സിക്രട്ടറി അഫ്ഥോറപ്പ് (Willard L. Thorp) പറഞ്ഞു, യു. എസ്സ്. എസ്സ് ആറിൽനിന്നോ മററവിടെയുംനിന്നോ ആർക്കും തന്റെ രാജ്യത്തുവന്നു പ്രസ്തുതവിഷയത്തെപ്പററി അന്വേഷണം നടത്താൻ പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നു്. പ്രസ്തുതകൗൺസിൽ 1951 മാർച്ചിൽ തെക്കെ അമേരിക്കായിലെ ചിലി രാജ്യത്തിന്റെ തലസ്ഥാനമായ സാന്റിയാഗോയിൽ സമ്മേളിച്ചപ്പോൾ വീണ്ടും ഈ വിഷയത്തെപ്പററി പ്രമേയം അവതരിപ്പിക്കപ്പെട്ടു. നിഷ്പക്ഷരായ വിദഗ്ദ്ധന്മാരടങ്ങപ്പെട്ട ഒരു ജോയിൻറ് കമ്മിററി ഏർപ്പെടുത്തുന്നതിൽ സഹായിക്കണമെന്നു് സർവ്വരാജ്യ തൊഴിലാളിസമിതിയോടു് അഭ്യർത്ഥിക്കുവാനും, ഇന്നു നിലവിലുള്ള അടിമവേലക്കാരുടെ ക്യാമ്പുകളുടെ സ്വഭാവവും വൈപുല്യവും അന്വേഷിച്ചുപഠിക്കുകയും അന്വേഷണഫലങ്ങൾ പ്രസ്തുത കൗൺസിലിന്റേയും സമിതിയുടേയും സമക്ഷം സമർപ്പിക്കുകയും ചെയ്യുവാനുമായിരുന്നു പ്രമേയം. എതിർത്തു വോട്ടുചെയ്തവർ റഷ്യയുടേയും അതിന്റെ പിടിയിൽപ്പെട്ട രാജ്യങ്ങളുടേയും പ്രതിനിധികൾ മാത്രമായിരുന്നു. സോവ്യററ് യൂണിയനിൽ ലക്ഷോപലക്ഷം അടിമവേലക്കാരെ തടങ്കൽ ക്യാമ്പുകളിൽ താമസിപ്പിക്കുകയും അവരെക്കൊണ്ടു നിർബന്ധിച്ചു വേലയെടുപ്പിക്കുകയും ചെയ്യുന്നതു് യഥാർത്ഥമായ സാമ്പത്തികസ്വാതന്ത്ര്യത്തിനു യോജിച്ചതാണോ? അവിടെ അടിമവേലക്കാരും അവരുടെ ക്യാമ്പുകളും ഇല്ലെന്നുള്ളതാണു വാസ്തവമെങ്കിൽ, ഐക്യരാഷ്ട്രസമിതിയാൽ അധികാരപ്പെടുത്തപ്പെടുന്ന നിഷ്പക്ഷരും വിദഗ്ദ്ധരുമായ പ്രതിനിധികൾക്കുപോലും അന്വേഷണാർത്ഥം പ്രവേശനം നൽകുവാൻ റഷ്യ വിസമ്മതിച്ചതും വിസമ്മതിച്ചുകൊണ്ടിരിക്കുന്നതും എന്തുകൊണ്ടെന്നു് മഹാകവി മറുപടിപറയുമോ?

ആ കമ്മ്യൂണിസ്റ്റ് പത്രലേഖകന്റെ മൂന്നാമത്തെ ചോദ്യം ഇതായിരുന്നു: "താങ്കൾ ഇംഗ്ലണ്ടും ഫ്രാൻസും റഷ്യയും സന്ദർശിക്കുകയുണ്ടായല്ലോ. അവിടങ്ങളിലേയും റഷ്യയിലേയും കൃഷിക്കാരുടെ ജീവിതനിലവാരങ്ങളെ ചുരുക്കമായി വിശകലനം ചെയ്യാമോ?" മഹാകവി ഇങ്ങനെ മറുപടി നൽകി: "പടിഞ്ഞാറൻ യൂറോപ്പിൽ ഫ്രാൻസിലാണ് കൃഷിക്കാരുടെ ജീവിതം കുറെ ഉയർന്ന നിലവാരത്തിലെത്തിയിട്ടുള്ളതു് എന്നാൽ അതിലും പതിന്മടങ്ങു മെച്ചത്തിലാണ് റഷ്യൻ കർഷകരുടെ സ്ഥിതി." റഷ്യൻ ഗവമെന്റ് ആ രാജ്യത്തിലെ കൃഷിക്കാരോടു പെരുമാറിയതെങ്ങനെയെന്നു് അവിടെ അമേരിക്കൻ സ്ഥാനപതിയായിരുന്ന മിസ്റ്റർ ജോസഫ് ഡേവിസിന്റെ വാക്കുകൾ മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അതിന്റെ വെളിച്ചത്തിൽ, മഹാകവിയുടെ ഈ മറുപടിക്കു വല്ല വിലയുമുണ്ടോ?

## റഷ്യയിൽ സാംസ്കാരിക സ്വാതന്ത്ര്യമില്ലെന്നു് സോവ്യററു കലാകാരൻ

മഹാകവിയോടു നാലാമതായി ചോദിച്ചതിങ്ങനെയാണ്: "വളരുന്ന തലമുറയുടെ സാഹിത്യപരവും കലാപരവുമായ വളർച്ചയ്ക്കുവേണ്ടി സോവ്യററ് ഗവമെന്റ് എന്തെല്ലാം ചെയ്യുന്നുണ്ട്?" അതിനദ്ദേഹം ഈ മറുപടിനൽകി: "കലകളുടേയും സംസ്കാരങ്ങളുടേയും വളർച്ചയ്ക്കു് സോവ്യററു ഗവമെന്റ് ഗണ്യമായ സഹായം ചെയ്യുന്നുണ്ട്. തിയേററുകളൊക്കെ ഗവമെന്റുവകയാണ്."

പ്രജായത്തരാജ്യങ്ങളിൽ കലാപരവും സംസ്കാരപരവുമായ കാര്യങ്ങളെല്ലാം ഗവമെന്റല്ലല്ലോ ഏറെറടുത്തിരിക്കുന്നതു്. മഹാകവിയുടെ മേൽനോട്ടത്തിലുള്ള കലാമണ്ഡലംതന്നെയും ഗവമെന്റുവകയാണോ? ആക്കാൻ അദ്ദേഹം സമ്മതിക്കുമോ? പിന്നെ എന്തുകൊണ്ടാണ് റഷ്യയിൽ "തിയേററുകളൊക്കെ ഗവമെന്റുവകയായി" കണ്ടതെന്നു് അദ്ദേഹം ചിന്തിച്ചിട്ടുണ്ടോ ആവോ? എന്തുകൊണ്ടാണെന്നു് ഒരു സോവ്യററ് കലാകാരൻ തന്നെ മറുപടി പറയുന്നതു കേൾക്കുക. സോവ്യററ് ചലച്ചിത്രസമ്പ്രദായത്തിൽ വിദഗ്ദ്ധന്മാരായ രണ്ടു കലാകാരന്മാർ അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ ഇക്കൊല്ലം ആദ്യത്തിൽ ഇൻഡ്യയിൽ സഞ്ചരിച്ചിരുന്നു. അവരിലൊരാളായ വി. പുഡോവ്കിൻ സോവ്യററ് ചലച്ചിത്രപ്രദർശനത്തിന്റെ ഉദ്ദേശവും സ്വഭാവവും ആയിടെ മദ്രാസിൽചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം വിശദീകരിച്ചു:

"ഞങ്ങളുടെ സോവ്യററ് ചലച്ചിത്രം പുരോഗമിപ്പിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും ഉദ്ദേശിക്കുന്ന ലക്ഷ്യത്തെ "സോഷ്യലിസ്റ്റ് റിയലിസം" എന്നാണു ഞങ്ങൾ വിളിക്കുന്നതു്. കലാകാരനെ സോവ്യററ് രാഷ്ട്രത്തെ സൃഷ്ടിക്കുന്നതി

ൽ പങ്കെടുക്കുന്ന ഊർജ്ജസ്വലനും വിലയുള്ളവനുമായ പ്രവർത്തകനാക്കിത്തീർക്കുന്ന സമ്പ്രദായമാണ് ഇതു്. "റിയലിസം" എന്നു വിളിക്കുന്നതിന്റെ കാരണം ഞങ്ങളുടെ കല ജീവിതത്തെ അതിന്റെ പൂർണ്ണതയിലും അതുൾക്കൊള്ളുന്ന എല്ലാ വശങ്ങളോടുംകൂടിയും പ്രതിഫലിപ്പിക്കുന്നു എന്നതാണ്. സോഷ്യലിസ്റ്റ് എന്നു വിളിക്കുന്നതു ജീവിതത്തെ വീക്ഷിക്കുന്നതിനും പ്രതിപാദനത്തിനുംവേണ്ടിയുള്ള സൃഷ്ടിപരമായ പ്രവർത്തനം സോവ്യറ്റ് രാഷ്ട്രത്തെ വികസിപ്പിക്കുകയെന്ന ഉൽകൃഷ്ടലക്ഷ്യങ്ങൾക്കു് വിധേയമാക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഒക്ടോബറിലെ ആ മഹത്തായ സോഷ്യലിസ്റ്റ് വിപ്ലവം സൃഷ്ടിച്ചതും ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ ഞങ്ങളുടെ ജനങ്ങൾ അധികാരത്തിൽ വരികയും പഴയ വ്യവസ്ഥിതി തച്ചുടച്ചു പുതിയ സാമുദായികവ്യവസ്ഥിതി സൃഷ്ടിക്കുവാൻ തങ്ങളുടെ സൃഷ്ടിപരമായ ശക്തികളെ വിനിയോഗിക്കുന്നതിനു് ഇടയാക്കിയതുമായ സാഹചര്യങ്ങളിൽമാത്രമേ കലാവിദ്യയുടെ പ്രസ്തുതലക്ഷ്യം കാണപ്പെടുകയുള്ളുവെന്നതു സ്വാഭാവികമാണല്ലോ."

ഈ വാക്കുകളിൽനിന്നു് സ്പഷ്ടമായി കാണാം, സോവ്യറ്റ് കലാവിദ്യയുടെ ഉദ്ദേശമെന്തെന്നു്. റഷ്യക്കു പുറത്തുള്ള രാജ്യങ്ങളിൽ സോവ്യറ്റ് കലാപ്രദർശനം നടത്തപ്പെടുന്നതു് ആ രാജ്യങ്ങളെ സോവ്യറ്റ് ആധിപത്യത്തിന്റെ കീഴിൽ കൊണ്ടുവരുവാൻ അവിടങ്ങളിൽ കളമൊരുക്കുവാനാണ്. റഷ്യക്കു പുറത്തുള്ള സോവ്യറ്റ് കലയുടെ ഉദ്ദേശമിതാണെങ്കിൽ റഷ്യക്കകത്തുള്ളതിന്റെ കാര്യം പറയാനുണ്ടോ? കലകളുടെ വളർച്ചയ്ക്കു് സോവ്യറ്റ് ഗവമ്മെൻറു് ധാരാളമായ ധനസഹായം ചെയ്യുന്നതും, തീയേറ്ററുകളൊക്കെ ഗവമ്മെൻറു വകയായിരിക്കുന്നതും റഷ്യൻജനത ആ കടുത്ത സ്വേച്ഛാധിപത്യത്തിന്റെ പിടിയിൽനിന്നു് തലപൊക്കി യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ ഒരിക്കലും ശ്രമിക്കാതിരിക്കുവാൻ വേണ്ടിയാണ്.

## സോവ്യറ്റ് യൂണിയനിലെ രഹസ്യപ്പോലീസ്

കമ്മ്യൂണിസ്റ്റ് നേതാവായ ശ്രീ എ. കെ. ഗോപാലൻ ഈയിടെ തിരു-കൊച്ചി സന്ദർശിച്ചപ്പോൾ ഇവിടത്തെ പോലീസ് അദ്ദേഹത്തെ ഇടവിടാതെ പിൻതുടർന്നിരുന്നുവെന്നും അതു പൗരാവകാശവിരുദ്ധമായ നടപടിയാണെന്നും അദ്ദേഹം ചീഫ്മിനിസ്റ്റർക്കു് ഒരു തുറന്ന കത്തുപോലും എഴുതി മുക്തകണ്ഠം ആക്ഷേപിക്കുകയുണ്ടായല്ലോ. സെപ്റ്റംബർ 16-ാംനു തിരുവനന്തപുരത്തുകൂടിയ കോൺഗ്രസ്സു് പാർലമെൻററി പാർട്ടി എക്സിക്യൂട്ടീവു് കമ്മിറ്റിയുടെ യോഗത്തിൽ ചീഫ്മിനിസ്റ്റർ സമുചിതമായ മറുപടിയും പറഞ്ഞു "പോലീസ് പിൻതുടന്നതു് ശരിയാണ്. ഒളിവിലിരിക്കുന്ന നേതാക്കന്മാർ പലരും എ കെ ജി യെ സമീപിക്കാൻ സാദ്ധ്യതയുണ്ടായിരുന്നതിനാൽ പോലീസ് പിൻതുടർന്നതാണ്. ഗോപാലനെ ഞാൻതന്നെ കണ്ടു കാര്യങ്ങൾ തുറന്നുപറഞ്ഞിരുന്നു" ഗോപാലനെ ഈ നാട്ടിൽ പിൻതുടർന്നതു് പരസ്യപ്പോലീസായിരുന്നു. എന്നാൽ സോവ്യറ്റ് യൂണിയനിൽ സകല പൗരന്മാരേയും, ഉന്നതസ്ഥാനികളായ ഉദ്യോഗസ്ഥന്മാരെപ്പോലും അവരുടെ നിഴൽപോലെ രഹസ്യപ്പോലീസ് സർവ്വദാ സർവ്വത്ര പിൻതുടരുകയാണ് പതിവെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു ?

1946 മുതൽ മൂന്നു കൊല്ലത്തേക്കു് സോവ്യറ്റ് യൂണിയനിൽ അമേരിക്കൻ സ്ഥാനപതിയായിരുന്ന ജനറൽ സ്മിത്തു് (B.dell Smith) ആ ഉദ്യോഗത്തിൽനിന്നും വിരമിച്ചശേഷം "മോസ്കോയിൽ എന്റെ മൂന്നുകൊല്ലങ്ങൾ" (My hree years in Moscow) എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥമെഴുതി. അതിൽ അദ്ദേഹത്തിനു് അനുഭവപ്പെട്ട ഒരു സംഭവം സോവ്യറ്റ് യൂണിയന്റെ "പോലീസ് രാഷ്ട്രശക്തി" കാണിക്കുവാൻ അദ്ദേഹം വിവരിക്കുന്നുണ്ടു്. അതിന്റെ ചുരുക്കം ഇതാണ്:- ജനറൽ സ്മിത്തു് മോസ്കോയിലേക്കു യാത്രചെയ്തപ്പോൾ ഇടയ്ക്കു ബെർലിനിൽ നില്ക്കേണ്ടിയിരുന്നു. അന്നു ബെർലിനിലെ റഷ്യൻ കമാൻഡർ മുൻപു റഷ്യൻ സൈനികോദ്യോഗസ്ഥന്മാരുടെ മേധാവിയായിരുന്ന ഒരു മാർഷൽ (Marshal Sokolovsky) ആയിരുന്നു. മോസ്കോയിലുള്ള അദ്ദേഹത്തിന്റെ ഭാര്യക്കു കൊടുക്കുവാൻ ജനറൽ എയിസൻഹോവർ തന്നെ ഏല്പിച്ചിരുന്ന ചില സമ്മാനങ്ങളുമായിട്ടാണ് ജനറൽ സ്മിത്തു് ബെർലിനിൽ ഇറങ്ങിയതു്. മോസ്കോയിൽ ചെല്ലുമ്പോൾ ആ സമ്മാനങ്ങൾ ഭാര്യക്കു കൊടുക്കുവാൻ വേണ്ടി അവരുടെ വിലാസം ഭർത്താവായ മാർഷലിനോടു ജനറൽ സ്മിത്തു് ആവശ്യപ്പെട്ടു. രഹസ്യപ്പോലീസിന്റെ സാർവ്വത്രികമായ സാന്നിദ്ധ്യത്തിന്റെ ഭയപ്പാടുനിമിത്തം ഭാര്യയുടെ വിലാസം കൊടുക്കുവാൻ മാർഷൽ വിസമ്മതിച്ചു. പ്ലെയിനിലുള്ള ആ സമ്മാനങ്ങൾ തന്നെ ഏല്പിച്ചാൽ മതിയെന്നും താൻ അവയെ മോസ്കോയിലുള്ള ഭാര്യക്കു നേരിട്ടു അയച്ചുകൊടുത്തുകൊള്ളാമെന്നുമാണ് മാർഷൽ നിർദ്ദേശിച്ചതു്. കണ്ടല്ലോ, റഷ്യാക്കാരനായ സൈനികമേധാവികൾക്കുപോലും റഷ്യയിലെ രഹസ്യപ്പോലീസിനെപ്പററിയുള്ള ഭയം എത്ര ഭയങ്കരം! ഇങ്ങനെയുള്ള സോവ്യറ്റു യൂണിയനെയാണ് "പ്രജായത്തഭരണത്തിനുദാഹരണം" എന്നു മഹാകവി വള്ളത്തോൾ പ്രശംസിക്കുന്നതു്. സകലവിധമായ അടിമത്തത്തിന്റെയും ഭീകരരംഗമായ രാജ്യത്തെ ഇപ്രകാരം പ്രശംസിക്കുന്ന സകലരേയും പരേതനായ മഹാകവി കുമാരനാശാൻ പണ്ടേ ഭത്സിച്ചുകഴിഞ്ഞിരിക്കുന്നു. കേരളീയർക്കു് സുപരിചിതമായ ആ മഹാവരികൾ വള്ളത്തോളിനെ അനുസ്മരിപ്പിക്കണമെന്നുണ്ടോ?

"സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു്
മൃതിയെക്കാൾ ഭയാനകം."

വള്ളത്തോൾ മഹാകവി ഈ മാനികളിൽ പെടുന്നില്ലായിരിക്കാം!

# പ്രസാധകക്കുറിപ്പുകൾ

## ഒക്ടോബർഭക്തി

വത്തിക്കാൻ നഗരത്തിൽനിന്നുമുള്ള ഒരു വാർത്തയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ആധുനികകാലത്തെ ശോകാത്മകങ്ങളായ സ്ഥിതിഗതികൾ ഭേദപ്പെടുത്തുന്നതിനു് പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം ലഭിക്കുവാൻ അടുത്തമാസം (ഒക്ടോബർ) ദൈവമാതാവിനോടുള്ള ഭക്തി, പൂർവ്വാധികം തീക്ഷ്ണമാക്കണമെന്നു് ലോകമെങ്ങുമുള്ള കത്തോലിക്കരോടു് ഒക്ടോബർ 15-ാംനു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഉദ്ബോധിപ്പിച്ചിരിക്കുന്നു. തിരുസഭയിലെ എല്ലാ മെത്രാന്മാർക്കും അയക്കപ്പെട്ടിരിക്കുന്ന ഒരു ചാക്രികലേഖനത്തിൽ പരിശുദ്ധ കന്യകയുടെനേർക്കുള്ള ഒക്ടോബർമാസവണക്കം ഇക്കൊല്ലം പതിവിൽക്കൂടുതലായ ഭക്തിയോടുകൂടി അനുഷ്ഠിക്കണമെന്നു് തിരുമേനി ആവശ്യപ്പെടുന്നു. പ്രത്യേകിച്ചു് കൊന്തനമസ്കാരത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു തിരുമേനി തുടരുന്നു: ലോകത്തിന്റെ ദുരവസ്ഥ ഇന്നു് എത്രമാത്രം രൂക്ഷതരമായിരിക്കുന്നുവോ, അത്രയ്ക്കു വർദ്ധമാനമായ ഭക്തിചൈതന്യത്തോടുകൂടി ഇക്കൊല്ലം ഈ പ്രാർത്ഥനാകൃത്യം നിർവ്വഹിക്കപ്പെടണമെന്നു നാം ആഗ്രഹിക്കുന്നു." പരിശുദ്ധ പിതാവിന്റെ ഈ ഉൽബോധനം ഏററവും അവസരോചിതമായിരിക്കുന്നെന്നു് പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഇന്നത്തെ അന്തരീക്ഷം ഇരുളടഞ്ഞതായിരിക്കുന്നു. നാനാതരത്തിലുള്ള ഭയാശങ്കകളും ദുസ്സഹങ്ങളായ പ്രയാസങ്ങളും നമ്മെ വലയംചെയ്യുന്നുണ്ടെന്നുള്ളതു നിസ്തക്കമാണ്. ആധുനികവിപത്തുകൾക്കെല്ലാമുള്ള മൂലകാരണം മനുഷ്യരുടെ പാപങ്ങളാണെന്നതിനും സംശയമില്ല. ആകയാൽ ഇന്നത്തെ സാഹചര്യങ്ങളിൽ നാം പ്രധാനമായി ചെയ്യേണ്ടതു ദൈവത്തിന്റെ പക്കലേക്കു പിന്തിരിയുകയും അനുതാപഹൃദയത്തോടുകൂടി അവിടുത്തോടു പ്രാർത്ഥിക്കുകയുമാണ്. പ്രത്യേകിച്ചും ലോകമാതാവായ പരിശുദ്ധകന്യകാമറിയംവഴി ദൈവത്തെ സമീപിക്കുന്നതു ഏററവും ഫലപ്രദമായിരിക്കും. അതിനുള്ള ഏററവും എളുപ്പമായമാർഗ്ഗം മാതാവിനു് പ്രിയംകരമായ ജപമാല ഭക്തിപൂർവ്വം ജപിക്കയാണ്. ജപമാലരാജ്ഞിയുടെ മാസമായ ഒക്ടോബറിൽ ഇക്കാര്യത്തിൽ നാം കൂടുതൽ ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. വിശിഷ്യ, പത്തുദിവസത്തേക്കു തുടർച്ചയായി ദേവാലയങ്ങളിൽ നടത്തുന്ന "വാഴ്വി"ലും "കൊന്തനമസ്കാര"ത്തിലും പൂർവ്വാധികമായ താല്പര്യത്തോടുകൂടി പങ്കുകൊള്ളുവാൻ നമുക്കു പരിശ്രമിക്കാം.

## അശ്ലീലഗ്രന്ഥങ്ങൾ

ലൈംഗികകാര്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുടെ പ്രചാരണത്തിൽ ചിലകത്തോലിക്കർ പങ്കുവഹിക്കുന്നതിനെ മാർപ്പാപ്പാ തിരുമേനി ശക്തിയുക്തം ആക്ഷേപിച്ചിരിക്കുന്നതായി കഴിഞ്ഞയാഴ്ചയിൽ വത്തിക്കാൻനഗരത്തിൽനിന്നും റോയിട്ടർ ഏജൻസികൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു വാർത്തയിൽ കാണുന്നു. സെപ്തംബർ 18-ാംനു, ഫ്രഞ്ചുകാരായ നൂറോളം കുടുംബനാഥന്മാരെ സ്വീകരിച്ച അവസരത്തിലാണത്രെ തിരുമനസ്സുകൊണ്ടു ഈ പ്രസ്താവന ചെയ്തതു്. പ്രസ്തുത "മഹാമാരി"യെ ലോകമാസകലമുള്ള എല്ലാ കത്തോലിക്കാകുടുംബനായകന്മാരും ഒത്തൊരുമിച്ചു എതിരിടേണ്ടതാണെന്നു തിരുമേനി ഉൽബോധിപ്പിച്ചു കത്തോലിക്കാഗ്രന്ഥകാരന്മാരേയും ഇക്കാര്യത്തിൽ താൻ പ്രത്യേകമായി കുററപ്പെടുത്തുന്നുണ്ടെന്നുപറഞ്ഞുകൊണ്ടു് പരിശുദ്ധപിതാവു തുടർന്നു: "ലൈംഗികവിജ്ഞാനത്തെ അധികരിച്ചുള്ള ഗ്രന്ഥങ്ങളെയും ലേഖനങ്ങളെയും മറെറല്ലാലിഖിതങ്ങളെയും കുറിച്ചാണു നാം പ്രസ്താവിക്കുന്നതു്. വില്പനയുടെ കാര്യത്തിൽ ഇന്നവയ്ക്കുവമ്പിച്ചവിജയമാണുള്ളതു; ലോകംമുഴുവനും അവയ്ക്കു പ്രചാരംലഭിക്കയുംചെയ്യുന്നു. അവ ശിശുപ്രായത്തെപ്പോലും ആക്രമിക്കുകയും, ഇളംപ്രായക്കാരെ നാശനിമഗ്നരാക്കുകയും, വിവാഹനിശ്ചയം ചെയ്തിരിക്കുന്നവരേയും യുവദമ്പതികളേയും ഉപദ്രവിക്കുകയുംചെയ്യുന്നു." ലൈംഗികവിഷയങ്ങൾക്കു് അവ അർഹിക്കുന്നതിൽ കൂടുതലായ പ്രാധാന്യം നല്കുകയും സഭ്യേതരമായ രീതിയിലും ഔചിത്യദീക്ഷകൂടാതെയും അവയെപ്പററി പ്രതിപാദിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങൾ നമ്മുടെ കേരളക്കരയിലും പ്രചരിച്ചുവരുന്നുണ്ടെന്നാണു ചില പത്രമാസികകളിൽ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങളിൽനിന്നും മനസ്സിലാക്കേണ്ടതു്. മനുഷ്യനിലുള്ള അധമാംശത്തിന്റെ വ്യാപാരങ്ങളെപ്പററി "ശാസ്ത്രീയ" വിജ്ഞാനം ലഭിക്കുന്നതുകൊണ്ടു മാത്രം യാതൊരു പ്രയോജനവുമില്ല. മനുഷ്യോചിതമായരീതിയിൽ, ഉത്തമാംശത്തിന്റെ താല്പര്യങ്ങളെ പരിരക്ഷിച്ചുകൊണ്ടു് ജീവിക്കുന്നതിനുവേണ്ട പ്രചോദനവും വരപ്രസാദവുംകൂടി ലഭിച്ചെങ്കിൽമാത്രമേ ഓരോവ്യക്തിക്കും മനുഷ്യസമുദായത്തിനു മുഴുവനായും അഭിവൃദ്ധിയുണ്ടാകയുള്ളു. ഇക്കാര്യം നല്ലപോലെ മനസ്സിലാക്കി, ഭൗതികാത്മകമായ ചിന്താഗതി നിഴലിക്കുന്നതും അശ്ലീലകാര്യങ്ങളെപ്പററി—അവയ്ക്കു എത്ര "ശാസ്ത്രീയ"മായ രൂപംകൊടുത്താലും വേണ്ടില്ല—പ്രതിപാദിക്കുന്നതുമായ ഗ്രന്ഥങ്ങൾ നമ്മുടെ ബാലികാബാലന്മാരുടെ കരങ്ങളിൽ എത്തുപെടാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. അനന്തരജീവിതത്തിൽ അവർക്കു വന്നുഭവിച്ചേക്കാവുന്ന ധാർമ്മികപരാജയങ്ങൾക്കുള്ള ഒരു പ്രധാനകാരണം ചെറുപ്രായത്തിലെ വിവേചനാരഹിതമായ ഗ്രന്ഥപാരായണമാണെന്ന സംഗതി ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

## അദ്ധ്യാപകന്മാരോടുള്ള ഉൽബോധനം

കുറെനാൾമുമ്പു് റിയോ ഡി ജനിറൊ എന്ന സ്ഥലത്തു കൂടിയ "കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ ഇന്റർ അമേരിക്കൻ കോൺഗ്രസ്സി"ന്റെ അവസാനത്തിൽ അദ്ധ്യാപകന്മാരെ ആഹ്വാനംചെയ്തുകൊണ്ടു് മാർപ്പാപ്പാ പ്രക്ഷേപണംചെയ്ത സന്ദേശത്തിലും ഇക്കാര്യംതന്നെ ഊന്നിപ്പറയുകയുണ്ടായി. പിഞ്ചുപൈതങ്ങളുടെ സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ ജീവിതത്തിനു് ഹാനിവരുത്തുന്ന അശ്ലീലവും വൃത്തിഹീനവുമായ സാഹിത്യത്തിൽനിന്നും ചലച്ചിത്രങ്ങളിൽനിന്നും റേഡിയോപ്രഭാഷണങ്ങളിൽനിന്നും അവരെ അകററിനിർത്തുവാൻ, അവരെ വിദ്യ അഭ്യസിപ്പിക്കുന്ന ചുമതല ഏററിരിക്കുന്നവർ സർവ്വാത്മനാ പരിശ്രമിക്കേണ്ടതാണെന്നു തിരുമനസ്സുകൊണ്ടു് ശക്തിയുക്തം ഉൽബോധിപ്പിച്ചു. അദ്ധ്യാപകന്മാരുടെ പ്രധാനകത്തവ്യം കുടുംബങ്ങളിൽ ബാലികാബാലന്മാർക്കു ലഭിക്കുന്ന പരിശീലനത്തിലുള്ള ന്യൂനതകളെ പരിഹരിക്കുകയാണെന്നും പരിശുദ്ധപിതാവു് പ്രസ്താവിച്ചു. തിരുമേനി തുടന്നു: "പല പാഠശാലകൾക്കു് സ്കൂളുകളിലും നൽകപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ യഥാർത്ഥസ്വഭാവം ആത്മാവിനെ യഥാർത്ഥത്തിൽ വിലക്ഷണമാക്കുകയാണ് ചെയ്യുന്നതു്. തൽഫലമായി സമുദായത്തിന്റെ അടിത്തറയ്ക്കുതന്നെ ഇളക്കംതട്ടുകയുചെയ്യുന്നു. കത്തോലിക്കാദ്ധ്യാപകന്മാരാകട്ടെ വിദ്യാർത്ഥിനിവിദ്യാർത്ഥികളെ "ദൈവത്തിന്റെ ഛായയിൽ" വളർത്തിക്കൊണ്ടുവരുവാനും അവരുടെ ആത്മീയശക്തികളെ വികസിപ്പിക്കുവാനും പരിശ്രമിക്കേണ്ടതാണ്. ഇന്നത്തെ സാമൂഹികവും രാഷ്ട്രീയവുമായ ജീവിതരംഗങ്ങളിലെ അപകടംനിറഞ്ഞ സാഹചര്യങ്ങളിൽപ്പോലും അവർ അധഃപതിക്കാൻ ഇടവരാത്തവണ്ണമുള്ള ഒരു പരിശീലനമായിരിക്കണം അവർക്കു നൽകേണ്ടതു. കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ മൗലികതത്വങ്ങൾ പാലിക്കപ്പെടുന്നപക്ഷം. അവ ജനങ്ങളുടെ ക്ഷേമത്തിനും ഉൽക്കർഷത്തിനും നിദാനമായി ഭവിക്കും. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സമുദായവ്യവസ്ഥിതിയെത്തന്നെയും അലട്ടിക്കൊണ്ടിരിക്കുന്ന ആപത്തുകളെ അവ ദൂരീകരിക്കുകയുചെയ്യും." കത്തോലിക്കാദ്ധ്യാപകന്മാരുടെ ഗൗരവമായ ഉത്തരവാദിത്വത്തെപ്പററി അവധാനപൂർവ്വം ചിന്തിക്കുന്നതിനു് മാർപ്പാപ്പായുടെ ഈ ഉൽബോധനവും സഹായകമായി ഭവിക്കട്ടെ.

## സ്റ്റോക്കോമിൽനിന്നു പ്രതിഷേധം

സ്വീഡനിലെ പ്രധാനമന്ത്രിയായ മി. ടേജ് എർലാൻഡർ പശ്ചിമസ്വീഡനിലെ ഒരു നഗരമായ ലാൻസ്ബ്രണിൽ വച്ചു് ഇക്കഴിഞ്ഞ ജൂലൈ 16-ാംനു ഇപ്രകാരം പ്രസ്താവിച്ചതായി സ്റ്റോക്കോമിൽനിന്നുമുള്ള ഒരു വാർത്തയിൽ കാണുന്നു: "സ്വീഡനിലുള്ള ഞങ്ങൾ വലിയ വെറുപ്പോടുകൂടിയാണ് ഞങ്ങളുടെ തലസ്ഥാനനഗരിയുടെ പേർ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രചരണതന്ത്രത്തിൽ ഉപയോഗിക്കുന്നതിനെ വീക്ഷിക്കുന്നതു്. മുമ്പു് സമാധാനകോൺഫറൻസുകൾ എന്നു വിളിക്കപ്പെടുന്ന സമ്മേളനങ്ങൾ പാരീസിലും ന്യൂയോർക്കിലുംവച്ചു നടത്തപ്പെടുകയുണ്ടായല്ലോ. അവയിൽനിന്നും പുറപ്പെട്ട ഇത്തരം അഭ്യർത്ഥനകൾക്കു് പാരീസിലെയും ന്യൂയോർക്കിലെയും ജനഹിതത്തോടു് (Democratic Opinion) ഉണ്ടായിരുന്ന ബന്ധത്തേക്കാൾ കൂടുതലായ ബന്ധം സ്റ്റോക്കോം സമാധാനാഭ്യർത്ഥന എന്നു വിളിക്കപ്പെടുന്ന ഇതിനു് സ്റ്റോക്കോമിനോടു ഇല്ലെന്നുള്ളതു് വ്യക്തമാണ്." ഈ സമാധാനപ്രസ്ഥാനം സോവ്യറ്റുയൂണിയന്റെ പ്രചരണതന്ത്രം മാത്രമാണെന്നാണ് അമേരിക്കൻ സ്റ്റേററു സെക്രട്ടറി മി. ഡീൻ അച്ചിസണും പ്രസ്താവിച്ചതു്. ഈ പ്രചരണതന്ത്രത്തിൽ കേരളീയർ കുടുങ്ങരുതെന്നു് ഞങ്ങൾ മുഖപ്രസംഗങ്ങളിൽ ഉൽബോധിപ്പിച്ചതിനെ വീണ്ടും ആവത്തിക്കുന്നു "സമാധാനപ്രസ്ഥാനത്തി"ന്റെ പേരിൽ ഒല്ലൂർ, തൃശ്ശൂർ, തൊടുപുഴ മുതലായ പ്രദേശങ്ങളിലും പരിസരങ്ങളിലും കമ്മ്യൂണിസ്റ്റുകൾ യോഗംകൂടുന്നതായും പ്രചരണവേല ചെയ്യുന്നതായും ഒപ്പുകൾ ശേഖരിക്കുന്നതായും പണം പിരിക്കുന്നതായും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടു്. സംഗതികളുടെ യഥാർത്ഥസ്വഭാവം നാനാജാതിമതസ്ഥരായ സാധാരണജനങ്ങളെ പറഞ്ഞുമനസ്സിലാക്കുവാൻ സമുദായനേതാക്കന്മാരും ഉത്തരവാദപ്പെട്ട മറെറല്ലാവരും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

30 ഞാ: പന്തക്കുസ്താ 20 ാം ഞായർ

ഒക്ടോബർ

1 തി: റെമിജിയോസ്
2 ചൊ: കാവൽമാലാഖാ
3 ബു: കൊച്ചുത്രേസ്യാ
4 വ്യാ: ഫ്രാൻസിസ് അസീസി
5 വെ: പ്ലാസിദോസ്
6 ശ: ബ്രൂണോ

## തിരു-കൊച്ചിവാർത്തകൾ

### പുതിയ സ്പീക്കർ

സെപ്റ്റംബർ 19-ാംനു സമ്മേളിച്ച നിയമസഭായോഗത്തിൽവച്ചു് ശ്രീ എ. എം. തോമസ് സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. വോട്ടെടുപ്പിൽ അദ്ദേഹത്തിനു് 77-ം എതിർസ്ഥാനാർത്ഥിയായ ശ്രീ കെ. പി. നീലകണ്ഠപ്പിള്ളയ്ക്കു് (പി. എസ്. പി.) 41-ം വോട്ടുകളാണു ലഭിച്ചതു്. 37 വയസ്സുപ്രായമുള്ള ശ്രീ തോമസ് ഇൻഡ്യയിലെ ഏററവും പ്രായംകുറഞ്ഞ സ്പീക്കറാണെന്നു പറയപ്പെടുന്നു.

### പുതിയ പാർട്ടി

തിരു-കൊച്ചി അസംബ്ലിയിൽ ഏഴു മെമ്പർമാർ ചേർന്നു് "ഡെമൊക്രാററിക് യുണൈറഡ് ഫ്രണ്ടു്" എന്നപേരിൽ ഒരു പുതിയപാർട്ടി രൂപവൽക്കരിച്ചിരിക്കുന്നു. "പൗരസ്വാതന്ത്ര്യവും മററു മൗലികാവകാശങ്ങളും സംരക്ഷിക്കുക" എന്നതാണത്രെ പുതിയ പാർട്ടിയുടെ ലക്ഷ്യം. മുൻമന്ത്രി ശ്രീ എൻ. കുഞ്ഞിരാമനാണു് പാർട്ടിലീഡർ. മെ. ആർ. കെ. റാം, ടി. എ. മൈതീൻകുഞ്ഞു്, എൻ. ഗോപാലകൃഷ്ണമേനോൻ (കമ്മ്യൂണിസ്റ്റു്), നീലകണ്ഠപണ്ടാരത്തിൽ, കെ. കെ. കോയിക്കൽ, ഗാസ്പർഡിസിൽവാ എന്നിവർ പാർട്ടിയംഗങ്ങളുമാണു്.

### ഒത്തുതീർപ്പുകൾ

അടുത്ത തിരഞ്ഞെടുപ്പുസംബന്ധിച്ചു് റിപ്പബ്ലിക്കൻ പ്രജാപാർട്ടിയും കോൺഗ്രസുമായി ഒരൊത്തുതീർപ്പുണ്ടാകാനിടയുള്ളതായറിയുന്നു. പ്രജാപാർട്ടിക്കു് കുറേ സീററുകൾ കോൺഗ്രസ് നല്കുമെന്നും ഇരുപാർട്ടികളും യോജിച്ചു് തിരഞ്ഞെടുപ്പിൽ പ്രവർത്തിക്കുന്നതാണെന്നും പറയപ്പെടുന്നു.

കോൺഗ്രസും ഡെമൊക്രാററിക് കോൺഗ്രസുമായും ഒത്തുതീർപ്പാലോചനകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതായറിയുന്നു.

### റേഷൻ വിതരണം

സെപ്റ്റംബർ 23-ാംനു ആരംഭിക്കുന്ന റേഷൻവാരത്തിലും മുന്നാഴ്ചയിലെപ്പോലെ നാലൗൺസ് അരിയും നാലൗൺസ് മററുസാധനങ്ങളും വിതരണംചെയ്യുന്നതാണെന്നറിയുന്നു.

## ഇൻഡ്യാവാർത്തകൾ

### കോൺഗ്രസ്

കോൺഗ്രസ് സംഘടനയിൽനിന്നും രാജിവച്ചു പിരിഞ്ഞ പലരും പ്രധാനമന്ത്രി പണ്ഡിററു് നെഹ്റു കോൺഗ്രസ് പ്രസിഡണ്ടുപദം ഏറെറടുത്തതിനെത്തുടർന്നു് കോൺഗ്രസിലേക്കുതന്നെ തിരിച്ചുവരുവാൻ സാദ്ധ്യതയുണ്ടെന്നു് റിപ്പോർട്ടുകൾ സ്പഷ്ടമാക്കുന്നു. എങ്കിലും മസദൂർ പ്രജാപാർട്ടിയുടെ സെൻട്രൽകൗൺസിൽ ഈയിടെ ചെയ്ത പ്രഖ്യാപനത്തിൽ, പ്രജാപാർട്ടിയുടെ രൂപവൽക്കരണത്തിനു കാരണമായ സാഹചര്യങ്ങൾ ഇന്നിയും അവശേഷിക്കുകയാണെന്നും ഈ നിലയിൽ കോൺഗ്രസുമായി സഹകരിക്കുക സാദ്ധ്യമല്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. അടുത്ത പൊതുതിരഞ്ഞെടുപ്പിനുശേഷം തന്റെ ഇപ്പോഴത്തെ ഗൗരവമേറിയ ചുമതലകളിൽനിന്നെല്ലാം വിരമിച്ചു് രാഷ്ട്രോന്നമനത്തിനുവേണ്ടിമാത്രം തന്റെ കഴിവുകളെ വിനിയോഗിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു് പണ്ഡിററു് നെഹ്റു ലക്നോയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.

### ആന്ധ്രപ്രവിശ്യ

ആന്ധ്രപ്രവിശ്യാരൂപവൽക്കരണത്തിനുവേണ്ടി ശ്രീ സീതാറാം നടത്തിവന്ന നിരാഹാരസത്യഗ്രഹം പ്രധാനമന്ത്രി നെഹ്റുവിന്റെയുംമററും ഉപദേശപ്രകാരം അവസാനിപ്പിച്ചിരിക്കുന്നു. പൊതുതിരഞ്ഞെടുപ്പിനു മുമ്പു് പ്രവിശ്യാരൂപീകരണം സാദ്ധ്യമാവാനിടയില്ലെന്നു പറയപ്പെടുന്നു.

### കോൺഗ്രസിലേക്കു്

അടുത്തകാലത്തു് കേന്ദ്രമന്ത്രിസഭയിൽനിന്നും കോൺഗ്രസിൽനിന്നും പിരിഞ്ഞു കിസാൻ മസ്ദൂർ പ്രജാപാർട്ടിയിൽ ചേർന്ന ശ്രീ റാഫി അഹമ്മദ് കിദ്വേ പണ്ഡിററു് നെഹ്റുവിന്റെ അഭ്യർത്ഥനയനുസരിച്ചു കോൺഗ്രസിൽ വീണ്ടും ചേരുന്നതാണെന്നറിയുന്നു.


### ഡോക്ടർ മത്തായി

കേന്ദ്രധനകാര്യമന്ത്രിയായിരുന്നഡോക്ടർ ജോൺ മത്തായി പാർലിമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോട്ടയം നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായിനിന്നു മത്സരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

## വിദേശവാർത്തകൾ

### പേർഷ്യൻ പ്രശ്നം

എണ്ണത്തർക്കം സംബന്ധിച്ച സന്ധിസംഭാഷണങ്ങൾ പതിനഞ്ചുദിവസത്തിനകം ബ്രിട്ടൻ പുനരാരംഭിക്കാത്തപക്ഷം പേർഷ്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ ഒന്നടങ്കം പേർഷ്യൻ ഗവമ്മെൻറു ബഹിഷ്ക്കരിക്കുന്നതും എണ്ണക്കമ്പനി നേരിട്ടു് ഏറെറടുത്തു പ്രവർത്തനമാരംഭിക്കുന്നതുമാണെന്നു് ഒരന്ത്യശാസനം പേർഷ്യ ബ്രിട്ടൻ നല്കിയിരിക്കുന്നു. പേർഷ്യയുടെ ഈദൃശനടപടികളോടു് പ്രതിഷേധസൂചകമായി ബ്രിട്ടൻ പേർഷ്യക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ഡോളർനാണ്യങ്ങൾ തടയുവാൻവേണ്ട നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇതോടെ പേർഷ്യയിലെ ബ്രിട്ടീഷ് ബാങ്കിൽനിന്നും ഗവമ്മെൻറുവക സകലതുകകളും പിൻവലിക്കുവാൻ പേർഷ്യൻ ഗവമ്മെൻറു് ആജ്ഞാപിച്ചിട്ടുണ്ടു്. ഈഘട്ടത്തിൽ, പേർഷ്യൻ എണ്ണ റഷ്യ ആവശ്യപ്പെട്ടിട്ടുള്ളതായും പേർഷ്യയും റഷ്യയും തമ്മിൽ ഒരു വ്യാപാരഉടമ്പടി ഒപ്പുവയ്ക്കുവാൻ ഇടയുള്ളതായും റിപ്പോർട്ടുകൾ പ്രചരിക്കുന്നുണ്ടു്.




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ഫാ. ജെ. വഴുതലക്കാട്ടു്.

### ബ്രിട്ടനിൽ പൊതുതിരഞ്ഞെടുപ്പു്

ബ്രിട്ടനിൽ ഇന്നധികാരത്തിലിരിക്കുന്ന ലേബർകക്ഷിക്കു് പ്രതിപക്ഷമായ യാഥാസ്ഥിതികകക്ഷിയെ അപേക്ഷിച്ചു് 5 പേരുടെ ഭൂരിപക്ഷം മാത്രമാണുള്ളതു്. ഇത്ര ദുർബലമായ ഒരു ഭൂരിപക്ഷത്തെ ആശ്രയിച്ചു് ഭരണകക്ഷി അധികാരത്തിൽ തുടരുന്നതു് ഈ സന്ദർഭത്തിൽ അഭിലഷണീയമായിരിക്കയില്ലെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ അടുത്ത ഒക്ടോബർ 25-ാംനു ഒരു പൊതുതിരഞ്ഞെടുപ്പു നടത്തുവാൻ ബ്രിട്ടൻ തീരുമാനിച്ചിരിക്കുന്നു.

### കൊറിയ

കൊറിയായിൽ വെടിനിർത്തൽ സംഭാഷണം പുനരാരംഭിക്കുവാൻ ഇരുകക്ഷികളും സമ്മതം പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നിരിക്കിലും സമരരംഗങ്ങളിൽ സ്ഥിതിഗതികൾ ഉഗ്രതരമായിത്തീർന്നുകൊണ്ടിരിക്കയാണു്. കമ്മ്യൂണിസ്റ്റുകൾക്കു് പല സ്ഥലങ്ങളിലും പിന്മാറേണ്ടിവരുന്നുണ്ടെങ്കിലും ഒരു പ്രത്യാക്രമണത്തിനുള്ള സകല സജ്ജീകരണങ്ങളും അവർ പൂർത്തിയാക്കിവരുന്നതായറിയുന്നു.

## കത്തിനു മറുപടി

# സമാധാനപ്രസ്ഥാനം

"അന്തിക്കാട്ടു ഫർക്കാ സമാധാനസമ്മേളനം" സംബന്ധിച്ച ഒരു നോട്ടീസും ഉള്ളടക്കിക്കൊണ്ടു് "ഒരു കത്തോലിക്കൻ" ഞങ്ങൾക്കയച്ച ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ഈ നോട്ടീസിൽ അന്തർഭവിച്ചിരിക്കുന്ന രഹസ്യങ്ങൾ ഏവയാണെന്നു് അടുത്ത സത്യദീപത്തിൽ പരസ്യംചെയ്യുകയാണെങ്കിൽ സത്യദീപം വായനക്കാരെങ്കിലും ഈ സമാധാനവലയിൽ കുടുങ്ങാതിരിക്കുകയും ഒപ്പുവയ്ക്കാതിരിക്കുകയും ചെയ്യും."

ഈ "സമാധാനപ്രസ്ഥാനം" കമ്മ്യൂണിസ്റ്റുകാരുടെ ഒരു പ്രചരണതന്ത്രമാണെന്നും അതിനോടു സഹകരിക്കാൻ നിവൃത്തിയില്ലെന്നും കാണിച്ചു് 21-2-51, 28-2-51, 22-8-51 എന്നി തിയതികളിലായി മൂന്നു മുഖപ്രസംഗങ്ങൾ ഞങ്ങൾ പ്രസിദ്ധംചെയ്തിരുന്നു. കഴിഞ്ഞയാഴ്ചയിലെ പ്രസാധകക്കുറിപ്പുകളിൽ ഇക്കാര്യം വീണ്ടും എടുത്തുപറഞ്ഞിരുന്നു (ഇപ്രാവശ്യത്തെ പ്രസാധകക്കുറിപ്പുകളിലും ഈ വിഷയത്തെ സ്പർശിച്ചിട്ടുണ്ടു്.) ഇവയൊന്നും ലേഖകൻ കാണാതെപോയതിൽ ആശ്ചര്യപ്പെടുന്നു. സത്യദീപം മുടങ്ങാതെ വായിക്കാൻ ലേഖകനോടു് അഭ്യർത്ഥിച്ചുകൊള്ളട്ടെ. സത്യദീപത്തിലേക്കു് എന്തെങ്കിലും കത്തോ, കുറിപ്പോ, വാർത്തയോ അയക്കുമ്പോൾ തൽകർത്താവിന്റെ പേരും മേൽവിലാസവും എഴുതിയിരിക്കണമെന്നു ഒരിക്കൽക്കൂടി അനുസ്മരിപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നതായാൽ, ഇത്തരത്തിലുള്ള ചോദ്യങ്ങൾക്കു മറുപടി എഴുതുന്നതിനായി പത്രസ്ഥലം നഷ്ടപ്പെടുത്താതെ കത്തുമുഖേന ആ കാര്യം സാധിക്കാവുന്നതാണല്ലോ.

(പത്രാധിപർ)

### പാക്കിസ്ഥാൻ

ജിന്നാസാഹിബിന്റെ മൂന്നാം ചരമവാർഷികം പ്രമാണിച്ചു് അദ്ദേഹത്തിന്റെ സഹോദരി ഫാത്തിമാജിന്നാ പാക്കിസ്ഥാൻ റേഡിയോ മുഖേന ചെയ്ത ഒരു പ്രക്ഷേപണത്തിൽ ഇന്നത്തെ പാക്കിസ്ഥാൻ ഗവമ്മെൻറിന്റെ ചില നയപരിപാടികളെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. എന്നാൽ പാക്കിസ്ഥാൻ ഗവമ്മെൻറിന്റെ നിർദ്ദേശമനുസരിച്ചു്, ഫാത്തിമാജിന്നയുടെ അനുവാദംകൂടാതെതന്നെ വിമർശനപരമായ ഭാഗങ്ങൾ പ്രക്ഷേപണത്തിനിടയിൽ അസ്പഷ്ടമാക്കപ്പെടുകയാണുണ്ടായതു്. അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിനെതിരായുള്ള പാക്കിസ്ഥാൻ ഗവമ്മെൻറിന്റെ പ്രസ്തുതനടപടിയെ ഫാത്തിമാജിന്നാ ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു.


## വിജ്ഞാപനം

സ്ഥലം പള്ളിയിൽ വി: സെബസ്ത്യാനോസിന്റെ "തിരുശേഷിപ്പുകൾ" ഔദ്യോഗികമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഇവിടെ മാസംതോറും 20-ാംനു-കളിൽ ആഘോഷമായ പാട്ടു കുർബാനയും, വി: കുർബാനയുടെ വാഴ്വും, ഈ വിശുദ്ധനോടുള്ള നവനാൾ ജപവും ഭക്തിപൂർവ്വം നടത്തപ്പെട്ടുവരുന്നുണ്ടു്.

ഏതെങ്കിലും കാര്യസിദ്ധിക്കുവേണ്ടി ഈ ദൈവഭടന്റെ അത്ഭുതകരമായ പീഠത്തിൽമുമ്പാകെ പ്രാർത്ഥിപ്പാൻ അഭിലഷിക്കുന്നവർ വിവരം അറിയിച്ചാൽ, അപ്രകാരം ചെയ്യുന്നതാണു്.

Rev. Vicar
Chittattukara P. O.
S. Malabar




## പുസ്തകാഭിപ്രായം

### "ധർമ്മരശ്മികൾ"

(ഗദ്യകവിത)

(സെൻറു് ജോസഫ്സ് പ്രസ്സ്, മന്നാനം. പക്കം 14 + 2.)

ഗ്രന്ഥകാരനായ ചാരുംമൂട്ട പി. ജി. എം. ദാസിനെ സാഹിതീഭക്തരുമായി പരിചയപ്പെടുത്തേണ്ട കാര്യമശേഷം കാണുന്നില്ല; പ്രേമസമ്രാട്ടായ ക്രിസ്തു, കാവ്യമഞ്ജൂഷ, കത്തോലിക്കാപ്രവർത്തനം, ജീവജലം, എന്നൂർ, സഭയും നമ്മളും എന്നീ കൃതികളെല്ലാം അദ്ദേഹത്തിന്റെ സാഹിത്യാഭിരുചിയെ സുവ്യക്തമാക്കുന്നുണ്ടു്. ഇതാ ഒരു ഗദ്യകവിതാകുസുമംകൂടി ആ തൂലികാലതികയിൽ ഉൽഫുല്ലമായിരിക്കുന്നു. "ധർമ്മരശ്മികൾ", അതാണു പേരു്. ഈ മനോഹരതാരിലുള്ള പത്തു് ഇതളുകൾ അടർത്തി ആസ്വദിക്കുന്നതിനു് അനുവാചകർ വെമ്പൽകൊള്ളും, തീർച്ച. "ദീപാവലി"യിൽ പ്രകാശിക്കുന്ന "ധർമ്മരശ്മികൾ" സാഹിത്യനഭസ്സിനെ ധാർമ്മികാന്തരീക്ഷത്താൽ മനോജ്ഞമാക്കട്ടെ.

അദ്ദേഹത്തിന്റെ ശയ്യയെപ്പററിയോ? പുസ്തകം ഒരാവർത്തി വായിച്ചു വിധിച്ചുകൊള്ളുക; ഒരുദാഹരണം കാണിച്ചേക്കാം: "പുലരിപ്പെൺകിടാവിന്റെ തി


## പള്ളിസാമാനങ്ങൾ

പിച്ചളകത്തിസാൾ, ഫ്ളവർവാസു്, കാസ കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാലാ ഡിപ്പോയിൽ കിട്ടുന്നതാണു്.


രുനെററിക്കിട്ട പൊട്ടുപോലെ, രവികുമാരന്റെ മുൻപിൽ ആചാരത്തിനു പിടിച്ച ദീപംപോലെ, സുപ്രഭാത പെൺകുഞ്ഞിന്റെ ഉച്ചിയിൽ തിരുകിയ പുഷ്പംപോലെ, വെള്ളിനക്ഷത്രം ഉദിച്ചുയന്നു പ്പാൾ"

അവതാരികാകാരനായ സി. കെ. മററത്തോടുചേർന്നു് ഈയുള്ളവനും ആശംസിക്കുന്നു, ധർമ്മരശ്മികൾക്കു പ്രചുരപ്രചാരവും കവിക്കു് ഹൃദയംഗമമായ അനുമോദനവും.

V. P.

---

## ഫാദർ സി. കെ. മററം

കോഴിക്കോട്ടുരൂപതയിലെ സുറിയാനിവിഭാഗത്തിന്റെ ആദ്ധ്യാത്മികവും സാമ്പത്തികവുമായ സ്ഥിതിഗതികളെ നേരിട്ടുകണ്ടു് ഗ്രഹിക്കുവാനായി മെത്രാനച്ചൻ തിരുമനസ്സിലെ ക്ഷണപ്രകാരം അങ്ങോട്ടു പോയിരുന്ന ഫാദർ മററം അവർകൾ മൂന്നുമാസത്തെ ഔദ്യോഗികസന്ദർശനാനന്തരം സ്വദേശമായ കുറവിലങ്ങാട്ടു മടങ്ങിയെത്തിയിരിക്കുന്നു.


വി. യൂദാ തെദേവൂസിന്റെയും അൽഫോൻസാമ്മയുടെയും സഹായത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു കൃതജ്ഞത.

ഫാദർ പി. വി. ററി.


## ഷെവ. പെട്ട

## ക.കോൺ.പ്രസിഡണ്ടു്

അ. കേ. ക. കോൺഗ്രസ് പ്രസിഡണ്ടുസ്ഥാനത്തേക്കു് ഷെവ. ജോസഫു് പെട്ട, ഡോക്ടർ ആർ. എം. മാത്യു എന്നിവരായിരുന്നല്ലോ സ്ഥാനാർത്ഥികൾ. എന്നാൽ ഡോക്ടർ ആർ. എം. മാത്യു തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചതിനാൽ ഷെവ. പെട്ട പ്രസിഡണ്ടായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

---

ST. MARY'S C. H. SCHOOL ... AM.




## ജാഗരൂകരായിരിപ്പിൻ

ആകയാൽ നിങ്ങൾ ശ്രദ്ധയോടുകൂടി എങ്ങനെ നടക്കണമെന്നു നോക്കുവിൻ. ഭോഷന്മാരെപ്പോലെയല്ല, തങ്ങളുടെ ദുഷ്കാലം വീണ്ടെടുക്കുന്ന ജ്ഞാനികളെപ്പോലെയത്രെ നിങ്ങൾ നടക്കേണ്ടതു്. എന്തെന്നാൽ ദിവസങ്ങൾ ചീത്തയാകുന്നു. ഇതിനാൽ നിങ്ങൾ ബുദ്ധിഹീനരാകാതെ ദൈവത്തിന്റെ ഇഷ്ടം എന്താകുന്നുവെന്നു ഗ്രഹിക്കുവിൻ. ദുരാഗ്രഹം കലർന്നിരിക്കുന്ന ദ്രാക്ഷാരസംകൊണ്ടു് നിങ്ങൾ ഉന്മത്തരാകരുതു്. മറിച്ചു്, ആത്മാവുകൊണ്ടു നിങ്ങൾ നിറയുവിൻ. സങ്കീർത്തനങ്ങളാലും സ്തോത്രങ്ങളാലും നിങ്ങൾ തമ്മിൽ സംസാരിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു് ആത്മീയഗീതങ്ങൾ പാടുവിൻ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ എല്ലാ മനുഷ്യരേയുംപ്രതി പിതാവായ ദൈവത്തിനു് എപ്പോഴും നന്ദി പറയുവിൻ. മിശിഹായുടെ സ്നേഹത്താൽ നിങ്ങൾ അന്യോന്യം കീഴ്പ്പെട്ടിരിക്കുവിൻ. (പന്തക്കുസ്ത 20-ാം ഞായർ; ലേഖനം: അപ്പെ. V, 15—21)

“എഫേസ്യൻകാരുടെ ദേവിയായ ഡയാന വലിയവളാകുന്നു” (Great is Diana the Goddess of the Ephesians) എന്നു ആർത്തുവിളിച്ചുകൊണ്ടുള്ള ഘോഷയാത്രകൾ എഫേസൂസ് നഗരത്തിന്റെ തെരുവീഥികളെ പുളകംചാർത്തിക്കൊണ്ടിരുന്നു. ദേവന്മാരുടേയും ദേവികളുടേയും ആരാധനയോടനുബന്ധിച്ച ആഡംബരങ്ങളിലും ആഘോഷങ്ങളിലും അശുദ്ധിയും അസാന്മാർഗ്ഗികതയും നടമാടി. ദേവാരാധനയിൽ ഇങ്ങനെയെങ്കിൽ ജീവിതത്തിന്റെ മററു തുറകളിലെ സാന്മാർഗ്ഗികാധഃപതനം എത്രമാത്രമായിരിക്കണം. എഫേസൂസ് അന്നു് ഒരു പരിഷ്കാരകേന്ദ്രമായിരുന്നു. എങ്കിലും ലോകസംസ്കാരത്തിൽപ്രഥമസ്ഥാനം സാമ്രാജ്യകേന്ദ്രമായിരുന്ന റോമാനഗരത്തിനുതന്നെയായിരുന്നു. അവിടത്തെ സ്ഥിതിയോ? വി. പൗലോസ്തന്നെ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഒന്നാം അദ്ധ്യായത്തിൽ ഈ നികൃഷ്ടാവസ്ഥയെപ്പററി പ്രതിപാദിക്കുന്നുണ്ടു്. സ്ത്രീപുരുഷന്മാരുടെ ഇടയിലുണ്ടായിരുന്ന ലജ്ജാവഹങ്ങളായ അശുദ്ധികളെപ്പററി പരാമർശിച്ചശേഷം വി. ശ്ലീഹാ, അന്നു നടമാടിയിരുന്ന തിന്മകളുടെ ഒരു നീണ്ട ലിസ്റ്റുതന്നെ ഹാജരാക്കുന്നു: “അവർ സകല ദുഷ്ടതകളും, വ്യഭിചാരവും, നിരസവും, തിന്മയും, പിടിച്ചുപറിയും, അസൂയയും, കൊലപാതകവും, തർക്കവും, ചതിയും, ദുർവ്വിചാരങ്ങളും, പിറുപിറുപ്പും, ഏഷണിയും നിറഞ്ഞവരായി” (റോമ I 29, 30). “അവർ ദൈവത്തിന്റെ സത്യം വ്യാജമായി പകർത്തി; സൃഷ്ടങ്ങളെ അവയുടെ സ്രഷ്ടാവിനെക്കാൾ ഭയപ്പെടുകയും സേവിക്കയും ചെയ്തു.” (I, 25). ഇതുതന്നെയായിരുന്നു എഫേസൂസിലേയും അന്തരീക്ഷം. ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ, അവിടത്തെ ചെറിയൊരു ന്യൂനപക്ഷമായിരുന്ന അഭിനവക്രിസ്ത്യാനികൾ, ക്രിസ്തുമതത്തെ ഉപേക്ഷിച്ചുപോകുവാൻ ഇടവരാതിരിക്കേണ്ടതിനായിട്ടാണു് റോമിലെ കൽത്തുറുങ്കിനുള്ളിൽനിന്നു ഹൃദയസ്പൃശിയായ ഈ ലേഖനം വി. പൗലോസ് എഴുതുന്നതു്. ക്രിസ്തുമതം അവരിൽ ഇനിയും ദൃഢമൂലമായിട്ടുണ്ടായിരുന്നില്ല. വിഗ്രഹാരാധനയുടെ ആഘോഷങ്ങളാലും ആഡംബരങ്ങളാലും ആകർഷിക്കപ്പെട്ടും ശരീരത്തിന്റെ ദുരാഗ്രഹങ്ങളെ സംതൃപ്തിപ്പെടുത്തുവാൻ അഭിലഷിച്ചും ക്രിസ്തുമതത്തെ കൈവെടിയരുതേ എന്നാണു് വി. പൗലോസ് അവരോടഭ്യർത്ഥിക്കുന്നതു്. ബഹുഭൂരിപക്ഷവും വിഗ്രഹാരാധനക്കാർ; ക്രിസ്തുമതമാണെങ്കിൽ പരിഹാസവിഷയം; ശരീരത്തിന്റെ ദുരിച്ഛകൾക്കു് കടകവിരുദ്ധവും. ഇങ്ങനെയുള്ള ഒരു കാലസന്ധിയിലാണു് വി. ശ്ലീഹായുടെ ഉൽബോധനം അവർക്കു ഉത്തേജനം നൽകിക്കൊണ്ടിരുന്നതു്. “ആകയാൽ നിങ്ങൾ ശ്രദ്ധയോടുകൂടെ എങ്ങനെ നടക്കണമെന്നു് നോക്കുവിൻ... എന്തെന്നാൽ ദിവസങ്ങൾ ചീത്തയാകുന്നു... ദുരാഗ്രഹം കലർന്നിരിക്കുന്ന ദ്രാക്ഷാരസംകൊണ്ടു നിങ്ങൾ ഉന്മത്തരാകരുതു്. മറിച്ചു് ആത്മാവുകൊണ്ടു നിങ്ങൾ നിറയുവിൻ.”

ഇന്നു വി. പൗലോസ് ജീവിച്ചിരുന്നെങ്കിൽ കമ്മ്യൂണിസ്റ്റുകാരുടെ ഏതെങ്കിലും തടങ്കൽപ്പാളയത്തിൽ കിടന്നുകൊണ്ടു ഇപ്രകാരമുള്ളൊരു സന്ദേശംതന്നെയായിരിക്കും ഇന്നത്തെ കത്തോലിക്കർക്കും നൽകുക—ഒരുപക്ഷെ അങ്ങനെയൊരു സന്ദേശം അയക്കുവാൻപോലും ഇന്നത്തെ അന്ധകാരശക്തികൾ ഒരിക്കലും അനുവദിക്കുകയില്ലെന്നുള്ളൊരു വ്യത്യാസം മാത്രമേയുണ്ടാകയുള്ളു—അത്രയ്ക്കു സാമ്യം കാണുന്നുണ്ടു് വി. പൗലോസിന്റെ കാലവും ആധുനികകാലവും തമ്മിൽ. സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുക; പാപത്തെ പുണ്യമായും പുണ്യത്തെ ബലഹീനതയായും മുദ്രയടിക്കുക; ദൈവം, ആത്മാവു്, മരണാനന്തരജീവിതം, മതം, സഭ എന്നിവയെല്ലാം അഗണ്യകോടിയിൽ തള്ളുക; ദൈവത്തിന്റേയും സഭയുടേയും അധികാരങ്ങളെ ധിക്കരിക്കുക; ഇഷ്ടാനിഷ്ടങ്ങളനുസരിച്ചു് ഓരോരുത്തനും സ്വജീവിതസരണിയെ വെട്ടിത്തിരിക്കുക; ശാസ്ത്രീയമായി ലോകം വളരെയധികം പുരോഗമിച്ചിട്ടുണ്ടെങ്കിൽ സുഖഭോഗാസക്തിയും കോപം, പ്രതികാരബുദ്ധി തുടങ്ങിയവികാരങ്ങളും കൂടുതൽ ശാസ്ത്രീയമായവിധത്തിൽ സന്തൃപ്തിക്കുക—ഇതാണു് ഇന്നത്തെ ലോകം. അതും പോരാ, ഇപ്രകാരമുള്ളൊരു മനസ്ഥിതിയെ മററുള്ളവരിലും കുത്തിവയ്ക്കുന്നതിനായി പത്രമാസികകൾ, ഗ്രന്ഥങ്ങൾ, പ്രസംഗമണ്ഡപങ്ങൾ, റേഡിയോ, സിനിമ, വിദ്യാലയങ്ങൾ, സർവ്വകലാശാലകൾ എന്നീ മാർഗ്ഗങ്ങൾ ഇന്നത്തെ ലോകം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു; ആകർഷണങ്ങളും, ഉത്തേജനങ്ങളും, പ്രചോദനങ്ങളും, പ്രേരണകളും നൽകിക്കൊണ്ടു് ജനങ്ങളെ അവർ വശീകരിക്കുന്നു; ഇക്കൂട്ടർക്കു് അധികാരമുള്ള രാജ്യങ്ങളിൽ ബലപ്രയോഗവും മറ്റും ഇതിനായി അഴിച്ചുവിടുന്നു. ഭൂരിപക്ഷത്തിന്റെ മനസ്ഥിതിയിലേക്കു് കത്തോലിക്കർ വഴുതിവീഴാതിരിക്കാൻ പ്രത്യേകം കരുതൽ വേണം. അന്തരീക്ഷത്തിനും ചുററുപാടുകൾക്കും മനുഷ്യന്റെ ജീവിതത്തിന്മേൽ വലിയൊരു സ്വാധീനശക്തിയുണ്ടു്. സമുദ്രാടിത്തട്ടിലെ അന്ധകാരത്തിൽ ജീവിക്കുന്ന ജലജീവികൾക്കു കാഴ്ച നഷ്ടപ്പെടുന്നതും ജിറാഫ് എന്ന മൃഗത്തിന്റെ കഴുത്തു് നീണ്ടിരിക്കുന്നതും ഈ തത്വമനുസരിച്ചാണല്ലോ. ലോകത്തിന്റെ വശീകരണങ്ങൾക്കു ക്രമേണ—അറിയാതെതന്നെ—നാം വശംവദരായിപ്പോകുന്നുണ്ടോ എന്നു ആത്മസംശോധനം നടത്തണം. ലോകത്തിന്റെ തത്വങ്ങളും കത്തോലിക്കാതത്വങ്ങളും കടകവിരുദ്ധങ്ങളാണു്; യാതൊരു ഒത്തുതീർപ്പും സാദ്ധ്യവുമല്ല. ക്രിസ്തുവിനോടുകൂടിയല്ലാത്തവൻ ക്രിസ്തുവിനെതിരാണു്; മദ്ധ്യമാർഗ്ഗം യാതൊന്നുമില്ല. എത്രയോ കത്തോലിക്കർ ജാഗരൂകരല്ലാത്തതുനിമിത്തം ലോകത്തിന്റെ വശീകരണവലയിൽ കുടുങ്ങിപ്പോയി മതം ഉപേക്ഷിച്ചുകളഞ്ഞിട്ടുണ്ടു്. വശീകരണം ശക്തിമത്തായിരിക്കാം. “എങ്കിലും നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ ലോകത്തെ ജയിച്ചടക്കിയിട്ടുണ്ടു്” എന്നു ക്രിസ്തുനാഥൻ നമുക്കു് ഉറപ്പു നൽകിയിട്ടുണ്ടു്. അതുകൊണ്ടു വി. പൗലോസിന്റെ ഉപദേശം ഇന്നും സന്ദർഭോചിതമാണു്. “ആകയാൽ നിങ്ങൾ ശ്രദ്ധയോടുകൂടി എങ്ങനെ നടക്കണമെന്നു നോക്കുവിൻ ... എന്തെന്നാൽ ദിവസങ്ങൾ ചീത്തയാകുന്നു.” നാം ജാഗരൂകരായിരിക്കണം; എന്തെന്നാൽ അപകടപൂർണ്ണമായ ഒരു കാലഘട്ടമാണിതു്.

നാം പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കണം; അതേസമയം നാം സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരുമായിരിക്കണം. ശ്ലീഹന്മാർ ഗത്സെമ്മൻ തോട്ടത്തിൽവച്ചു് ഉറങ്ങുകയായിരുന്നു. എന്നാൽ അതേസമയം യൂദാസും കൂട്ടുകാരും ഉണർന്നിരുന്നു ക്രിസ്തുനാഥനെ പിടിക്കുവാനുള്ള സന്നാഹങ്ങൾ കൂട്ടുകയായിരുന്നു. ഇതുതന്നെയാണു് ഇന്നത്തേയും സ്ഥിതി. ക്രിസ്തുശിഷ്യരായ കത്തോലിക്കർ സുഖമായി ഉറങ്ങുന്നു; അന്ധകാരശക്തികളാകട്ടെ ക്രിസ്തുവിനെ ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനംചെയ്യുന്നതിനുള്ള ശ്രമങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കുന്നു. മെക്സിക്കൊ, സ്പെയിൻ, പോളണ്ടു്, ഹങ്കറി, ചെക്കൊസ്ലോവാക്കിയ എന്നീ രാജ്യങ്ങളിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരാണു്. അവർ സുഖമായി ഉറങ്ങിക്കിടന്നു. എന്തു സംഭവിച്ചു? ഇന്നു് ആ രാജ്യങ്ങൾ നിരീശ്വരതത്വത്തിന്റെ ദംഷ്ട്രങ്ങൾക്കുള്ളിൽ ഞെരിയുകയാണു്. കത്തോലിക്കർ സുരക്ഷിതരെന്നു വിചാരിച്ചു് സുഖസുഷുപ്തിയിലാണ്ടുകിടക്കുമ്പോൾ, അന്ധകാരശക്തികൾ നിയമനിർമ്മാണസഭയിലും, മന്ത്രിസഭയിലും, ഉദ്യോഗങ്ങളിലും കയറിപ്പററുന്നു; കോടതികളും പോലീസുവകുപ്പും അവരുടെകീശയിലാകുന്നു; വിദ്യാലയങ്ങളും മററുപ്രചരണമാർഗ്ഗങ്ങളും അവർ കയ്യടക്കുന്നു; കത്തോലിക്കർ ഉണർന്നു നോക്കുമ്പോൾ അവർ ഇരുമ്പുചങ്ങലകളാൽ കെട്ടപ്പെട്ടവരായി കാണുന്നു. നമ്മുടെ നാട്ടിലും കത്തോലിക്കർ—ഭക്തരായ കത്തോലിക്കർ—പണവും മററു കഴിവുകളുമുള്ള കത്തോലിക്കർ—സുഖസുഷുപ്തിയിൽ മുഴുകാതിരിക്കട്ടെ. നമ്മുടെ നാട്ടിലെ വിദ്യാലയങ്ങളും കോളെജുകളും നിരീശ്വരതത്വത്തിന്റെയും നിർമ്മതതത്വത്തിന്റെയും പ്രചരണരംഗങ്ങളായിത്തീരുന്നതു് അവർ അറിയുന്നുണ്ടോ? ഈ തത്വങ്ങൾതന്നെയല്ലേ ഇന്നത്തെ എല്ലാ പ്രചരണമാർഗ്ഗങ്ങളിലൂടെയും വമിക്കപ്പെടുന്നതു്? ഇതിനെ എതിരിടുവാനായി കത്തോലിക്കാവിദ്യാലയങ്ങൾ, കത്തോലിക്കാ കോളെജുകൾ, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ, കത്തോലിക്കാ കലാപ്രകടനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുവാൻ അവർ എന്തു ചെയ്യുന്നുണ്ടു്? നിയമനിർമ്മാണസഭകളിൽ അന്ധകാരശക്തികൾ കടന്നുപററി വിനാശകരങ്ങളായ വിദ്യാഭ്യാസപദ്ധതികളുംമററും കൊണ്ടുവരാതിരിപ്പാൻ യഥാർത്ഥകത്തോലിക്കരും ദൈവഭയമുള്ളവരുമായ വ്യക്തികളെ തിരഞ്ഞെടുത്തയക്കുവാൻ അവർ എന്തു പരിശ്രമം നടത്തുന്നുണ്ടു്? “നിങ്ങൾ ശ്രദ്ധയോടുകൂടിയിരിപ്പിൻ ... എന്തെന്നാൽ ദിവസങ്ങൾ ചീത്തയാകുന്നു.”

(ജെ. ചെമ്മണൂർ)

---

**മൂക്കന്നൂർ ചെറുപുഷ്പദേവാലയത്തിൽ**

വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ 1951 ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ആഘോഷിക്കപ്പെടുന്നതാകുന്നു.

---

(10-ാം പേജ് തുടർച്ച)

രോഗശാന്തികളുടേയും മററും കാര്യത്തിൽ ചെയ്യുന്നതു്. ആ വിചാരണയിൽ സന്നിഹിതരാകുന്നതിനും അതിലെ നടപടികളും രേഖകളും പരിശോധിക്കുന്നതിനും ആർക്കും, അകത്തോലിക്കരോ നിരീശ്വരന്മാരോ ആയവർക്കും, പൂർണ്ണമായ സ്വാതന്ത്ര്യവും സൗകര്യവും നൽകുന്നുണ്ടു്. തെളിവുകളെല്ലാം ശേഖരിച്ചിട്ട തൃപ്തികരമെന്നു കണ്ടാൽ, അവയെ രണ്ടു വൈദ്യവിദഗ്ദ്ധന്മാരുടെ സ്വതന്ത്രവും പരമാർത്ഥവുമായ പരിശോധനയ്ക്കായി വൈദികകച്ചേരിയിൽനിന്നുതന്നെ സമർപ്പിക്കുന്നു. അവരുടെ ഏകകണ്ഠമായ അനുകൂലാഭിപ്രായം ലഭിച്ചശേഷവും എതിർവാദം ചെയ്യാൻ മനസ്സാക്ഷിയിൽ ചുമതലയുള്ള “വിശ്വാസസംരക്ഷകൻ” എന്ന ഉദ്യോഗസ്ഥൻ—ഇദ്ദേഹത്തെ പിശാചിന്റെ വക്കിൽ (Devil's Advocate) എന്നാണു സാധാരണ വിളിച്ചുവരുന്നതു്—ആക്ഷേപങ്ങൾ പുറപ്പെടുവിക്കാൻ അവകാശമുള്ളതും, അവയ്ക്കു പരിപൂർണ്ണമായ സമാധാനം നൽകപ്പെടേണ്ടതുമാണു്. അനന്തരം ജസ്റ്റിമാരായ കർദ്ദിനാളന്മാർ വിധി എഴുതുകയും, ആ വിധി മാർപ്പാപ്പായുടെ തിരുമുമ്പിൽ സമർപ്പിച്ചു് അതിനെക്കുറിച്ചു് ഔദ്യോഗികമായ അവസാനതീർപ്പു കല്പിക്കണമെന്നു് അവിടുത്തോടു് അപേക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിക്കുന്ന സംഭവങ്ങളെമാത്രമേ അത്ഭുതങ്ങളായി സ്വീകരിക്കുവാൻ കത്തോലിക്കർ നിർബന്ധിതരാകുന്നുള്ളു. ലൂർദ്ദിൽ നടക്കുന്നതുപോലെയുള്ള രോഗശാന്തികളും മററു യഥാർത്ഥസംഭവങ്ങളും പ്രകൃത്യതീതശക്തിയുടെ പ്രവൃത്തിഫലങ്ങളുമാണെന്നു വൈദ്യശാസ്ത്രവിദഗ്ദ്ധന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുള്ളതുകൊണ്ടു കത്തോലിക്കർ അവയെ അത്ഭുതങ്ങളായി ഗണിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. എങ്കിലും ആ വിദഗ്ദ്ധാഭിപ്രായം മനുഷ്യ്യാ കേവലം മാനുഷികമാകയാൽ, അതിനാൽമാത്രം അംഗീകൃതമായ സംഭവങ്ങളെ കത്തോലിക്കർ അത്ഭുതങ്ങളായി സ്വീകരിച്ചുകൊള്ളണമെന്നു യാതൊരു നിർബന്ധവുമില്ല. ഈ നാട്ടിൽ പള്ളുരുത്തി, ചെങ്ങളം, പഴൂർ മുതലായി പല സ്ഥലങ്ങളിലും കത്തോലിക്കർ തീർത്ഥസഞ്ചാരംചെയ്തു ദേവമാതാവിന്റേയും മററു പുണ്യാത്മാക്കളുടേയും മാദ്ധ്യസ്ഥം അപേക്ഷിച്ചതിന്റെ ഫലമായി അത്ഭുതകരമായ പലേ അനുഗ്രഹങ്ങളും അവർക്കു ലഭിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. ഇപ്പോൾ സിസ്റ്റർ അൽഫോൻസായുടെ കാര്യത്തിലും അങ്ങനെ കേൾക്കുന്നു. എന്നാൽ ഈ അനുഗ്രഹങ്ങൾ സാക്ഷാൽ അത്ഭുതങ്ങളാണോ അല്ലയോ എന്നു് ഓരോ സംഭവത്തേയുംപ്രത്യേകമെടുത്തു ശാസ്ത്രീയമായി പരിശോധിക്കാതെ തീർച്ചപറയാൻ നിവൃത്തിയില്ല. തന്നിമിത്തം ഇവയെ അടിസ്ഥാനപ്പെടുത്തി അത്ഭുതങ്ങളുടെ ആസ്തിക്യത്തിനു് അനുകൂലമായോ പ്രതികൂലമായോ ആർക്കും യുക്തിപൂർവ്വം വാദിക്കാവുന്നതല്ല.

പ്രോട്ടസ്റ്റൻറു് സഭാദ്ധ്യക്ഷനായ കാൻറർബറി ആർച്ചുബിഷപ്പിന്റെ പുത്രനും, ആ സഭ ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേർന്നു് ഇംഗ്ലീഷ് കത്തോലിക്കാവൈദികർക്കു് ഒരു ഭൂഷണവും ആയിരുന്ന മോൺസിഞ്ഞോർ ബെൻസന്റെ അർത്ഥഗർഭമായ വാക്യത്തോടുകൂടി ഈ വിഷയം ഉപസംഹരിച്ചുകൊള്ളട്ടെ:- “അത്ഭുതങ്ങൾ സംഭവ്യങ്ങളല്ല; അതുകൊണ്ടു് അവ സംഭവിക്കുന്നില്ല, എന്നു് എതിരാളികൾ പറയുന്നു; അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ടെന്നു നമുക്കറിയാം; അതുകൊണ്ടു് അവ സംഭവ്യങ്ങളാണു്, എന്നു നാം മറുപടിപറയുന്നു.” മോശ മുതലായ പ്രവാചകന്മാർവഴി ദൈവം അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്നു ബൈബിളിലെ “പഴയ നിയമം” സാക്ഷീകരിക്കുന്നു. ക്രിസ്തുവും അവിടുത്തെ അപ്പസ്തോലന്മാരും മുഖേന ദൈവം അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നു “പുതിയനിയമം” സാക്ഷീകരിക്കുന്നു. അപ്പൊസ്തോലകാലം മുതൽ ഇതഃപര്യന്തമുള്ള എല്ലാ പുരുഷാന്തരങ്ങളിലും ജീവിച്ചിരുന്ന വിവിധവിശുദ്ധന്മാരുടെ മാദ്ധ്യസ്ഥതാൽ ദൈവം അസംഖ്യം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നു സഭാചരിത്രം സാക്ഷീകരിക്കുന്നു. ആധുനികകാലത്തും നമ്മുടെ കൺമുൻപിലും പ്രതിദിനമെന്നോണം ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നു ലൂർദ്ദിലെ സംഭവങ്ങൾ സാക്ഷീകരിക്കുന്നു. ഈ സാക്ഷ്യങ്ങളെ നിഷേധിച്ചാൽ, നമ്മുടെ നേരിട്ടുള്ള അനുഭവങ്ങളല്ലെന്നുള്ള കാരണംപറഞ്ഞു് അവയെ അവിശ്വസിച്ചാൽ, ലോകചരിത്രം ഒന്നാകെ നാം നിഷേധിക്കുകയും നമ്മുടെ അനുഭവത്തിനപ്പുറമുള്ള സമസ്തവും നാം അവിശ്വസിക്കുകയും ചെയ്യേണ്ടിവരും. അതിനാൽ അത്ഭുതങ്ങൾ ചരിത്രസംഭവങ്ങളാണെന്നു നമുക്കു ദൃഢമായി വിശ്വസിക്കാം. അത്ഭുതപ്രവർത്തനത്താൽ നമ്മെ തന്നിലേക്കു പൂർവ്വാധികം ആകർഷിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു സർവ്വാത്മനാ പ്രകീർത്തിക്കയും ചെയ്യാം.

# വിമർശനവീഥി

## രോഗശമനം പ്രകൃത്യതീതമോ?

വൈദ്യശാസ്ത്രപ്രകാരം റഡർ എന്ന രോഗിയുടെ ശരീരാവയവങ്ങൾക്കുണ്ടായ തരം മുറിവുകൾ സുഖപ്പെടുന്നതു് ആമാശയത്തിൽ ചെല്ലുന്ന ഭക്ഷണത്തിൽനിന്നുണ്ടാകുന്ന ഫോസ്ഫറസ് ഓഫ് ലൈം (Phosphate of Lime) എന്ന സാധനം മുറിവുള്ളടത്തു് ക്രമേണ വന്നടിഞ്ഞുകൂടിയിട്ടുമാത്രമാണു്. അതു സാധിക്കുന്നതിനു് ശരീരത്തിനുള്ളിൽ അഞ്ചുതരം പ്രവൃത്തികൾ നടക്കേണ്ടതും, അനേകദിവസത്തെ കാലതാമസം ഉണ്ടായിരിക്കേണ്ടതുമാണു്. 1) ഭക്ഷണസാധനം ആമാശയത്തിൽ ചെല്ലണം. 2) ആ ഭക്ഷണസാധനത്തിൽനിന്നു് കടലിനകത്തുള്ള നിരവധി സ്ഥാനങ്ങളുടെ പ്രവൃത്തിയാൽ ഫോസ്ഫറസ് ഓഫ് ലൈം ഉണ്ടാകണം. 3) ശരീരത്തിൽ ചുററിസഞ്ചരിച്ചുകൊണ്ടിരിക്കുന്ന രക്തം ഈ ഫോസ്ഫറിനെ വഹിച്ചു മുറിവുള്ളിടത്തു കൊണ്ടുചെല്ലണം. 4) മുറിവുള്ളിടത്തെ അസ്ഥിപ്പഴുതുകളെല്ലാം ഫോസ്ഫറു കൊണ്ടു് അടയണം. 5) അസ്ഥിജനകമായ കാല്ലസ് (Callus) എന്ന സാധനം അവിടെ ഉണ്ടായി ഉറച്ചുവരികയും അങ്ങനെ മുറിവു നികത്തുകയും വേണം. ഈ അഞ്ചുതരം പ്രവൃത്തികളും അനുക്രമം നടക്കേണ്ടതും, ഒന്നു മറെറാന്നിനെ ആശ്രയിച്ചിരിക്കുന്നതുമാണു്. ആമാശയത്തിൽ ഭക്ഷണസാധനം ചെല്ലാതെ അതിൽ ഫോസ്ഫറസ് ഉണ്ടാകുന്നതല്ല. അതുണ്ടാകാതെ അതിനെ രക്തം വഹിച്ചുകൊണ്ടുപോകുന്നതല്ല. രക്തം വഹിച്ചുകൊണ്ടുപോകാതെ അതു മുറിവുള്ളടത്തു ചെന്നടിയുന്നതല്ല. അതു് അവിടെ ചെന്നടിഞ്ഞുകൂടാതെ അസ്ഥിപ്പഴുതുകൾ അടയുകയും മുറിവു് നികത്തുകയും ചെയ്യുന്നതല്ല. റഡറുടെ രക്തത്തിൽ ഫോസ്ഫേറ്റ് ഓഫ് ലൈമിന്റെ വളരെ നിസ്സാരമായ ഒരു ഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നിട്ടും അതു വളരെ ഉണ്ടായാൽ മാത്രം സംഭവിക്കാവുന്നവിധം മുറിവു സുഖപ്പെട്ടു. സാധാരണ എല്ലൊടിഞ്ഞാൽ അനേകദിവസംകൊണ്ടേ മേൽവിവരിച്ച പ്രവൃത്തികളുടെ ഫലമായി മുറിവു നികത്തുകയുള്ളു. ഈ രോഗിയുടെ കാര്യത്തിൽ ഒരു നിമിഷംകൊണ്ടു് മുറിവു നികന്നു.

### നിഗൂഢശക്തിയാലല്ല

പ്രകൃതിയിൽ നമുക്കു് അജ്ഞാതങ്ങളും നിഗൂഢങ്ങളുമായ അസംഖ്യം ശക്തികളുണ്ടെന്നും, അവയിൽ ഏതിന്റെയെങ്കിലും പ്രവൃത്തിയാലാണോ ഈ രോഗശാന്തി സംഭവിച്ചതെന്നു നമുക്കു നിശ്ചയമില്ലെന്നും, അതു നിശ്ചയമില്ലാത്തകാലത്തോളം പ്രകൃത്യതീതമായ ശക്തിയെ രോഗശമനത്തിനു കാരണമായി സ്വീകരിക്കുന്നതു് യുക്തിഹീനമാണെന്നും ഉള്ള വാദം അത്ഭുതനിഷേധകന്മാർ സാധാരണമായി പുറപ്പെടുവിക്കാറുണ്ടു്. ഈ വാദം നിരർത്ഥകമാണെന്നു മനസ്സിലാക്കാൻ വിഷമമില്ല. 100 ചതുരശ്രയടി വിസ്താരമുള്ള ഒരു മുറിയിൽ എത്ര ആളുകൾക്കു്—ഇരുപതോ, മുപ്പതോ, നാല്പതോ ആളുകൾക്കു്—ഇരിക്കാം എന്നു ഖണ്ഡിതമായി പറയാൻ ഒരുവനു സാധിച്ചില്ലെന്നുവരാം. എന്നാൽ ആയിരമോ പതിനായിരമോ ആളുകൾക്കു് അതിൽ ഇരിക്കാൻ കഴിയുന്നതല്ലെന്നു പറയുവാൻ ആർക്കും സാധിക്കും. അതിനു് ഇന്നുള്ളതും ഇനി ഉണ്ടാകാവുന്നതുമായ മുറികളെല്ലാം അളന്നും, അതിൽ കൊള്ളുന്ന ആളുകളുടെ സംഖ്യ എണ്ണിയും തിട്ടപ്പെടുത്തണമെന്നില്ല. അടികലശലിനു് എന്തു ശിക്ഷയാണു് വിധിച്ചിട്ടുള്ളതെന്നറിയുവാൻ പിനൽകോഡിലെ 303-ാം വകുപ്പു് അറിഞ്ഞിരുന്നാൽ പോരേ? അതിലെ സകല വകുപ്പുകളും നിശ്ചയമുണ്ടായിരിക്കണമെന്നില്ലല്ലോ. ഇതുപോലെ നിശ്ചിതമായ ഒരു രോഗശമനത്തിന്റെ കാരണം പ്രകൃതിശക്തിയല്ലെന്നറിയാൻ പ്രകൃതിയിലെ സകല നിഗൂഢശക്തികളും അവയുടെ സകല കഴിവുകളും നിശ്ചയമുണ്ടായിരിക്കണമെന്നില്ല. പ്രകൃതിഗതിയനുസരിച്ചു് ആ രോഗശമനത്തിൽ സാധാരണമായി പ്രവർത്തിക്കുന്ന ശക്തികളേവയെന്നും, അതുകൾ ഒരു നിമിഷംകൊണ്ടു് ആ ഫലം പുറപ്പെടുവിക്കാൻ സ്വതേ പര്യാപ്തങ്ങളാണോ എന്നും അറിഞ്ഞാൽ മതിയാകും. അസ്ഥികൾ ഒടിഞ്ഞാൽ മുറിക്കൂടി സുഖപ്പെടുന്നതിനു് ശരീരത്തിൽ ഇന്നിന്ന പ്രവൃത്തികൾ നടക്കണമെന്നും, ഇത്ര ദിവസങ്ങൾ വേണമെന്നും വൈദ്യശാസ്ത്രം നിരീക്ഷണപരീക്ഷണങ്ങൾ നടത്തി കണ്ടുപിടിച്ചിട്ടുണ്ടു്. ആ കണ്ടുപിടിത്തം ശരീരത്തിന്റെ പ്രകൃതിസഹജമായ വ്യാപാരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാകയാൽ, മനുഷ്യശരീരത്തിന്റെ ഇന്നുള്ള പ്രകൃതി നിലനില്ക്കുന്നിടത്തോളം കാലം അസ്ഥികൾ മുറികൂടുന്നതിനു് പ്രസ്തുത പ്രവൃത്തികളും കാലവിളംബവും അത്യാവശ്യമായിരിക്കുന്നു. അത്യാവശ്യമല്ലാതിരിക്കണമെങ്കിൽ ശരീരത്തിന്റെ പ്രകൃതിതന്നെ മാറുകയോ, ആ പ്രകൃതിക്കു വിരുദ്ധമായവിധം അതിൽ വ്യാപാരങ്ങൾ നടക്കുകയോ ചെയ്യണം. റഡറുടെ ശരീരത്തിന്റെ പ്രകൃതിയിൽ ഒരു മാററവും സംഭവിച്ചിട്ടില്ല. ശരീരത്തിൽ അതിന്റെ പ്രകൃതിക്കു വിരുദ്ധമായവിധം വ്യാപാരങ്ങൾ നടക്കുമെന്നു പറയുന്നതു് കേവലം അസംബന്ധമാണു്. എന്തെന്നാൽ ഓരോ വസ്തുവിന്റെയും പ്രകൃതിയിൽനിന്നു് അതിന്റെ ശക്തികളും, ആ ശക്തികളിൽനിന്നു് അതിലെ വ്യാപാരങ്ങളും ഉൽഭൂതമാകുന്നതുകൊണ്ടു്, അതിന്റെ പ്രകൃതിക്കു വിരുദ്ധമായവിധം അതിൽ വ്യാപാരം നടക്കുമെന്നു പറയുന്നതും അതിന്റെ പ്രകൃതിതന്നെ മാറി എന്നു പറയുന്നതും ഒന്നായിരിക്കും. മാത്രമല്ല, ഈ നിഗൂഢപ്രകൃതിശക്തികൾ ലൂർദ്ദ് മുതലായ ചില പ്രത്യേകസ്ഥലങ്ങളിലും പ്രത്യേക വ്യക്തികളിലും പ്രത്യേക സാഹചര്യങ്ങളിലും മാത്രം പ്രവർത്തിക്കുന്നതെന്തുകൊണ്ടു്? അതു പ്രകൃതിശക്തികളുടെ വ്യാപാരങ്ങൾക്കു് സഹജമായ നിശ്ചിതത്വത്തിനും ഐകരൂപ്യത്തിനും വിരുദ്ധമാണല്ലോ. അതിനാൽ റഡറുടെ രോഗശാന്തി പ്രകൃതിയിലെ യാതൊരു നിഗൂഢശക്തിയുടേയും പ്രവർത്തനത്താൽ നടന്നതാവാൻ തരമില്ല. അതു രോഗശമനാർത്ഥം പ്രവർത്തിക്കുന്ന പ്രകൃതിശക്തികളുടെ സകല കഴിവിനേയും അതിശയിക്കുന്ന ഒന്നാകയാൽ, അതിന്റെ കാരണം പ്രകൃത്യതീതമായ ഏതോ ശക്തിയായിരിക്കണം. റഡർ ദൈവമാതാവിന്റെ മാദ്ധ്യസ്ഥത്തിൽ ദൈവശക്തിയെ ആശ്രയിച്ചു ദൈവശക്തി പ്രകൃത്യതീതമാണു്; ആ ശക്തിക്കു പ്രകൃതി എപ്പോഴും കീഴ്പ്പെട്ടിരിക്കുന്നു. പ്രകൃതിക്കു സ്വയം സാധിക്കാത്ത പ്രവൃത്തി ദൈവശക്തിയുടെ പ്രയോഗത്താൽ സാദ്ധ്യമാകും. അതിനാൽ റഡറുടെ രോഗശാന്തി പ്രകൃതിയുടെ സാധാരണ വ്യാപാരങ്ങൾക്കു് വ്യത്യസ്തമായി, ദൈവശക്തിയുടെ പ്രത്യേകപ്രയോഗത്താൽ നടന്നിട്ടുള്ളതാണെന്നു് അവശ്യം അനുമിക്കേണ്ടിയിരിക്കുന്നു.

ഓർമ്മക്കുറവു്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശീഷ്മാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.
എം. ജെ. മാത്യു വൈദ്യൻ, മട്ടക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

ഡെപ്പോസിററുകൾ
2 കൊല്ലം കാലാവധി, മാസത്തിൽ
100 ക്കു് 6 ണ. പലിശയും
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം, എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി, വില്ലിംഗ്ഡൺ
ഐലൻറു്, ചാലക്കുടി, തൃശ്ശൂർ

### അത്ഭുതനിഷേധം യുക്തിഹീനം


അത്ഭുതങ്ങളെ സാമാന്യമായോ, ഏതെങ്കിലും ഒരത്ഭുതത്തെ പ്രത്യേകമായോ, യുക്തിപൂർവ്വം നിഷേധിക്കുന്നതിനു് ഒന്നുകിൽ സംഭവംതന്നെ നടന്നിട്ടില്ലെന്നു തെളിയിക്കണം; അല്ലെങ്കിൽ നടന്ന സംഭവം ഏതെങ്കിലും പ്രകൃതിശക്തിയാലാണെന്നും, ദൈവശക്തി പ്രകൃതിയിൽ കടന്നു പ്രവർത്തിച്ചതിന്റെ ഫലമായുണ്ടായതല്ലെന്നും തെളിയണം. അത്ഭുതം എന്നു ഗണിക്കപ്പെടുന്ന സംഭവം നടന്നതാണോ അല്ലയോ എന്നു നിർണ്ണയിക്കാൻ പ്രയാസമില്ല. ഐതിഹാസികമായ മററു സംഭവത്തെയുംപോലെ ദൃക്സാക്ഷികളിൽനിന്നോ, മറുവിധത്തിൽ അനുഭവമുള്ള വേറെ സാക്ഷികളിൽനിന്നോ, വിവിധങ്ങളായ ഇതരസാഹചര്യങ്ങളിൽനിന്നോ അതിന്റെ യാഥാർത്ഥ്യം ഗ്രഹിക്കാവുന്നതാണു്. അതു ചെയ്യാതെ, അത്ഭുതം എന്നു കേൾക്കുമ്പോൾ കണ്ണുംപൂട്ടി സംഭവത്തെ നിഷേധിക്കുന്നതു് യുക്തിഹീനമല്ലയോ? റഡറിന്റേതുപോലെ ലൂർദ്ദിൽ നടക്കുന്ന ആശ്ചര്യാവഹങ്ങളായ രോഗശാന്തികളെ, വിശ്വാസയോഗ്യരായ അനേകം ദൃക്സാക്ഷികൾ സമ്മതിച്ചിട്ടുള്ളതും ആ സാക്ഷ്യങ്ങളെ ആധാരമാക്കി ലൂർദ്ദിലെ മെഡിക്കൽബ്യൂറോ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമായ സംഭവങ്ങളെ യാതൊരന്വേഷണവും നടത്താതെ കള്ളക്കഥകളെന്നു പറഞ്ഞു നിഷേധിക്കുന്നതു് യുക്തിഹീനമല്ലയോ? അത്ഭുതങ്ങൾ അസംഭവ്യങ്ങളാണെന്നും, അസംഭാവ്യങ്ങളായവ സംഭവിച്ചുവോ ഇല്ലയോ എന്നു പരിശോധിക്കേണ്ട ആവശ്യമില്ലെന്നും നിഷേധകന്മാർ പറയുന്ന ന്യായത്തിനു് എന്തു വിലയാണുള്ളതു്? ദൈവമുണ്ടെന്നും അവിടുന്നു പ്രകൃതിയുടെ നാഥനാണെന്നും സമ്മതിക്കുന്നപക്ഷം അത്ഭുതങ്ങളുടെ സംഭവ്യത സമ്മതിച്ചുകഴിയു എന്നു സമർത്ഥിച്ചുകഴിഞ്ഞു. ദൈവാസ്തിക്യവും ദൈവത്തിനു പ്രകൃതിയുടെ മേലുള്ള കർത്തവ്യവും സമ്മതിക്കാത്തവർതന്നെയും അത്ഭുതങ്ങൾ അസംഭവ്യങ്ങളാണെന്നു് ശഠിക്കുന്നതു് യുക്തിഹീനമാണു്. അത്ഭുതങ്ങൾ അസംഭവ്യങ്ങളാണെന്നു് തീർത്തും പറയണമെങ്കിൽ പ്രകൃതിക്കപ്പുറമായി, പ്രകൃതിശക്തികളുടെ വ്യാപാരങ്ങളിൽ കടന്നു പ്രവർത്തിക്കാൻ സാധിക്കുന്നതായി, യാതൊരു അദൃശ്യശക്തിയുമില്ലെന്നു നിശ്ചയമുണ്ടായിരിക്കണം. ഈ നിശ്ചയം ആർക്കു്, എങ്ങനെ, ഉണ്ടാകാൻ കഴിയും?

### മനുഷ്യബുദ്ധി പരിമിതം

മനുഷ്യബുദ്ധിയുടെ വീക്ഷണം പ്രകൃതിയുടെ പരിധിക്കുള്ളിൽ ഒതുങ്ങുന്നതല്ലാതെ അതിനപ്പുറം എത്തുന്നുണ്ടോ? അടിയും മുകളും മററു സകലവശങ്ങളും യാതൊരു സുഷിരംപോലുമില്ലാതെ അത്ര ഭദ്രമായി അടച്ചുകെട്ടിയിരിക്കുന്ന ഒരു വിശാലമായ സൗധത്തിൽ ജനനംമുതൽ വസിക്കുന്ന ഒരു മനുഷ്യന്റെ കാഴ്ച അതിനുള്ളിൽ ഒതുങ്ങുന്നതല്ലാതെ അതിനു വെളിയിൽ എത്തുന്നതെങ്ങനെ? എത്തുന്നില്ലെങ്കിൽ, വെളിയിൽ വല്ല വസ്തുക്കളാകട്ടെ ആളുകളാകട്ടെ ശക്തികളാകട്ടെ ഉണ്ടോ ഇല്ലയോ എന്നു് അറിഞ്ഞുകൂടെന്നല്ലാതെ, ഇല്ലെന്നു ഖണ്ഡിതമായി പറയുവാൻ എന്തു ന്യായം? എന്നാൽ വെളിയിലുള്ള ആളുകളുടെയോ വസ്തുക്കളുടെയോ ശക്തികളുടെയോ എന്തെങ്കിലും ഒരു ലക്ഷ്യം സൗധത്തിനുള്ളിൽ അനുഭവപ്പെട്ടാൽ, അതിനെ അടിസ്ഥാനപ്പെടുത്തി അതുകളുടെ അസ്തിത്വം സമ്മതിക്കേണ്ടയോ? റഡറുടേതുപോലുള്ള രോഗശാന്തികൾ യഥാർത്ഥസംഭവങ്ങളാണെന്നു് അനിഷേധ്യമായ സാക്ഷ്യങ്ങളാൽ തെളിയുന്നുണ്ടു്. അവ പ്രകൃത്യതീതമായ ഏതോ ശക്തിയുടെ പ്രവർത്തനത്താലുണ്ടാകുന്നവയാണെന്നു വൈദ്യശാസ്ത്രദൃഷ്ട്യാ അനുമിക്കുകയും ചെയ്യാം. ആ സ്ഥിതിക്കു്, അത്തരം രോഗശാന്തികളെ പ്രകൃതിയുടെമേൽ കർത്തൃത്വം വഹിക്കുന്ന ബുദ്ധിമത്തായ ഒരു ശക്തിയുടെ അസ്തിക്യത്തിന്റെ ലക്ഷ്യമായി ഗണിക്കുകയും, തദ്വാരാ അത്ഭുതങ്ങൾ സംഭവ്യങ്ങളാണെന്നു സമ്മതിക്കുകയും ചെയ്യുന്നതാണു യുക്തിപൂർവ്വമായ നില. എതിരാളികൾ അത്ഭുതങ്ങൾ അസംഭവ്യങ്ങളാണെന്നു് അകാരണമായി സങ്കല്പിക്കുകയും, അതിനെ അടിസ്ഥാനപ്പെടുത്തി യഥാർത്ഥസംഭവങ്ങളെ അവിശ്വസിക്കുകയും ചെയ്യുന്നു. കത്തോലിക്കർ യഥാർത്ഥസംഭവങ്ങളെ സ്വീകരിക്കുകയും, അതിനെ അടിസ്ഥാനപ്പെടുത്തി അത്ഭുതങ്ങൾ സംഭവ്യങ്ങളാണെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഇവരിൽ ആരാണു് സാക്ഷാൽ യുക്തിവാദികൾ? ഏതേതു ന്യായങ്ങളാൽ പ്രകൃതിയിലെ സാധാരണസംഭവങ്ങളുടെ യാഥാർത്ഥ്യം സമ്മതിക്കയും അവയുടെ കാരണങ്ങളായ ശക്തികളെ അനുമിച്ചറിയുകയും ചെയ്യുന്നുവോ, അതേ ന്യായങ്ങളാൽ പ്രകൃതിഗതിക്കു വ്യത്യസ്തമായി കാണപ്പെടുന്ന സംഭവങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിക്കയും അവയുടെ ശരിയായ കാരണം കണ്ടുപിടിക്കയുമല്ലയോ സാക്ഷാൽ യുക്തിവാദികൾ ചെയ്യേണ്ടതു? അതിനാൽ സംഭവങ്ങൾ തന്നെ ഉണ്ടായിട്ടില്ലെന്നു പറഞ്ഞോ, അഥവാ സംഭവങ്ങളുണ്ടായതാണെങ്കിലും അതിന്റെ കാരണം പ്രകൃത്യതീതശക്തിയല്ലെന്നു വാദിച്ചോ അത്ഭുതങ്ങളെ നിഷേധിക്കാൻ യുക്തിയും അനുഭവവും അനുവദിക്കുന്നില്ല.

### വിവേചിക്കണം

നല്ല നാണയങ്ങളോടുകൂടി ചിലപ്പോൾ വ്യാജനാണയങ്ങളും പ്രചരിക്കാറുണ്ട




For favours received
O. J. J., Valliyuram

ല്ലോ. എന്നുവച്ചു നാണയങ്ങളെല്ലാം ഒന്നടങ്കം ഉപേക്ഷിച്ചുകളയുകയോ സംശയിക്കുകയോ ചെയ്യുന്നതു ശരിയാണോ? അവയെ ശ്രദ്ധാപൂർവ്വം പരിശോധിച്ചു നല്ലനാണയം സ്വീകരിക്കയും വ്യാജനാണയം പരിത്യജിക്കയുമാണു ചെയ്യേണ്ടതു്. അപ്രകാരംതന്നെ യഥാർത്ഥത്തിൽ നടക്കാത്തതോ പ്രകൃത്യതീതശക്തിയുടെ പ്രവർത്തനഫലമല്ലാത്തതോ ആയ സംഭവങ്ങളെ അറിഞ്ഞോ അറിയാതെയോ ജനസാമാന്യം ചിലപ്പോൾ അത്ഭുതങ്ങളായി ഗണിച്ചെന്നുവരാം. അതുകൊണ്ടു് അത്ഭുതങ്ങളെ പൊതുവിൽ അവിശ്വസിക്കയോ നിഷേധിക്കുകയോ അല്ല, പ്രത്യുത ഓരോന്നിനേയും പ്രത്യേകം പരിശോധിക്കുകയാണു നാം ചെയ്യേണ്ടതു. കത്തോലിക്കാസഭ ഇക്കാര്യത്തിൽ അത്യന്തം ശ്രദ്ധയോടും നിഷ്കർഷയോടുംകൂടി വർത്തിച്ചുപോരുന്നുണ്ടു്. പരേതരായ സ്ത്രീപുരുഷന്മാരെ "സിദ്ധ"രെന്നോ "വിശുദ്ധ"രെന്നോ നാമകരണം ചെയ്യുന്നതിനു് അവരുടെ മാദ്ധ്യസ്ഥത്താൽ ചില അത്ഭുതങ്ങൾ നടന്നതായി തെളിഞ്ഞിരിക്കണമെന്നു സഭാനിയമമുണ്ടു്. തത്സംബന്ധം അനുഷ്ഠിക്കപ്പെടുന്ന നടപടികൾ നീതിന്യായക്കോടതികളിലെ തിനെക്കാൾ കാർക്കശ്യമുള്ളതാണു്. കേസു വിചാരണകളിൽ ജഡ്ജിയുടെ മുമ്പിൽവച്ചു വാദിഭാഗത്തേയും പ്രതിഭാഗത്തേയും തെളിവുകളെടുത്തു വക്കീലന്മാർ വാദിക്കുന്നതുപോലെയാണു്, റോമിലെ വൈദികക്കോടതിയിൽ അത്ഭുതങ്ങളായ

(ശേഷം 9-ാംപേജിൽ)

# വിദ്യാഭ്യാസപ്രശ്നങ്ങൾ— അനന്തരകരണീയമെന്ത്?

## VI
## അദ്ധ്യാപകചുമതലകൾ

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

### (1) സന്മാതൃക

ഇനി അദ്ധ്യാപകർ വഹിക്കേണ്ട ഭാഗത്തെപ്പററി അല്പം പ്രതിപാദിക്കാം. ഒരു കത്തോലിക്കാ അദ്ധ്യാപകൻെറ പ്രഥമവും പ്രധാനവുമായ ചുമതല, വിദ്യാർത്ഥികൾക്കു സദാപി സന്മാതൃക കാണിച്ചുകൊടുക്കുക എന്നതാണ്. വെറും വിജ്ഞാനസമ്പാദനമല്ല. പിന്നെയോ വേണ്ടവിധം ജീവിക്കുന്നതിനുള്ള ഒരഭ്യസനമാണു വിദ്യാഭ്യാസം എന്ന പരമാർത്ഥം ഒരു കത്തോലിക്കാദ്ധ്യാപകൻ ഒരിക്കലും വിസ്മരിച്ചുകളയരുത്. വിജ്ഞാനപ്രദാനം പുസ്തകങ്ങൾകൊണ്ടും പത്ര



മാസികകൾ കൊണ്ടും സാധിക്കാം. ഗ്രാമഫോൺറിക്കാർഡുകൾക്കുകൂടി അതിൽ പങ്കുവഹിക്കാം. എന്നാൽ, മെഴുകുപോലെ മാർദ്ദവമായ യുവഹൃദയങ്ങളിൽ സത്യം നീതി, ദയ, പരസ്നേഹം, സമഭാവന, ദീനാനുകമ്പ, കൃത്യനിഷ്ഠ, സ്ഥിരോത്സാഹം, നിസ്സ്വാർത്ഥത ആദിയായ ഉൽകൃഷ്ടാദർശങ്ങളുടെ മുദ്രപതിക്കുന്നതിനു അദ്ധ്യാപകൻെറ വിശിഷ്ടമായ വ്യക്തിവിലാസത്തിനു മാത്രമേ സാധിക്കയുള്ളു. അദ്ധ്യാപകൻ ശിഷ്യഗണത്തിനൊരുത്തമ സുഹൃത്തും ഉപദേശകനും മാർഗ്ഗദർശിയുമാണെന്നു പറഞ്ഞിട്ടുള്ളതു് അലങ്കാരത്തിനുവേണ്ടിയുള്ള വെറും പദപ്രയോഗമല്ല, അർത്ഥവത്തായ ഒരു നിർവ്വചനം മാത്രമാണ്. ഒരുവിധം പറഞ്ഞാൽ, എരിഞ്ഞുകൊണ്ടൊരു ദിവ്യദീപ്തിതന്നെ വിതറുന്ന ഉജ്ജ്വലദീപമാണ് അദ്ധ്യാപകൻ; ആ ദീപത്തിൽനിന്നാണു വിദ്യാർത്ഥികൾ അവരുടെ ചെറുദീപങ്ങൾ കൊളുത്തിയെടുക്കുന്നതു്. അവരുടെ ചെറുചിന്തകളെ ഉന്നതങ്ങളിലേക്കു് ഉയർത്തിവിടുന്ന ഒരു അലൗകികശക്തിവിശേഷം അയാളുടെ നയനങ്ങളിൽ കുടികൊള്ളുന്നു. ഗുരുമുഖത്തു സ്ഫുരിക്കുന്ന ഓരോ വികാരവും, കളിയാടുന്ന ഓരോ ഭാവഭേദവും ശിഷ്യഹൃദയങ്ങളെ ഹഠാദാകർഷിക്കുന്നു. അയാളുടെ വാക്കിലും നോക്കിലും നടപ്പിലും ഇരിപ്പിലും പ്രത്യക്ഷപ്പെടുന്ന ഓരോ പ്രത്യേകതയും അനുകരിക്കുന്നതിനുള്ള വാസനയും ഉത്സാഹവും അവർക്കു സ്വാഭാവികമാണ്. ആകയാൽ, അദ്ധ്യാപകൻ ക്ലാസ്സിലും വിദ്യാലയപരിസരങ്ങളിലും സമുദായമദ്ധ്യത്തിലും സ്വന്തകുടുംബത്തിലും മാതൃകാദർശാത്മകമായ ഉൽകൃഷ്ടജീവിതം നയിക്കുന്നവനായിരിക്കണം. വിദ്യാലയത്തിൽ ഒരുവിധത്തിലും വീട്ടിൽ മറെറാരുതരത്തിലും പെരുമാറിയാൽ, ആ വ്യത്യാസം സൂക്ഷ്മദൃക്കുകളായ വിദ്യാർത്ഥികൾ ഉടനടി കണ്ടുപിടിക്കാതിരിക്കയില്ല. അങ്ങനെ വരുമ്പോൾ, അദ്ധ്യാപകൻെറ നേർക്കുള്ള അവരുടെ ഭക്ത്യാദരങ്ങൾ നഷ്ടമാവുകയുംചെയ്യും.

### (2) ശിക്ഷണനയചാതുര്യം

സന്മാതൃകകൊണ്ടുമാത്രം ബാലികാബാലന്മാരെ ആകമാനം നിരന്തരം നേർവഴിയിൽക്കൂടി നയിക്കുന്നതിനു സാദ്ധ്യമായെന്നുവരികയില്ല. ശിക്ഷാനടപടികൾകൂടി ആവശ്യമായി വന്നേക്കാം. Spare the rod and spoil the child, എന്നാണല്ലോ ഹെഥാചനം. "അടിയോളം നന്നല്ല അണ്ണൻ തമ്പി" എന്നും നാം പറയാറുണ്ട്. എന്നിരുന്നാലും ക്ലാസ്സിൽ ക്രമസമാധാനങ്ങൾ പാലിക്കുന്നതിലും കുട്ടികളെ സദ്വൃത്തരാക്കിത്തീർക്കുന്നതിലും, ബന്ധനത്തെക്കാൾ കൂടുതൽ ഭയക്കാം ശകാരത്തെക്കാൾ കൂടുതൽ സൗമനസ്യത്തിനും അധികാരത്തെക്കാൾ കൂടുതൽ അനുഭാവത്തിനുമാണു പ്രാധാന്യം കല്പിക്കേണ്ടതു്. അനുഭാവരഹിതമായ ശിക്ഷയും മൃഗീയമായ ഭീഷണിയും അതിരുകവിഞ്ഞുള്ള ശകാരവർഷവും വിപരീതഫലമേ ഉളവാക്കുകയുള്ളു നേരേമറിച്ചു, സന്ദർഭോചിതമായ സദുപദേശവും സ്നേഹസമന്വിതമായ തെററുതിരുത്തലും ബാലഹൃദയങ്ങളിൽ ഉളവാക്കുന്ന പരിവർത്തനം അത്ഭുതാവഹമായിരിക്കും. ക്രമീകൃതമായ പ്രവർത്തനസൗകര്യം, എന്തുവച്ചാൽ വേണ്ടതു വേണ്ടപ്പോൾ വേണ്ടവിധം ചെയ്യുന്നതിനുള്ള സ്വാധീനതയാണു് നമ്മുടെ ജന്മാവകാശമായ സ്വാതന്ത്ര്യമെന്നും; മററു തരത്തിൽ പ്രവർത്തിക്കുമ്പോൾ നാം നമ്മുടെ അധമാംശത്തിനും മൃഗീയവികാരങ്ങൾക്കും വിധേയരായി അടിമത്തത്തിൽ ചെന്നു വീഴുകയാണെന്നും വിദ്യാർത്ഥികളെ ശക്തിയുക്തം ഉൽബോധിപ്പിക്കണം. കൃത്യബോധംപോലെതന്നെ സമയബോധവും (Time sense) അവശ്യാവശ്യകമായ ഒരു സൽഗുണമത്രേ. നാം പാഴാക്കിക്കളയുന്ന ഓരോ നിമിഷവും "ഇങ്ങിനി വരാതവണ്ണം" നഷ്ടപ്പെട്ടുപോകുന്ന ഓരോ ജീവിതാംശമാണ്; നിത്യതയുടെ ആഴത്തിലേക്കു പൊഴിഞ്ഞുമാഞ്ഞുപോകുന്ന ഓരോ അമൂല്യരത്നമണിയാണ്. നാം മനസ്സറിയാതെതന്നെ

> "കാലത്തിലർദ്ധം നിശയായ് കഴിഞ്ഞുപോം,
> ബാലനായ്ത്തന്നെ കുറഞ്ഞൊരുകാലംപോം."

അങ്ങനെ ബഹുവിധേന, നാം മനസ്സറിഞ്ഞും അറിയാതെയും

> "കാലങ്ങൾ കഴിയുമ്പോൾ കാലനുമണഞ്ഞിടും,
> കാലൻെറ വരവിനു നാളേതെന്നറിയാമോ."

യുവജനങ്ങൾ പരിശീലിക്കേണ്ട മറെറാരു ഗുണമാണു സഹിഷ്ണുത. അതത്രെ സാമുദായികജീവിതവിജയത്തിൻെറ ആണിക്കല്ല്. സ്വാർത്ഥതയാണു അതിനെ അട്ടിമറിക്കുന്ന ദുർഗ്ഗുണം. ലോകമാസകലം ഇന്നു എരിപൊരികൊള്ളുന്ന ദുരന്തദുരിതങ്ങളുടെ നിദാനവും ഈ ദുർഗ്ഗുണം തന്നെയാണ്. സാമൂഹ്യജീവിതത്തിൽ അപരിമേയമായ സ്ഥാനമാഹാത്മ്യമുള്ള മറെറാരു ഗുണമത്രെ സഹൃദയത്വം. അന്യരുടെ മനോവികാരങ്ങളെ വ്രണപ്പെടുത്താതെ, അവർ നമ്മോടു ഏതുവിധം പെരുമാറണമെന്നു നാം ഇച്ഛിക്കുന്നുവോ അതേവിധം അവരോടും പെരുമാറുക, എന്നതാണു സഹൃദയത്വത്തിൻെറ കാതൽ. ഏവംവിധങ്ങളായ തത്വശകലങ്ങൾ വിവേകപൂർവ്വം വിദ്യാർത്ഥികൾക്കു് ഉപദേശിച്ചുകൊടുത്താൽ ക്ലാസ്സിലെ ക്രമപരിപാലനത്തിനു ബന്ധനനയം പ്രയോഗിക്കേണ്ടിവരികയില്ല, മിക്കവാറും.

ശിക്ഷണസംബന്ധമായ മറെറാരു പ്രധാനസംഗതികൂടി പ്രസ്താവിക്കേണ്ടതുണ്ട്. പരിഷ്കാരമെന്നു് ഉൽഘോഷിക്കപ്പെടുന്ന ഇക്കാലത്തു, നിഷ്കളങ്കരും ആപത്ശങ്കാസ്പർശിയുമായ വിദ്യാർത്ഥികളെ നാശഗർത്തത്തിലേക്കു വലിച്ചിഴക്കുന്ന ദുഷ്പ്രേരണകളും പ്രലോഭനങ്ങളും ഭയങ്കരമാംവണ്ണം വർദ്ധിച്ചുവശമായിരിക്കുന്നു. അവയിൽനിന്നു അപക്വമനസ്കരായ ആ സാധുക്കളെ അകററിനിർത്തുന്നതിനുള്ള ഗുരുതരമായ ചുമതല അദ്ധ്യാപകന്മാർക്കുണ്ടെന്നുള്ളതു നിസ്തർക്കമാണ്. അനവധിയും ബഹുവിധവുമായ ഈ നാരകീയവശീകരണങ്ങൾ പടർന്നുപിടിക്കാത്ത പ്രദേശമില്ല. ചൂതും വാതുമദ്യപാനവും ചീട്ടുകളിയുമെല്ലാം ആ വർഗ്ഗത്തിൽപെടുന്നു. എന്നാൽ അവയ്ക്കു് ആകമാനം "മുടിമുകുടം" ചാർത്തുന്നതു ചലച്ചിത്രമാണ്. കുഗ്രാമങ്ങളിൽപ്പോലും അതു സ്ഥലംപിടിച്ചുകഴിഞ്ഞിരിക്കുന്നു. സന്മാർഗ്ഗബോധം പാടേ എരിച്ചുകളയുന്ന ഈ പ്രളയപാവകൻെറ പുളച്ചുകയറുന്ന പെരുംപടർച്ചചിറകിൽ ശീലന്മാരെ സ്വബോധചിത്തരാക്കാതിരിക്കയില്ല. അഹോ കഷ്ടം! നിഷ്കപടരും നിർമ്മലമനസ്കരും പ്രതിഭാശാലികളും നൈസർഗ്ഗികഗുണസമ്പൂർണ്ണരും ശ്രേയസ്കരമായ സുവർണ്ണഭാവിയുള്ളവരുമായ എത്രയെത്ര യുവജനങ്ങളാണ് ബീഭത്സമൂർത്തിയായ സിനിമാപിശാചിൻെറ കരാളദംഷ്ട്രങ്ങളിൽപ്പെട്ടു നശിച്ചുപോകുന്നതു്!! ദരിദ്രലക്ഷങ്ങൾ നിറഞ്ഞ ഈ ഭാരതഭൂമിയിൽ എത്രകോടി പണവും എത്രയേറെ വ്യക്തിപ്രാഭവങ്ങളും നിസ്തുല കഴിവുകളുമാണു് ചലച്ചിത്രനിർമ്മാണത്തിനുവേണ്ടി മുടിച്ചുകളയുന്നതു! സിനിമാശാലകളിലേക്കു് അനുദിനം അനേകപ്രാവശ്യം തിക്കിത്തിരക്കി വീർപ്പുമുട്ടി ചവുട്ടിമെതിച്ചു ചെന്നുകൂടുന്ന വിചാരവിഹീനരായ ദരിദ്രനാരായണന്മാർക്കും വിഭ്രാന്തരായ വിദ്യാർത്ഥികൾക്കും കയ്യുംകണക്കുമുണ്ടോ! ഈ അടിയന്തിരഘട്ടത്തിൽ, അഭൂതപൂർവ്വമായ ഈ ആപൽസന്ധിയിലാണു്, അദ്ധ്യാപകവൃന്ദം അരയും തലയും മുറുക്കി മുന്നിട്ടുവരേണ്ടതു്. പ്രത്യേകിച്ചും കത്തോലിക്കാ അദ്ധ്യാപകരാണു് ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടതു്. തങ്ങളുടെ സർവ്വവിധ കഴിവുകളും പ്രയോഗിച്ചു് വിദ്യാർത്ഥിലോകത്തെ സിനിമായാകുന്ന സംഹാരാഗ്നിയിൽനിന്നു് മോചിക്കുന്നതിനു് അവർക്കുള്ള കടമ പരിപാവനവും അനുപേക്ഷണീയവുമാണ്. ഈ കാലഘട്ടത്തിൽ നാടിനും നാട്ടാർക്കുംവേണ്ടി അവർക്കു ചെയ്യാവുന്ന ഏററവും മികച്ച സേവനങ്ങളിൽ ഒന്നു അതായിരിക്കും, തീർച്ചതന്നെ.

വിജ്ഞാനപ്രദവും ദുഷ്പ്രേരണകൂടാതെ മാനസികോല്ലാസം പ്രദാനംചെയ്യുന്നതും ആദർശപരവും ആദരണീയവുമായ ചലച്ചിത്രങ്ങൾ ഉണ്ടാവില്ലെന്നു് എനിക്കു വാദമില്ല; ഇല്ലെങ്കിൽ അവ ഉണ്ടാക്കേണ്ടതാണെന്നുള്ളതിലും അഭിപ്രായാന്തരമില്ല. പക്ഷേ, അത്തരം ചിത്രങ്ങൾ ഇന്നു കൈവിരലുകളിന്മേൽ എണ്ണാവുന്നേടത്തോളമെങ്കിലും ഇല്ലെന്നുള്ള പരമാർത്ഥം സമ്മതിച്ചേ തീരൂ. അടുത്തകാലത്തെങ്ങും അവയുടെ എണ്ണം വർദ്ധിക്കുന്ന ലക്ഷണവും കാണുന്നില്ല. അഗ്നിനാളം ഈയൽപാററകളെ എന്നതുപോലെ ദുഷ്ടചിത്രങ്ങളാണ് സാധുജനങ്ങളെ ലക്ഷക്കണക്കിനു് വശീകരിക്കുന്നതു്. ലക്ഷങ്ങൾ സമ്പാദിക്കണമെന്നുമാത്രം മോഹമുള്ള സിനിമാപ്രവർത്തകന്മാർ അത്തരം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിക്കുന്നതിൻെറ കാരണവും അതുതന്നെയാണ്. അമേരിക്കയിലെ ജനങ്ങൾ ചെയ്തിട്ടുള്ളതുപോലെ ഒരു "സഭ്യസംരംഭം" (Decency Campaign) ആരംഭിക്കുന്നപക്ഷം ഈ ദുർമ്മോഹം കുറെയൊക്കെ തടയുവാൻ കഴിഞ്ഞേക്കും. പക്ഷേ അതിനു നേതൃത്വം വഹിക്കുവാൻ ഒരു കൂട്ടർ നമ്മുടെ നാട്ടിൽ വളരെ വിരളം; അത്രയ്ക്കു് അധഃപതിച്ചുപോയിരിക്കുന്നു ജനലക്ഷങ്ങളുടെ, എന്നല്ല ജനപ്രമാണികളുടേയും സന്മാർഗ്ഗബോധം. ദുഷിച്ച ചിത്രങ്ങളെയാണ് ഇക്കൂട്ടരും കൂടുതൽ സ്വാഗതംചെയ്യുന്നതു്. അതുകൊണ്ടാണ് വിദ്യാർത്ഥികളുടെ സിനിമാഭ്രമം കർശനമായി തടയേണ്ടതാണെന്നു് വാദിക്കുന്നതും. മാതാപിതാക്കന്മാരുടേയും സമുദായനേതാക്കന്മാരുടേയും അടിയന്തിരശ്രദ്ധകൂടി ഈ വിഷയത്തിൽ സവിശേഷം പതിഞ്ഞുകാണുവാനാഗ്രഹിക്കുന്നു. അങ്ങനെ, യുവജനഗുണകാംക്ഷികളേവരും ഒത്തൊരുമിച്ചു ഉത്സാഹഭരിതരായി യഥാകാലം ഉററുശ്രമിച്ചില്ലെങ്കിൽ ഭാവിതലമുറകളുടെ ഭാഗധേയം തികച്ചും ഇരുളടഞ്ഞതും പരിതാപകരവുമായിരിക്കും, ഒട്ടും സംശയമില്ല. അല്പമൊരു ഉണർവ്വു ചില ദിക്കിൽ കാണുന്നുണ്ട്; പക്ഷേ വളരെ ഇരുളും. ഊർജ്ജസ്വലവും സംഘടിതവുമായ പ്രവർത്തനം ഇനിയും അവശ്യാവശ്യകമായിട്ടാണിരിക്കുന്നതു്.

(തുടരും)

## വിനോദവീഥി

അമേരിക്കയിലെ കോടീശ്വരനായിരുന്ന റാക്കഫെല്ലർ ഒരു ഹോട്ടലിൽചെന്നു് താമസിക്കാൻ ഏററവും വാടകകുറഞ്ഞ ഒരു മുറി വേണമെന്നാവശ്യപ്പെട്ടു. അപ്പോൾ ഹോട്ടൽക്കാരൻ: "സാറിൻെറ മകൻ വരുമ്പോൾ ഏററവും വാടകകൂടിയ മുറിയിലാണല്ലോ താമസിക്കുന്നതു."

റാക്കഫെല്ലർ: "അതിനു കാരണം പറയാം. അവനു വളരെ സമ്പത്തുള്ള ഒരു പിതാവുണ്ട്. എനിക്കു് അങ്ങനെയൊരാളില്ല"

* * *

ചെപ്രവററു് സെക്രട്ടറിസ്ഥാനം അന്വേഷിച്ചുവന്ന യുവാവിനോടു് സൈന്യാധിപൻ പറഞ്ഞു: "നിനക്കു വേണമെങ്കിൽ നിയമിക്കാം. പക്ഷേ ഒരുകാര്യം നേരത്തെ പറഞ്ഞേക്കാം. എൻെറ ഒരു കണ്ണു കണ്ണാടിച്ചില്ലാണ്. ഒരു കാലു് മരംകൊണ്ടുവച്ചതും, ഒരു കൈ മെഴുകുമാണ്. കൂടാതെ കൃത്രിമപ്പല്ലുകളാണ് എനിക്കുള്ളതു്. ഇവയുടെ കാര്യമെല്ലാം നീ നോക്കേണ്ടിവരും."

യുവാവു്: "എനിക്കതിനൊന്നിനും പ്രയാസമുണ്ടാകയില്ല, സാർ. കഴിഞ്ഞ കൊല്ലം ഞാനൊരു മോട്ടോർ ഫാക്ടറിയിലാണു് ജോലിചെയ്തിരുന്നതു്."

* * *

ഗൃഹനായിക: "ഈ പട്ടണം മുഴുവനും ഇങ്ങനെ ചുററിനടന്നു ഭിക്ഷയാചിക്കുക ഭാരമല്ലേ?"

ഭിക്ഷു: "അതേ അമ്മേ, ഒരു കാറുണ്ടായാൽ കൊള്ളാമെന്നു് ഞാനാഗ്രഹിച്ചുതുടങ്ങിട്ടു് എത്ര നാളായെന്നോ!!!"

* * *

"പട്ടണത്തിലേക്കു് ഏററവും നല്ല ഹോട്ടൽ" എന്നു ബോർഡുവച്ചിരുന്ന ഒരു ഹോട്ടലിൽ അത്താഴം കഴിക്കാനായി ചെന്ന യാത്രക്കാരൻ മാനേജരെ ഒന്നു കാണണമെന്നാവശ്യപ്പെട്ടു. "മാനേജർ അടുത്ത ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ പോയിരിക്കയാണ്" എന്നായിരുന്നു അതിനുലഭിച്ച മറുപടി.

## പുന:സംസ്കരണം

"നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" എന്ന പ്രസിദ്ധഗ്രന്ഥത്തിൻെറ കർത്താവായ ഫാദർ ഗിബ്ബൺ അവർകളുടെ മൃതദേഹം സിമെത്തേരിയിൽനിന്നും എടുത്തു് അദ്ദേഹംതന്നെ പണിചെയ്യിച്ചിട്ടുള്ള പ്രാർത്ഥനാലയത്തിൽ സംസ്കരിച്ചിരിക്കുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

## യേശുനാഥസമക്ഷം

(ഹിന്ദി "നഗീനാ" എന്ന പടത്തിൽ "സി. എച്ച്. ആത്മാ" പാടിയ "ഏക്സിതാരാ" എന്ന ഗാനത്തിൻെറ മട്ടു്)

യേശുനാഥാ! ദയാകാരമേ!
യേശുനാഥാ! യേശുനാഥാ!
പാപപങ്കിലമീഭുവിനന്നിശം — പ്രാണനേകിയ നാഥാ!
—യേശുനാഥാ! ... ...

പാരിനു മംഗളദീപമതായി — ഘോരതരാന്ധ്യം അകററാനായി
നരാവലിക്കാസുരസുധയേകി — വാഴുക ദൈവകുമാരാ
—യേശുനാഥാ! ... ...

നോക്കുക നാഥാ! കൃപയാർന്നിവനെ — ആമരണം നിന്നാനെ
അരികിലെപ്പോഴും ചേർക്കപുത്രനെ — ഭവാർത്തി തീർത്തിടുവോനെ!
നമോസ്തുതേ! മഹേശാ! — നിരാമയാ! മഹിമാ! —യേശുനാഥാ! ... ...

—വറുഗീസ് ജെ. മാളിയേക്കൽ

Sathya Deepam

Vol. 25 Ernakulam September 26, 1951 No. 7

# വിവാഹിതൻ പുരോഹിതനോ?

(പി. ജെ. മാത്യു, കുടക്കച്ചിറ)

ഫാദർ ജോൺ അന്തിനാട്ട്. അസാധാരണനായ ഒരു വ്യക്തിയാണദ്ദേഹം. ഉദ്ദിഷ്ടസിദ്ധിക്കായി ഇത്രയധികം യാതനകൾ സഹിച്ചിട്ടുള്ളവർ ദുർലഭമാണ്. മുൾവിരിച്ച ജീവിതപ്പാതയിൽക്കൂടി—ഹൃദയം ചലിക്കാതെ—കാൽ ഇടറാതെ—അദ്ദേഹം മുമ്പോട്ടുനടന്നു. ക്ലേശങ്ങളുടെ—വേദനകളുടെ ഒരു ആകത്തുകയായിരുന്നു അദ്ദേഹത്തിന്റെ ഭൂതകാലജീവിതം. എങ്കിലും അവയുടെ നടുവിലും ഒരു വെള്ളിനക്ഷത്രം എന്നപോലെ അദ്ദേഹം പ്രസന്നനായിരുന്നു. ദൈവപരിപാലനയിലുള്ള അചഞ്ചലവിശ്വാസം—അവിടുത്തെ തിരുവിഷ്ടത്തോടുള്ള പരിപൂർണ്ണവിധേയത്വം—അതാണ് അദ്ദേഹത്തെ പൗരോഹിത്യത്തിലേക്കുയർത്തിയത്. സംഭവബഹുലമായ അദ്ദേഹത്തിന്റെ ഭൂതകാലചരിത്രത്തിലേക്ക് നമുക്കൊന്നെത്തിനോക്കാം.

നാല്പത്തിയൊന്നു വർഷങ്ങൾക്കുമുമ്പ്—1910 ഫെബ്രുവരി രണ്ടാംതിയതി അദ്ദേഹം ജാതനായി. കുടക്കച്ചിറ ഇടവകയിൽപ്പെട്ടതാണ് അന്തിനാട്ട കുടുംബം; മത്തായി, മറിയം—മാതാപിതാക്കൾ. തങ്ങളുടെ ദാമ്പത്യവാടിയിൽ പ്രഥമതഃ പുഷ്പിച്ചകുസുമമാണ് ജോണി. അവർ അവനെ താലോലിച്ചുവളർത്തി. ഈശ്വരഭക്തിയിലും അധികാരവിധേയത്വത്തിലും ശാന്തശീലനായ കുമാരൻ അനുദിനം വളർന്നുവന്നു. ഒരു പുരോഹിതനാകുവാൻ ജോൺ ആത്മാർത്ഥമായി അഭിലഷിച്ചു. പക്ഷെ സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ, തേർഡ്ഫോറം പാസ്സായ ജോൺ 1926 ജനുവരിയിൽ വിവാഹിതനായി. വിവാഹിതർ തുടർന്നു പഠിക്കുക എന്നത് അക്കാലത്ത് ദുഷ്കരവും ദുർവ്വഹവുമായിരുന്നു. അതിനാൽ കാർഷികവൃത്തി അവനെ സ്വാഗതംചെയ്തു. കരുത്തുള്ള ആ കരങ്ങൾ മണ്ണിനോടു മല്ലിടുവാൻ ശക്തങ്ങളായിരുന്നു. അങ്ങനെ മാതൃകായോഗ്യനായ ഒരു കർഷകനായി, ആദർശയോഗ്യനായ ഒരു ഭർത്താവായി അദ്ദേഹം ജീവിതം മുന്നോട്ടുനയിച്ചു. ഒൻപതു വർഷങ്ങൾക്കുശേഷം—1935 ഏപ്രിൽ 18-ാംതിയതി (മേടം 6) പ്രേമഭാജനം അദ്ദേഹത്തോട് അന്ത്യയാത്രചോദിച്ചു. ഹൃദയഭേദകമായിരുന്നു അദ്ദേഹത്തിന് ആ വേർപാട്. തുടർന്നു പത്തുമാസത്തോളം അദ്ദേഹം വീട്ടിൽത്തന്നെ കഴിച്ചുകൂട്ടി. മിക്കവാറും ഏകാന്തമായി കഴിച്ചിരുന്ന ആ സന്ദർഭങ്ങളിൽ ഭാവിയെപ്പറ്റി അദ്ദേഹം സാവധാനം ചിന്തിച്ചു, ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. യേശുനാഥന്റെ മുന്തിരിത്തോട്ടത്തിലെ ഒരു വിനീതവേലക്കാരനാകുവാൻ അന്തഃകരണം അദ്ദേഹത്തെ ഉപദേശിച്ചു. അത് അദ്ദേഹത്തെ കർത്തവ്യോന്മുഖനാക്കി. ഏറെത്താമസിയാതെ ജാഫ്നായിലേക്ക് അദ്ദേഹം യാത്രയായി. സ്കൂൾഫൈനൽ പരീക്ഷയെങ്കിലും പാസ്സാകാതെ ഒരു വൈദികനാകുക സാദ്ധ്യമല്ലെന്ന് അവിടെവച്ച് അദ്ദേഹം മനസ്സിലാക്കി. ഒൻപതുമാസങ്ങൾക്കുശേഷം തിരിച്ചുപോരുകയും കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ ഫോർത്തുഫോമിൽചേർന്ന് പഠനം തുടരുകയും ചെയ്തു.

പത്തും പതിനഞ്ചും വയസ്സുള്ള കുട്ടികളുടെ മദ്ധ്യത്തിൽ മുപ്പതോടടുത്ത ഒരു വല്യേട്ടൻ ചെന്നിരുന്നാൽ എന്തായിരിക്കാം അനുഭവം? പക്ഷെ തന്റെ ആഗ്രഹലബ്ധിക്കുവേണ്ടി ഏതു ത്യാഗവും പരിഹാസവും ശാന്തമായി സഹിക്കുവാൻ എ. എം. ജോൺ സന്നദ്ധനായിരുന്നു. ഫിഫ്ത്ത്ഫോറം പാസ്സായതിൻശേഷം മാന്നാനം ഹൈസ്കൂളിൽ ചേർന്ന് 1941-ൽ സ്കൂൾഫൈനൽ പരീക്ഷയും ജയിച്ചു.

അക്കൊല്ലം കുടുംബം വക കോതമംഗലത്തുള്ള എസ്റ്റേയിററിൽ താമസിച്ചുകൊണ്ടിരിക്കവെ സ്നേഹിതൻ മി. മാത്യു പീട്ടാപിള്ളിയുമൊരുമിച്ച മൂന്നാററിലേക്കു ഒരു വിനോദയാത്രയ്ക്കു പുറപ്പെട്ടു. ആ യാത്രാവേളയിൽ മി. മാത്യു അപകടത്തിൽപ്പെട്ടു മേടം 6-ാംതിയതി മൃതനായി. ആത്മസുഹൃത്തിന്റെ അകാലചരമം അദ്ദേഹത്തെ അതിവം പീഡിപ്പിച്ചു.

ദിവംഗതരായ ആ വന്ദ്യ പിതാക്കന്മാരുടെ—റൈററ് റവ. ഡോക്ടർ ജയിംസ് കാളാശ്ശേരി, റൈററ് റവ. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ—ആനുകൂല്യാതിരേകത്താൽ കാലതാമസമെന്യേ അദ്ദേഹത്തിന് തിരുവനന്തപുരം പെററി സെമ്മിനാരിയിൽ ചേരുന്നതിനു സാധിച്ചു.

ഒരു കൊല്ലം പൂർത്തിയായില്ല, 1942 ഏപ്രിൽ 17-ാംതിയതി (മേടം 6) അദ്ദേഹത്തിന്റെ സഹോദരൻ ആഗസ്തി മലയാററൂർ മലമുകളിൽവച്ച് അഗ്നിപാതത്താൽ ചരമമടഞ്ഞു. ശോകാത്മകമായ ഈ വാർത്താശ്രവണത്തിൽ തന്റെ ഹൃദയസ്പന്ദനം നിന്നുപോയോ എന്ന് അദ്ദേഹത്തിനുതോന്നി. എന്നാൽ ഏതിലും ദൈവേഷ്ടം മുഖ്യമായിക്കരുതിയിരുന്ന അദ്ദേഹം, ഭഗ്നാശയനായില്ല. അതേ, പീഡകൾ നിർലോഭം തന്റെ ഭക്തന്മാർക്കയക്കുന്ന പരാപരൻ അദ്ദേഹത്തേയും ഒന്നു പരീക്ഷിച്ചതായിരിക്കാം.

വിനാവിളംബം മദ്രാസ് മിഷനിലേക്ക് അദ്ദേഹം ആകർഷിക്കപ്പെട്ടു. 1943-ൽ പൂനമല്ലി സെമ്മിനാരിയിൽചേർന്ന് അദ്ദേഹം വൈദികപഠനം ആരംഭിച്ചു. "എല്ലാവരേയും രക്ഷിക്കുന്നതിനുവേണ്ടി എല്ലാവർക്കും എല്ലാവുമായി" അദ്ദേഹം ഏഴുവർഷം സെമ്മിനാരിയിൽ അനുകരണയോഗ്യനായ ഒരു വൈദികവിദ്യാർത്ഥിയായി ജീവിച്ചു. 1951 ഏപ്രിൽ 22-ാംതിയതി മദ്രാസ് മെത്രാപ്പോലീത്തായിൽനിന്നു് ഗുരുപ്പട്ടം സ്വീകരിക്കുകയും 23-ാംതിയതി നവപൂജ അർപ്പിക്കുകയുംചെയ്തു.

അന്ന് അദ്ദേഹത്തിന്റെ തിവ്രാഭിഷ്ടം സാധിതപ്രായമായി. അന്നു ത്യാഗസമ്പന്നനായ ഒരു വൈദികസത്തമനെ തിരുസഭയ്ക്കു ലഭിച്ചു. അന്നു ചൈതന്യം നിറഞ്ഞ ഒരു മിഷനറിയെ ഭാരതത്തിനു ലഭ്യമായി. അന്നു ദൈവപരിപാലനയുടെ നിഗൂഢമാർഗ്ഗം അദ്ദേഹത്തെ അറിയാവുന്നവർക്ക് ബോദ്ധ്യമായി.

വിവാഹിതൻ പൗരോഹിത്യത്തിലേക്കുയർത്തപ്പെടുന്നത് കേരളത്തിൽ, അല്ല ഭാരതത്തിൽ ഒരുപക്ഷെ ആദ്യത്തേതായിരിക്കാം. അതേ, അദ്ദേഹം സഹനത്തിന്റെ ഊടുവഴിയിൽക്കൂടി മനോവ്യഥയുടെ മരക്കുരിശും പേറി നിത്യപുരോഹിതന്റെ ബലിപീഠത്തിലേക്ക് യാത്ര ചെയ്തു. ത്യാഗസമ്പന്നനെ തന്റെ ദ്രാക്ഷാവാടിയിൽ ജോലിക്കായി രക്ഷകൻ ഹാർദ്ദമായി സ്വാഗതംചെയ്തു.

---

## ശാസ്ത്രവും മതവും

അടുത്തയവസരത്തിൽ എഡിൻബർഗിൽ സമ്മേളിച്ച ബ്രിട്ടിഷ് ശാസ്ത്രജ്ഞസംഘത്തിന്റെ 113-ാം വാർഷികയോഗത്തിൽ കത്തോലിക്കരും അകത്തോലിക്കരുമടങ്ങിയ അതിലെ അംഗങ്ങൾ, ആധുനികലോകത്തിൽ ശാസ്ത്രവും മതവിശ്വാസവും തമ്മിൽ ദൃഢബന്ധം പാലിക്കേണ്ടതിന്റെ അവശ്യകതയെ സ്പഷ്ടമാക്കുവാൻ ശ്രമിക്കുന്നതായിട്ടാണു കാണപ്പെട്ടത്. വിശ്വാസികളും ശാസ്ത്രജ്ഞന്മാരും തമ്മിൽ സംഘട്ടനം നടന്നുകൊണ്ടിരിക്കയാണെന്ന മതം അബദ്ധമാണെന്ന് അവർ പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഇതേവിഷയം സംബന്ധിച്ചുതന്നെ ആഗസ്റ്റ് 12-ാംനു- ഇംഗ്ലണ്ടിലെ സെന്റ് മേരീസ് കത്തീഡ്രൽ, സെന്റ് ഗൈൽസ് പ്രോട്ടസ്റ്റന്റ് കത്തീഡ്രൽ, എഡിൻബറോ ദേവാലയം ഇവിടെയെല്ലാം ഗംഭീരമായ പ്രസംഗങ്ങൾ നടത്തപ്പെട്ടു. സംഘത്തിന്റെ ഇക്കൊല്ലത്തെ പ്രസിഡണ്ടായ ഡ്യൂക് ഓഫ് എഡിൻബറോ സമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "മനുഷ്യസമുദായത്തിന്റെ ഉന്നമനത്തിനുവേണ്ടിയാണ് ശാസ്ത്രം നിലകൊള്ളുന്നതെന്നു ആരും സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ മനുഷ്യൻ ഭൂമുഖത്തു് അവശേഷിക്കുന്നില്ലെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണീശാസ്ത്രം?" തുടർന്നു പ്രസംഗിച്ച ഫാ. ഹാമിൽടൺ ഇപ്രകാരമൊരു ഉദ്ബോധനം നല്കി: ശാസ്ത്രത്തിന്റെയും വിജ്ഞാനത്തിന്റെയും പുരോഗമനത്തിന്റെയും പുറകെ പായുന്ന മനുഷ്യൻ അവന്റെ അന്തിമലക്ഷ്യം—ദൈവത്തെ അറിയുക, സ്നേഹിക്കുക, സേവിക്കുക—എന്ന പരമപ്രധാനമായ ഉദ്ദേശ്യം — വിസ്മരിക്കാതിരിക്കട്ടെ.

മറെറാരു പ്രാസംഗികനായ വിസ്കൗണ്ട സാമുവൽ തന്റെ സുദീർഘമായ പ്രസംഗം ഇപ്രകാരം ഉപസംഹരിച്ചു: പത്തൊമ്പതാംനൂററാണ്ടിൽ ശാസ്ത്രം നിരീശ്വരപരമായിരുന്നു. എന്നാലിന്നു് റഷ്യ കാരൊഴിച്ച് മററാരുംതന്നെ തങ്ങളുടെ തത്വശാസ്ത്രം ഭൗതികത്വത്തിൽ അടിയുറപ്പിക്കുന്നില്ല. മററുരാഷ്ട്രത്തെയും കാൾ ഔന്നത്യമഭിനയിക്കുന്ന റഷ്യ, സാമ്പത്തികവും താത്വികവുമായ കാര്യങ്ങളിൽ അപ്രമാദിത്വം അവകാശപ്പെടുന്ന റഷ്യ, വാസ്തവത്തിൽ നൂറു സംവത്സരങ്ങൾക്കു പിന്നിൽ, മാർക്സ്യൻ അന്തരീക്ഷത്തിൽ, ഇന്നും കഴിഞ്ഞുകൂടുകയാണു ചെയ്യുന്നതു്. പരിഷ്കൃതലോകം അക്കാലങ്ങളിൽനിന്നും എത്രയേറെ ഇന്നു് പുരോഗമിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്നത്തെ ശാസ്ത്രജ്ഞൻ മററാരെയുംപോലെ ആദ്ധ്യാത്മികമൂല്യങ്ങളിൽ തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുകയാണ്.

പ്രഫസർ ഡൊനാൾഡ് എം. ബെയിലി തന്റെ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തി: ശാസ്ത്രീയ സിദ്ധാന്തങ്ങളും ക്രിസ്തീയ തത്വങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടാവാനിടയുണ്ട് എന്നതിനെപ്പററി ഇന്നു് ആരുംതന്നെ അത്ര ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നില്ല. ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള മത്സരം ഇന്നു് ഓരോ വ്യക്തികളിൽ നടക്കുന്ന ആന്തരികസമരമായി പരിണമിച്ചിരിക്കയാണ്. ചിലർ മനശ്ശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളെ മതത്തിനെതിരായി ഉയർത്തിക്കാണിക്കുകയും അവയെ നാശോന്മുഖമായ മാർഗ്ഗങ്ങളിലൂടെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ശാസ്ത്രീയവിജ്ഞാനത്തെ മാമ്പിടിച്ചുകൊണ്ട് ദൈവത്തേയും മതത്തേയും നിരാകരിക്കുവാൻവ്യഗ്രതപ്രദർശിപ്പിക്കുന്നു ചിലർ. എന്നാൽ ഈ നിരാകരണം ഒരൊഴിഞ്ഞുമാറൽ, യാഥാർത്ഥ്യത്തിൽനിന്നും ഓടിയകലുവാനുള്ള ഒരു പരിശ്രമം, മാത്രമായിട്ടേ പരിഗണിക്കുവാൻ പാടുള്ളു. നിരീശ്വരവാദികൾ അവരുടെ വാദമുഖങ്ങളെ ഒന്നുപഗ്രഥിച്ചുപരിശോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിശ്വാസത്തിനു ക്ഷയം തട്ടിയാൽ ശാസ്ത്രവും നാമാവശേഷമാകുമെന്നതു് സ്പഷ്ടമത്രെ. നമ്മുടെ ഉദ്ദേശങ്ങളെല്ലാം ഭൗതികതാല്പര്യങ്ങളിൽ മാത്രം തങ്ങിനില്ക്കുന്നവയാണെങ്കിൽ, പ്രകൃത്യതീതമായ മറെറാന്നിൽ അധിഷ്ഠിതമല്ലെങ്കിൽ, ശാസ്ത്രം നമ്മുടെ കരങ്ങളിൽ ഒരു കൊലയായുധമായി പരിണമിക്കുന്നതാണ്. ധർമ്മബോധവും സന്മാർഗ്ഗനിഷ്ഠയുമില്ലാത്തവരുടെ കരങ്ങളിൽ ശാസ്ത്രം ആയുധമായിത്തീർന്നാൽ ഭാവി എത്ര ഭയാനകമായിരിക്കുമെന്നോർത്ത് നാമിന്നു ഭയപ്പെട്ടു വിറച്ചുകൊണ്ടിരിക്കയാണ് വാസ്തവത്തിൽ. എന്നാൽ അങ്ങനെ സംഭവിക്കാനിടവരുന്നപക്ഷം അന്നു് ശാസ്ത്രംതന്നെയും നിഷ്പ്രഭമായിത്തീരുമെന്നൊരാശ്വാസമുണ്ട്. അതിനാൽ, ശാസ്ത്രത്തിന്റെ പുരോഗതിക്കത്യന്താപേക്ഷിതമായിട്ടുള്ളതു് വിനയം, നിസ്വാർത്ഥത, സഹിഷ്ണുത, നിഷ്പക്ഷത എന്നി ക്രിസ്തീയസൽഗുണങ്ങളുടെ വളർച്ചയാണ്.

---

**In an outdoor cafe** in Prague' a Russian officer walked over to a table occupied by a group of Czechs and asked in a very polite tone: "Gentlemen, may I have this chair, please?"

"You took our whole country without asking," replied one of the Czechs, "so why quibble about a chair?"

* * *

From behind the Iron Curtain:

After waiting in line in front of a "people's store" for a long time, a Soviet citizen finally reached the counter and started to read from his shopping list. "Do you have any coats?" he began.

"Sorry," the clerk replied, "there aren't any."

"Then do you have any shirts?"

"We're out of shirts too."

"Do you have any socks left? I need some very badly," asked the would-be customer.

"They're all gone too," shouted the clerk. "and don't bother me any more. This is a store—not an information bureau!"

—The Pathfinder, July 25, 1951.

